# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VI
## (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം
## (EDUCATION)

## ആനുകാലിക റിപ്പോർട്ട്
**(2018 മാർച്ച് 31 വരെയുള്ളത്)**

## (PERIODICAL REPORT AS ON 31$^{ST}$ MARCH, 2018)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

(Under Rule 239(1) of the Rule of Procedure and Conduct of Business in the Kerala Legislative Assembly)

**2018 ജൂൺ 19-ാം തീയതി സമർപ്പിച്ചത്**
**(Presented 19th June, 2018)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VI

# (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം

## (EDUCATION)

## ആനുകാലിക റിപ്പോർട്ട്

(2018 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2018)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

(Under Rule 239(1) of the Rule of Procedure and Conduct of Business in the Kerala Legislative Assembly)

1060/2018.

ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 30 |

# സബ്ജക്ട് കമ്മിറ്റി VI

## (വിദ്യാഭ്യാസം)

## (2016-2018)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

പ്രൊഫ. സി. രവീന്ദ്രനാഥ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

ശ്രീ. എ. സി. മൊയ്തീൻ,
വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി

<u>അംഗങ്ങൾ</u>:

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. ആർ. രാജേഷ്

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എം. സ്വരാജ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI -ന്റെ 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

സമിതി 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെ സമിതി 14 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 4 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്ക് വേണ്ടിയും ഒരു യോഗം 2017-ലെ മലയാളഭാഷ (നിർബന്ധിതഭാഷ) ബിൽ പരിഗണിക്കുന്നതിനും 9 യോഗങ്ങൾ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ., ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, എന്നിവയുടെ പരിഗണനയ്ക്ക് വേണ്ടിയും നിയമസഭാ ചട്ടം 235 (1) (iii) പ്രകാരമുള്ള ചർച്ചയ്ക്ക് വേണ്ടിയും ആയിരുന്നു. യോഗത്തിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർ നില 45.5 ശതമാനമായിരുന്നു.

മൂന്ന് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്, 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2017-ലെ മലയാളഭാഷ (നിർബന്ധിതഭാഷ) ബിൽ, 2017 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് എന്നിവ സംബന്ധിച്ച വിവരങ്ങളും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച യോഗങ്ങളുടെ വിശദാംശവും അദ്ധ്യായം ഒന്നിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചട്ടം 236 (5) പ്രകാരമുള്ള കാലതാമസ പത്രികകൾ, ചട്ടം 236 (6) പ്രകാരമുള്ള വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ, സമിതി പരിശോധിച്ച കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. എന്നിവ രണ്ടാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചട്ടം 236 (5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ശേഷം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും സമിതിയുടെ വിവിധ റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും അദ്ധ്യായം മൂന്നിൽ ഉൾപ്പെടുത്തിയിരിക്കുന്നു. യോഗ നടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2018 ജൂൺ 7-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പ്രൊഫ. സി. രവീന്ദ്രനാഥ്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട്കമ്മിറ്റി VI.*

തിരുവനന്തപുരം,
2018 ജൂൺ 7.

# റിപ്പോർട്ട്

## അദ്ധ്യായം I

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് 19-4-2017-ലെ യോഗത്തിൽ അംഗീകരിക്കുകയും 25-4-2017-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 17-5-2017-ലെ സമിതിയോഗം അംഗീകരിക്കുകയും 23-5-2017-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

17-5-2017-ലെ യോഗത്തിൽ 2017 -ലെ മലയാളഭാഷ (നിർബന്ധിത ഭാഷ) ബിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും 2017-ലെ മലയാളഭാഷ (നിർബന്ധിതഭാഷ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 2017 മേയ് 19-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള കരട് പീരിയോഡിക്കൽ റിപ്പോർട്ട് 21-6-2017-ലെ സമിതിയോഗം അംഗീകരിക്കുകയും 7-8-2017-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച യോഗം 12-2-2018, 16-2-2018 എന്നീ തീയതികളിൽ ചേരുകയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്നിവ സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XVII-ന്റെ കീഴിലുള്ള ശീർഷകങ്ങളിന്മേൽ സൂക്ഷ്മപരിശോധന നടത്തുകയും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ (2018-19) കരട് 20-2-2018-ലെ യോഗത്തിൽ അംഗീകരിക്കുകയും 26-2-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1) (iii) പ്രകാരം ചർച്ച ചെയ്ത് തയ്യാറാക്കിയ "സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം" എന്ന വിഷയത്തിൻമേൽ തയ്യാറാക്കിയ കരട് റിപ്പോർട്ട് 28-3-2018 -ലെ യോഗത്തിൽ സമിതി അംഗീകരിച്ചു

1060/2018.

അദ്ധ്യായം -II

## (a) ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

### ധനാഭ്യർത്ഥന നമ്പർ XVII-വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

| ക്രമ നമ്പർ | വകുപ്പ് | സാമ്പത്തിക വർഷം | റഫറൻസ് നമ്പർ | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | പൊതുഭരണ സർവ്വീസസ് (ഡി) | 2016-17 | 12-5-2017-ലെ എസ്.ഡി.1/71/2017/പൊ.ഭ.വ. നമ്പർ കത്ത് | 22-8-2017 |
| 2 | ഉന്നത വിദ്യാഭ്യാസം | 2015-16 | 13-6-2017-ലെ പി1/387/2016/ഉ.വി.വ. നമ്പർ കത്ത് | 22-8-2017 |
| 3 | ഉന്നത വിദ്യാഭ്യാസം | 2012-13 | 29-12-2017-ലെ പി1/498/2016/ഉ.വി.വ. (1) നമ്പർ കത്ത് | 6-2-2018 |
| 4 | ഉന്നത വിദ്യാഭ്യാസം | 2013-14 | 29-12-2017-ലെ പി1/498/2016/ഉ.വി.വ. (2) നമ്പർ കത്ത് | 6-2-2018 |
| 5 | ഉന്നത വിദ്യാഭ്യാസം | 2014-15 | 29-12-2017-ലെ പി1/498/2016/ഉ.വി.വ (3) നമ്പർ കത്ത് | 6-2-2018 |

## (b) ചട്ടം 236 (5) പ്രകാരം സഭയിൽ സമർപ്പിച്ച കാലതാമസപത്രികകൾ

| റിപ്പോർട്ട് | ഖണ്ഡികകൾ | സഭയുടെ മേശപ്പുറത്ത് വച്ച തീയതി |
|---|---|---|
| 2014-15 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് | 44 | 23-5-2017 |

| | | |
|---|---|---|
| 2015-16 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് | 33, 34 | 23-5-2017 |
| | 32, 42, 43, 52, 57, 59 | 23-8-2017 |
| | 22, 26, 28, 30, 40, 60, 81, 82, 83 | 6-2-2018 |
| 2016-17 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് | 12, 17, 18, 20, 21, 24, 26, 27, 28, 29, 30, 32, 33, 34, 35, 73, 74, 75 | 23-8-2017 |
| | 1-11, 19, 20, 21, 24, 25, 30, 31 | 6-2-2018 |

<u>ചട്ടങ്ങളുടെ പരിശോധന</u>

1. 2-8-2017-ലെ യോഗത്തിൽ സമിതി ദി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻസ് (കേരള) സൊസൈറ്റി ജനറൽ ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 2017 പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

2. 9-8-2017-ലെ യോഗത്തിൽ 50 വയസ്സ് തികഞ്ഞ ഗവ. ഹൈസ്കൂൾ അദ്ധ്യാപകർക്ക് എച്ച്.എം. പ്രമോഷൻ ലഭിക്കുന്നതിന് K.E.R.-ഉം ഡിപ്പാർട്ട്മെന്റൽ ടെസ്റ്റും പാസ്സാകണമെന്ന നിബന്ധന ഒഴിവാക്കുന്നത് സംബന്ധിച്ച The Special Rules for the Kerala General Education Service (Amendment) 2017 എന്ന കരട് ചട്ടത്തിലെ ഭേദഗതി സ്വീകരിക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചു.

3. 27-9-2017-ലെ യോഗത്തിൽ ദി കേരള എഡ്യുക്കേഷൻ (അമെന്റ്മെന്റ്) റൂൾസ് 2017-ന്റെ (കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം XIVA, ചട്ടം 44A-ൽ ഭേദഗതി കൊണ്ടുവരുന്നത് സംബന്ധിച്ച്) കരട് പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>S.R.O. കളുടെ പരിശോധന</u>

16-8-2017-ലെ യോഗത്തിൽ The Kerala Education (Amendment) Rules, 2017 എന്ന എസ്.ആർ.ഒ. നമ്പർ 752/2016 പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

അദ്ധ്യായം - III

## ചട്ടം 236 (5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ശേഷം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ

17-5-2017-ലെ സമിതി യോഗത്തിൽ പരിഗണിച്ചവ

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-15)
(ഫയൽ നമ്പർ 3471/സബ്.സി.ഇ.1/2014/നി.സെ.)

ശിപാർശ (ഖണ്ഡിക 44)

എൻ.സി.സി. കേഡറ്റുകളുടെ ലഘുഭക്ഷണ അലവൻസ് 25-10-2012 മുതൽ 2 രൂപയിൽ നിന്നും 15 രൂപയായി ഉയർത്തിയതിനാൽ 2204-00-102-99 എന്ന ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പദ്ധതിയേതര വിഹിതത്തിൽ 508.12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിൽ എൻ.സി.സി. ക്യാമ്പും അനുബന്ധ ചെലവുകൾക്കുമായി 15 കോടി രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. എൻ.സി.സി. കേഡറ്റുകളുടെ ലഘുഭക്ഷണ അലവൻസ് ചെലവിലേക്ക് വേണ്ട തുക ക്യാമ്പുകളുടെ എണ്ണം കുറച്ചുകൊണ്ട് കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എ 2/1/2017/ഉ.വി.വ. തീയതി 3-4-2017)

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16)
(ഫയൽ നമ്പർ 3412/സബ്.സി.ഇ.1/2015/നി.സെ.)

ശിപാർശ (ഖണ്ഡിക 33)

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് ലൈബ്രറി ഗ്രാന്റ്, ലൈബ്രറി അലവൻസ്, രാജാറാം മോഹൻറോയ് ലൈബ്രറി ഫൗണ്ടേഷൻ റീഇംബേഴ്സ്മെന്റ് തുക എന്നിവ നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ പദ്ധതി ഇനത്തിൽ 38 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 24.85 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനം നേരിടുന്ന രൂക്ഷമായ സാമ്പത്തികവിഭവ കമ്മിമൂലം കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക ഈ ശീർഷകത്തിൽ അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എ 2/35/2017/ഉ.വി.വ. തീയതി 5-4-2017)

21-6-2017 -ലെ സമിതി യോഗത്തിൽ പരിഗണിച്ചവ

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2016-17)

(ഫയൽ നമ്പർ 5078/സബ്.സി.ഇ.1/2016/നി.സെ.)

ശിപാർശ (ഖണ്ഡിക 73)

പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ കേരളോത്സവം സംഘടിപ്പിക്കുന്നതിന് നിലവിൽ ലഭിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത തുക യഥാക്രമം രൂപ 25,000, രൂപ 50,000 വീതം വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2204-00-98-36-(Non-salary) ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷം കേരളോത്സവം പദ്ധതി സംഘടിപ്പിക്കുന്നതിന് 4.20 കോടി രൂപ യുവജനക്ഷേമ ബോർഡിന് അനുവദിച്ചിരുന്നു. കേരളോത്സവം പദ്ധതിക്ക് 4.20 കോടി രൂപയിൽ നിന്നും 8 കോടി രൂപയായി ഉയർത്തുന്നതിനായി ഉപധനാഭ്യർത്ഥന പ്രകാരം ടി ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളോത്സവം പദ്ധതിയ്ക്ക് അധിക തുക വകയിരുത്തുന്നതിനായി 3.8 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിനോട് ആവശ്യപ്പെട്ടിരുന്നു. 2016-ലെ കേരളോത്സവത്തിന്റെ വിവിധ തലങ്ങളിലെ മത്സരങ്ങൾ ഡിസംബർ മാസത്തോടുകൂടി അവസാനിച്ചതിനാൽ 2016-17 സാമ്പത്തിക വർഷം അധിക തുക കേരളോത്സവത്തിന് ആവശ്യമില്ലായെന്ന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറി അറിയിച്ചിരുന്നതിനാൽ ടി തുക അനുവദിച്ചില്ല.

ശിപാർശ (ഖണ്ഡിക 74)

ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവുകൾ, പി.ഒ.എൽ. എന്നിവയ്ക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവുകൾ, പി.ഒ.എൽ. എന്നിവയ്ക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തതിന്മേൽ 200 ലക്ഷം (2 കോടി രൂപ) 2204-00-103-98-36 ശീർഷകത്തിൽ നിന്നും വകമാറ്റി ചെലവഴിക്കുന്നതിന് ധനവകുപ്പ് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ജീവനക്കാർക്ക് നൽകാനുള്ള കുടിശ്ശിക വേതനം ടി.പി. അക്കൗണ്ടിൽ അവശേഷിക്കുന്ന 2 കോടി രൂപയിൽ നിന്നും ചെലവഴിക്കുന്നതിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് നിർദ്ദേശം നൽകിയിരുന്നു. ശമ്പള ഇനത്തിലും പദ്ധതിയേതരയിനത്തിലുമായി 1,85,32,587 രൂപ ചെലവഴിച്ചതായും ബോർഡ് അറിയിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 75)

ശമ്പള പരിഷ്കരണംമൂലമുണ്ടായ അധിക ചെലവിലേക്കായി പദ്ധതിയേതരയിനത്തിൽ 22.176 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശമ്പള പരിഷ്കരണംമൂലമുണ്ടായ അധിക ചെലവിലേക്കായി 20-3-2017 തീയതിയിലെ സ.ഉ. (സാധാ.) നമ്പർ 2245/2017 ധന. നമ്പർ ഉത്തരവ് പ്രകാരം പദ്ധതിയേതരയിനത്തിൽ 22,18,000 രൂപ 2204-00-103-68-31 NP എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 27-3-2017 തീയതിയിലെ സ.ഉ. (സാധാ.) നമ്പർ 74/2017/കാ.യു.വ. നമ്പർ ഉത്തരവ് പ്രകാരം റിലീസ് ചെയ്ത് യുവജന കമ്മീഷന് നൽകിയിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നമ്പർ 18-5-2017-ലെ 346/ബി2/2016 കാ.യു.വ. നമ്പർ കത്ത്)

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16) (ഫയൽ നമ്പർ 3412/സബ്.സി.ഇ.1/2015/നി.സെ.)

ശിപാർശ (ഖണ്ഡിക 32)

എൻ.സി.സി. ഓഫീസ് കെട്ടിടങ്ങളുടെ വാടക പുതുക്കി നിശ്ചയിച്ചതിനാൽ ഇതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. അതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 35 ലക്ഷം രൂപ അധികമായി അനുവദിക്കണം.

സ്വീകരിച്ച നടപടി

രൂക്ഷമായ വിഭവ കമ്മിമൂലം എൻ.സി.സി. വകുപ്പിന് ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 26-2-2017-ലെ ജി.ഒ. (ആർ.റ്റി.) 1571/2017/ഫിൻ. പ്രകാരം 60,00,000 രൂപയും 29-3-2017 ലെ ജി.ഒ. (ആർ.റ്റി.) 2821/2017/ഫിൻ പ്രകാരം 13,00,000 രൂപയും വകമാറ്റി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 17-5-2017-ലെ എ 2/37/2017/ഉ.വി.വ. നമ്പർ കത്ത്)

ശിപാർശ (ഖണ്ഡിക 34)

നാഷണൽ സർവ്വീസ് സ്കീമിലെ വോളന്റിയർമാരുടെ എണ്ണമനുസരിച്ച് ഗ്രാന്റ്-ഇൻ-എയ്ഡ് ഫണ്ട് വിതരണം ചെയ്യുന്നതിനും പ്രത്യേക ക്യാമ്പിംഗ് പരിപാടികൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2204-00-102-98,97, 96, 95, 94, 93, 92, 91, 89, 88, 87, 86, 84, 83, 82 എന്നീ പദ്ധതിയേതര ശീർഷകത്തിൽ 2.74 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നാഷണൽ സർവ്വീസ് സ്കീമിനെ 2016-17 മുതൽ 100% CSS-ൽ ഉൾപ്പെടുത്തിയതിനാൽ പദ്ധതിയേതര ശീർഷകത്തിൽ അധിക തുക അനുവദിക്കുവാൻ കഴിയില്ല.

(സർക്കാർ കത്ത് നമ്പർ 16-5-2017-ലെ എ 1/151/2016/ഉ.വി.വ. നമ്പർ കത്ത്)

ശിപാർശ (ഖണ്ഡിക 42)

140 വർഷം പഴക്കമുള്ള തിരുവനന്തപുരം ലോ കോളേജിൽ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനായി ഈ ശീർഷകത്തിൽ പദ്ധതി ഇനത്തിൽ 1.35 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

140 വർഷം പഴക്കമുള്ള തിരുവനന്തപുരം ലാ കോളേജിൽ നിലവിൽ വിദ്യാർത്ഥികളുടെ കലാ സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുന്നതിനോ സർഗ്ഗ-വാസനകൾ പരിപോഷിപ്പിക്കുന്നതിനോ ഒരു ആഡിറ്റോറിയം നിലവിലില്ല. 800 -ഓളം വിദ്യാർത്ഥികൾക്ക് ഇരിപ്പിടവും ആധുനിക സംവിധാനങ്ങളുള്ള ആഡിറ്റോറിയം നിർമ്മിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം തിരുവനന്തപുരം ലാ കോളേജ് പ്രിൻസിപ്പാൾ ലഭ്യമാക്കിയെങ്കിലും നിലവിലെ സാമ്പത്തിക പ്രതിസന്ധിയും നോട്ട് ക്ഷാമവും, എക്സൈസ് വരുമാനത്തിലെ ഇടിവും കണക്കിലെടുത്ത് അധിക തുക അനുവദിച്ച് നൽകിയിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 43)</u>

കോഴിക്കോട് ലാ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 19 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 10 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കോഴിക്കോട് ലോ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ 19 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 10 ലക്ഷം രൂപയും അധികമായി അനുവദിക്കുന്നതിനായി അലോട്ട്മെന്റുകൾ കോഴിക്കോട് ഗവ ലോ കോളേജിന് സാമ്പത്തിക പ്രതിസന്ധി കാരണം അനുവദിച്ചു നൽകിയിട്ടില്ല

<u>ശിപാർശ (ഖണ്ഡിക 52)</u>

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ റിസർച്ച്, കരിക്കുലം ഡെവലപ്മെന്റ്, ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഉന്നത വിദ്യാഭ്യാസ കൗൺസിലിന് റിസർച്ച്, കരിക്കുലം ഡെവലപ്മെന്റ്, ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് എന്നീ പദ്ധതികൾക്ക് അഞ്ച് കോടി രൂപയോ 2015-16-ലെ ബഡ്ജറ്റ് വിഹിതമായ 12.50 കോടി രൂപയോ പ്രസ്തുത സാമ്പത്തിക വർഷത്തെ പ്രതികൂല സാമ്പത്തിക സ്ഥിതി കാരണം കൗൺസിലിന് അനുവദിച്ച് നൽകാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക 57)</u>

വിവിധ സർക്കാർ ലാ കോളേജുകൾ ഉൾപ്പെടെ വിവിധ കോളേജുകളുടെ ഹോസ്റ്റൽ നിർമ്മാണത്തിനും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പല പണികൾക്കുമായി ബഡ്ജറ്റിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

തിരുവനന്തപുരം ഗവ. ലോ കോളേജിൽ പ്രവേശനം നേടുന്നവരിൽ 60% ത്തോളം വിദ്യാർത്ഥിനികളായതിനാലും പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ കോളേജിൽ പ്രവേശനം നേടിയ ഈ വിദ്യാർത്ഥിനികൾ വിദൂര സ്ഥലങ്ങളിൽ നിന്നുള്ളവരായതിനാലും ഇവർക്ക് ഹോസ്റ്റൽ സേവനം അത്യാവശ്യമാണ്. പ്രസ്തുത കെട്ടിടങ്ങൾ അടിയന്തരമായി നവീകരിക്കുന്നതിന് 50 ലക്ഷം രൂപ അനുവദിക്കണമെന്ന നിർദ്ദേശം തിരുവനന്തപുരം ഗവ. ലോ കോളേജ് പ്രിൻസിപ്പാൾ ലഭ്യമാക്കിയെങ്കിലും നിലവിലെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് അധിക തുക അനുവദിച്ചിട്ടില്ല.

എറണാകുളം ഗവ. ലോ കോളേജിന് ഹോസ്റ്റൽ നിർമ്മാണത്തിന് അധിക തുക ആവശ്യമില്ല. ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾക്ക് ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ട്. തൃശ്ശൂർ ഗവ. ലോ കോളേജും കോഴിക്കോട് ഗവ. ലോ കോളേജും ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും നൽകിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 15-5-2017-ലെ സി2/300/2016/ഉ.വി.വ.)

3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്(2016-17) (ഫയൽ നമ്പർ 5078/സബ്.സി.ഇ.1/2016/നി.സെ.)

<u>ശിപാർശ (ഖണ്ഡിക 12)</u>

പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷനു വേണ്ടിയുള്ള പ്രവേശന പരീക്ഷാ കമ്മീഷണറേറ്റിന് ഓഫീസ് ചെലവ്, വാടക, കരം, നികുതി എന്നിവയുടെ കുടിശ്ശിക തീർക്കുന്നതിനായി 47.26 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2016-17-ൽ "2202-03-001-95-06-RRT, വാടക, കരം, നികുതി" എന്ന ശീർഷകത്തിൽ 44.30 ലക്ഷം രൂപയും "2202-03-001-95-05-01 വെള്ളക്കരം" എന്ന ശീർഷകത്തിൽ 2,82,000 രൂപയും ഉൾപ്പെടെ 47.12 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക പൂർണ്ണമായും വിനിയോഗിച്ചു.

(സർക്കാർ കത്ത് നമ്പർ 18-5-2017-ലെ ജി2/195/2017/ഉ.വി.വ.)

<u>ശിപാർശ (ഖണ്ഡിക 19)</u>

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച്, പൊന്നാനി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, കണ്ണൂർ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, മൂന്നാർ, കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി, കോഴിക്കോട് എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ബഡ്ജറ്റ് വിഹിതത്തിനു പുറമേ 931 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 12-6-2017-ലെ എൽ1/87/2017/ഉ.വി.വ.)

<u>ശിപാർശ (ഖണ്ഡിക 20)</u>

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ലൈബ്രറികൾ നവീകരിക്കുക, ഡിജിറ്റലൈസ് ചെയ്യുക എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2016-17 വർഷത്തെ ചെലവ് ബഡ്ജറ്റ് വിഹിതമായ 250 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തുവാൻ കഴിയുന്നതിനാൽ ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം അധിക തുക ആവശ്യമായി വരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 18-5-2017-ലെ ജെ2/195/2017/ഉ.വി.വ.)

<u>സ്വീകരിച്ച നടപടി</u>

ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ ഇനി 2 മാസം മാത്രമുള്ളതിനാൽ അധികം ആവശ്യപ്പെട്ട തുക അടുത്ത സാമ്പത്തിക വർഷത്തിലേ ചെലവാക്കേണ്ടതായി വരുന്നുള്ളൂ. ഈ വർഷത്തെ ചെലവ് ബഡ്ജറ്റ് വിഹിതമായ 250 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തുവാൻ കഴിയുന്നതിനാൽ ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം അധിക തുക ആവശ്യമായി വരുന്നില്ല എന്നുള്ളതിനാൽ ബഹുമാനപ്പെട്ട സമിതിയുടെ ശിപാർശയിന്മേൽ തുടർനടപടികൾ ആവശ്യമില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 26-5-2017-ലെ എൽ1/13/17/ഉ.വി.വ. )

ശിപാർശ (ഖണ്ഡിക 21)

എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്ക് കോളേജുകളിലെയും ഫാക്കൽറ്റി വികസനത്തിനും മറ്റ് അനുബന്ധ കാര്യങ്ങൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 വർഷത്തെ ചെലവ് ബഡ്ജറ്റ് വിഹിതമായ 725 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തുവാൻ കഴിയുന്നതിനാൽ ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം അധിക തുക ആവശ്യമായി വരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 18-5-2017-ലെ ജി2/195/2017/ഉ.വി.വ.)

സ്വീകരിച്ച നടപടി

ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ ഇനി 2 മാസം മാത്രമുള്ളതിനാൽ അധികം ആവശ്യപ്പെട്ട തുക അടുത്ത സാമ്പത്തിക വർഷത്തിലെ ചെലവാക്കേണ്ടതായി വരുന്നുള്ളൂ. ഈ വർഷത്തെ ചെലവ് ബഡ്ജറ്റ് വിഹിതമായ 250 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തുവാൻ കഴിയുന്നതിനാൽ ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം അധിക തുക ആവശ്യമായി വരുന്നില്ല എന്നുള്ളതിനാൽ ബഹുമാനപ്പെട്ട സമിതിയുടെ ശിപാർശയിന്മേൽ തുടർനടപടികൾ ആവശ്യമില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 26-5-2017-ലെ എൽ1/13/17/ഉ.വി.വ.)

ശിപാർശ (ഖണ്ഡിക 24)

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും കായികവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനും അതിനോടനുബന്ധിച്ച് സ്റ്റേഡിയം നിർമ്മാണം, സ്വിമ്മിംഗ് പൂൾ, ആധുനിക ഫിറ്റ്നസ് സെന്ററുകളുടെ നിർമ്മാണം എന്നിവയ്ക്കും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപ ഇതിലേക്കായി അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 വർഷത്തെ ചെലവ് ബഡ്ജറ്റ് വിഹിതമായ 75 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തുവാൻ കഴിയുന്നതിനാൽ ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം അധിക തുക ആവശ്യമായി വരുന്നില്ല.

സ്വീകരിച്ച നടപടി

ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ ഇനി 2 മാസം മാത്രമുള്ളതിനാൽ അധികം ആവശ്യപ്പെട്ട തുക അടുത്ത സാമ്പത്തിക വർഷത്തിലേ ചെലവാക്കേണ്ടതായി വരുന്നുള്ളൂ. ഈ വർഷത്തെ ചെലവ് ബഡ്ജറ്റ് വിഹിതമായ 250 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തുവാൻ കഴിയുന്നതിനാൽ ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം അധിക തുക ആവശ്യമായി വരുന്നില്ല എന്നുള്ളതിനാൽ ബഹുമാനപ്പെട്ട സമിതിയുടെ ശിപാർശയിന്മേൽ തുടർനടപടികൾ ആവശ്യമില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 18-5-2017-ലെ ജെ2/195/2017/ഉ.വി.വ.)

ശിപാർശ (ഖണ്ഡിക 25)

സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചുകൾ നിലനിൽക്കുന്ന പോളിടെക്നിക്ക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് ആന്റ് സർട്ടിഫിക്കേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള പദ്ധതി വിഹിതം തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ഒരു കോടി രൂപ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ ഇനി 2 മാസം മാത്രമുള്ളതിനാൽ അധികം ആവശ്യപ്പെട്ട തുക അടുത്ത സാമ്പത്തിക വർഷത്തിലെ ചെലവാക്കേണ്ടതായി വരുന്നുള്ളൂ. ഈ വർഷത്തെ ചെലവ് ബഡ്ജറ്റ് വിഹിതമായ 250 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തുവാൻ കഴിയുന്നതിനാൽ ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം അധിക തുക ആവശ്യമായി വരുന്നില്ല എന്നുള്ളതിനാൽ ബഹുമാനപ്പെട്ട സമിതിയുടെ ശിപാർശയിന്മേൽ തുടർനടപടികൾ ആവശ്യമില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 26-5-2017-ലെ എൽ1/13/17/ഉ.വി.വ.)

ശിപാർശ (ഖണ്ഡിക 26)

സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും കെ-ബെയ്സ് ഡിജിറ്റൽ സംവിധാനം വ്യാപിപ്പിക്കുക, ഗവേഷണ പദ്ധതികൾക്കുള്ള കലവറ സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ ഉൾപ്പെടുന്ന എഡ്യൂക്കേഷൻ റിസോഴ്സ് സെന്റർ എന്ന സ്കീമിന് 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 വർഷത്തെ ബഡ്ജറ്റ് വിഹിതമായ 120 ലക്ഷം രൂപയ്ക്ക് പുറമെ ബഹുമാനപ്പെട്ട സമിതിയുടെ ശിപാർശ പ്രകാരം ധനപുനഃക്രമീകരണത്തിലൂടെ 25 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തിയിരുന്നു. ഇതുപ്രകാരം ടി ശീർഷകത്തിൽ 145 ലക്ഷം രൂപ അനുവദിക്കപ്പെട്ടതിൽ 147.32 ലക്ഷം രൂപ ചെലവഴിച്ചു. അധിക ചെലവായ 2.32 ലക്ഷം രൂപ വകമാറ്റി ചെലവഴിക്കൽ വഴി ക്രമപ്പെടുത്തുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

ശിപാർശ (ഖണ്ഡിക 27)

എഞ്ചിനീയറിംഗ് കോളേജുകളിൽ ക്യൂ.ഐ.പി. സെന്ററുകൾക്ക് വേണ്ടിയുള്ള ലബോറട്ടറിയുടെ ആധുനീകരണം, ലൈബ്രറി സൗകര്യങ്ങൾ, ക്യൂ.ഐ.പി. ഗവേഷണ വിദ്യാർത്ഥികൾക്കുവേണ്ടി കെട്ടിട നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുവാൻ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 വർഷത്തെ ചെലവ് ബഡ്ജറ്റ് വിഹിതമായ 421 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തുവാൻ കഴിയുന്നതിനാൽ ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം അധിക തുക ആവശ്യമായി വരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 18-5-2017-ലെ ജി2/195/2017/ഉ.വി.വ.)

ശിപാർശ (ഖണ്ഡിക 30)

പുതുതായി വിജയിച്ചു വരുന്ന എഞ്ചിനീയറിംഗ് ഡിപ്ലോമ/ബിരുദധാരികൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുന്നതിനായി ടെക്നോളജി ബിസിനസ്സ് ഇൻക്യൂബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ഒരു കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 വർഷത്തെ ചെലവ് ബഡ്ജറ്റ് വിഹിതമായ 100 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തുവാൻ കഴിയുന്നതിനാൽ ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം അധിക തുക ആവശ്യമായി വരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 18-5-2017-ലെ ജി2/195/2017/ഉ.വി.വ.)

<u>സ്വീകരിച്ച നടപടി</u>

ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ ഇനി 2 മാസം മാത്രമുള്ളതിനാൽ അധികം ആവശ്യപ്പെട്ട തുക അടുത്ത സാമ്പത്തിക വർഷത്തിലെ ചെലവാക്കേണ്ടതായി വരുന്നുള്ളൂ. ഈ വർഷത്തെ ചെലവ് ബഡ്ജറ്റ് വിഹിതമായ 250 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തുവാൻ കഴിയുന്നതിനാൽ ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം അധിക തുക ആവശ്യമായി വരുന്നില്ല എന്നുള്ളതിനാൽ ബഹുമാനപ്പെട്ട സമിതിയുടെ ശിപാർശയിന്മേൽ തുടർനടപടികൾ ആവശ്യമില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 26-5-2017-ലെ എൽ1/13/17/ഉ.വി.വ.)

<u>ശിപാർശ (ഖണ്ഡിക 31)</u>

പബ്ലിക് സർവ്വീസ് കമ്മീഷനിലും പൊതുമേഖലാ സ്ഥാപനങ്ങളിലും അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ കമ്പ്യൂട്ടർ കഴിവുകൾ പരിശോധിക്കുന്നതിന് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എലിജിബിലിറ്റി ടെസ്റ്റ് നടത്തുന്നതിന് ആവശ്യമായി വരുന്ന സർവർ വാടക, സോഫ്റ്റ്‌വെയർ വികസനം, ചോദ്യാവലി തയ്യാറാക്കൽ, സേവനമനുഷ്ഠിക്കുന്നവർക്കുള്ള വേതനം, പരീക്ഷകൾ സംഘടിപ്പിക്കൽ, വാല്യുവേഷൻ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് നൽകൽ തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കു പുറമെ ഒരു കോടി രൂപ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഈ വർഷം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എലിജിബിലിറ്റി ടെസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സർക്കാർ തലത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനെ അനൗപചാരിക കമ്പ്യൂട്ടർ വിദ്യാഭ്യാസ മേഖലയുടെ സാധ്യതകൾ വിലയിരുത്തി റിപ്പോർട്ട് നൽകുന്നതിനായി ഉത്തരവാദിത്തപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവർത്തനം പൂർത്തിയാകാത്തതിനാൽ ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം അധിക തുക ആവശ്യമായി വരുന്നില്ല. അതിനാൽ ബഹുമാനപ്പെട്ട സമിതിയുടെ ശിപാർശയിന്മേൽ തുടർനടപടികൾ ആവശ്യമില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 19-5-2017-ലെ കെ1/1/2017/ഉ.വി.വ.)

<u>ശിപാർശ (ഖണ്ഡിക 32)</u>

നാഷണൽ കേഡറ്റ് കോർപ്സ് -ൽ യാത്രാ ബത്ത, ടെലഫോൺ ചാർജ്ജ്, വാടക, ഓഫീസുകളിലെ കംപ്യൂട്ടർ നവീകരണം എന്നിവയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 86 ലക്ഷം രൂപ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

രൂക്ഷമായ വിഭവ കമ്മിമൂലം എൻ.സി.സി. വകുപ്പിന് ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ 26-2-2017-ലെ ജി.ഒ.(ആർറ്റി.) 1571/2017/ഫിൻ. പ്രകാരം 71,00,000 രൂപ വകമാറ്റി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 16-5-2017-ലെ എ 2/27/2017/ഉ.വി.വ.)

<u>ശിപാർശ (ഖണ്ഡിക 34)</u>

ലൈബ്രറിയുടെ നടപ്പു വർഷത്തെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള ബജറ്റ് വിഹിതം പൂർണമായും വിനിയോഗിച്ച ശേഷം സ്റ്റേറ്റ് ലൈബ്രേറിയൻ സമർപ്പിക്കുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ അധിക തുക ഉചിത മാർഗ്ഗത്തിലൂടെ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ് എന്ന വിവരം സ്റ്റേറ്റ് ലൈബ്രേറിയനെ അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 19-5-2017-ലെ എ 1/236/2016/ഉ.വി.വ.)

## 2-8-2017-ലെ യോഗത്തിൽ പരിഗണിച്ചവ

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2016-17)
(ഫയൽ നമ്പർ 5078/സബ്.സി.ഇ.1/2016/നി.സെ.)

<u>ശിപാർശ (ഖണ്ഡിക 28)</u>

വികസനത്തിനു വളരെയേറെ സാധ്യതയുള്ള ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ (ഐ.എച്ച്.ആർ.ഡി.) ജീവനക്കാരുടെ ശമ്പളം ഇപ്പോഴും പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്നതിൽ അസംതൃപ്തി രേഖപ്പെടുത്തുന്ന സമിതി, അടുത്ത ബഡ്ജറ്റിൽ ഈ ആവശ്യത്തിലേക്കായി പുതിയ ഒരു പദ്ധതിയേതര ഹെഡ് ആരംഭിക്കണമെന്ന് നിർദ്ദേശിക്കുന്നു. ഈ സാമ്പത്തിക വർഷത്തെ ശമ്പള പരിഷ്കരണം ഉൾപ്പെടെയുള്ള ശമ്പള ഇനത്തിൽ വരുന്ന ചെലവുകൾ പദ്ധതിയിനത്തിൽ വകയിരുത്തണമെന്നും ഇതിലേക്കായി ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ ഐ.എച്ച്.ആർ.ഡി.-ലെ ജീവനക്കാരുടെ ശമ്പളത്തിനായി 8,70,60,000 രൂപയും ശമ്പളേതര ചെലവുകൾക്കായി 5,80,40,000 രൂപയും നോൺ പ്ലാൻ ഹെഡിൽ അനുവദിച്ചിട്ടുണ്ട്. ഇതിനായി 2203-00-112-60-31 എന്ന പുതിയ ഹെഡും അനുവദിച്ചിട്ടുണ്ട്. 3-5-2017-ലെ സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 827/2017/Hedn. പ്രകാരം ഇതിന്റെ ഒന്നാം ഗഡു ഐ.എച്ച്.ആർ.ഡി.-ക്ക് അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 29)

പൂജപ്പുര എൽ.ബി.എസ്. ഐ.റ്റി.ഡബ്ല്യൂ.-ലെ ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണത്തിന് 330 ലക്ഷം രൂപയും കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിൽ ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി 220 ലക്ഷം രൂപയും അപ്രകാരം ആകെ 550 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

550 ലക്ഷം രൂപ അധികമായി എൽ.ബി.എസ്. സ്ഥാപനങ്ങൾക്ക് അനുവദിക്കണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ സർക്കാർ പരിശോധിക്കുകയും ധനവകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ തുക അനുവദിക്കാൻ സാധിച്ചിട്ടില്ലാത്തതുമാണ്. ഇക്കാര്യം എൽ.ബി.എസ്. ഡയറക്ടറെ 10-11-2016-ലെ സർക്കാർ കത്ത് നമ്പർ ജെ1/260/2016/ ഉ.വി.വ. പ്രകാരം അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 29-6-2017-ലെ ജെ1/37/2017/ഉ.വി.വ. നമ്പർ കത്ത്)

## 9-8-2017-ലെ യോഗത്തിൽ പരിഗണിച്ചവ

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്(2016-17) (ഫയൽ നമ്പർ 5078/സബ്.സി.ഇ.1/2016/നി.സെ.)

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി കാരണം 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സർവ്വകലാശാലകൾക്ക് അധിക തുക വിലയിരുത്തണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ (ഖണ്ഡിക നമ്പർ 13, 14, 15, 16, 22) പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്ന വിവരം 20-7-2017-ലെ ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പിന്റെ ബി1/149/17/ഉ.വി.വ. നമ്പർ കത്ത് പ്രകാരം അറിയിച്ചു. ആയത് സമിതി അംഗീകരിച്ചു.

ശിപാർശ (ഖണ്ഡിക 17)

ടൂർ, യാത്രാബത്ത, ട്രാൻസ്ഫർ യാത്രാബത്ത എന്നിവയ്ക്ക് 50,000 രൂപ വീതവും ലീവ് ട്രാവൽ കൺസഷന് 28,000 രൂപയും ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ധനവകുപ്പുമായി ബന്ധപ്പെട്ട് വിശദമായ പരിശോധന നടത്തി 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ അധിക തുക വകയിരുത്തണമെന്നുള്ള സബ്ജക്റ്റ് കമ്മിറ്റി ശിപാർശയിൻമേൽ ടി സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ ധനവകുപ്പ് അംഗീകാരം നൽകിയിട്ടില്ല. സബ്ജക്റ്റ് കമ്മിറ്റി ശിപാർശകളിന്മേൽ അതാത് സാമ്പത്തിക വർഷം തന്നെ ബന്ധപ്പെട്ട വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതിന് എല്ലാ ലോ കോളേജ് പ്രിൻസിപ്പാൾമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട് എന്നുള്ള വിവരം അറിയിക്കുന്നു.

ശിപാർശ (ഖണ്ഡിക 18)

ഹോസ്റ്റൽ പുനരുദ്ധാരണത്തിന് '(34) – മറ്റ് ചെലവുകൾ' എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ '05-2-വൈദ്യുതി ചെലവ് ' ഇനത്തിന് ഒരു ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോഴിക്കോട് ലോ കോളേജിന്റെ ഹോസ്റ്റൽ പുനരുദ്ധാരണത്തിന് 2202-03-103-89 എന്ന ശീർഷകത്തിൽ നിന്നും 2016-17 സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ തുകയൊന്നും അനുവദിച്ചു നൽകിയില്ല.

ശിപാർശ (ഖണ്ഡിക 33)

സംഗീത കോളേജുകളിൽ ക്ലാസ്സ് മുറികളിൽ ശബ്ദക്രമീകരണ സംവിധാനം, സംഗീതോപകരണങ്ങളുടെ റിപ്പയറിംഗ്, ഐ.ടി. ഉപകരണങ്ങൾ വാങ്ങൽ എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് ബഡ്ജറ്റ് വിഹിതത്തിന് പുറമെ 10 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സംഗീത കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 100 ലക്ഷം രൂപയിൽ നിന്നും നാല് ഗവൺമെന്റ് മ്യൂസിക് കോളേജുകൾ 63.76 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ആയതിനാൽ 2205-00-101-99 എന്ന ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ (ഖണ്ഡിക 35)</u>

കോഴിക്കോട് ലോ കോളേജിലെ ക്ലാസ്സ് റൂം, പരീക്ഷാ ഹാൾ എന്നിവയുടെ നിർമ്മാണത്തിന് 2 കോടിയും മൂട്ട് കോർട്ട് ഹാൾ നിർമ്മാണത്തിനായി 5 കോടിയും അപ്രകാരം ആകെ 7 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കോഴിക്കോട് ലോ കോളേജിലെ ക്ലാസ്സ് റൂം, പരീക്ഷാ ഹാൾ എന്നിവയുടെ നിർമ്മാണത്തിന് 2 കോടി രൂപയും മൂട്ട് ഹാൾ നിർമ്മാണത്തിനായി 5 കോടി രൂപയും 2016-17 സാമ്പത്തിക വർഷം അവസാനിച്ചിട്ടും PWD എസ്റ്റിമേറ്റ് ലഭ്യമാക്കാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിച്ച് നൽകിയില്ല.

(സർക്കാർ കത്ത് നമ്പർ സി2/1/2017/ഉ.വി.വ. തീയതി 26-7-2017)

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16)
(ഫയൽ നമ്പർ 3412/സബ്.സി.ഇ.1/2015/നി.സെ.)

<u>ശിപാർശ (ഖണ്ഡിക 59)</u>

ഐ.ടി.ഐ.-ൽ സ്ത്രീകൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 1 കോടി രൂപയും വിശ്രമ മുറികൾ, ഡ്രസ്സിംഗ് റൂമുകൾ, ടോയ്‌ലെറ്റുകൾ എന്നിവയുടെ നിർമ്മാണത്തിന് 1 കോടി രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷം വിവിധ ഐ.ടി.ഐ.കളുടെ കെട്ടിട നിർമ്മാണത്തിനായി 4202-02-800-95 (പ്ലാൻ) ശീർഷകത്തിൽ 20 കോടി രൂപ വകയിരുത്തിയിരുന്നു. അതിൻ പ്രകാരം വിശ്രമ മുറികൾ, ഡ്രസ്സിംഗ് റൂമുകൾ, ടോയ്‌ലെറ്റുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ ഐ.ടി.ഐ. കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി പി.ഡബ്ല്യു.ഡി.-യ്ക്ക് നൽകിയിട്ടുണ്ട്. ഇതിനു പുറമെ കളമശ്ശേരി, മലമ്പുഴ എന്നീ ഐ.ടി.ഐ. കളിൽ വനിതാ വിശ്രമകേന്ദ്രം നിർമ്മിക്കുന്നതിന് 15 ലക്ഷം രൂപ വീതം ആകെ 30 ലക്ഷം രൂപയുടെ ഭരണാനുമതി 2230-03-101-87-മോഡണൈസേഷൻ ഓഫ് ഐ.ടി.ഐസ്-34-ഒ.സി.3 അദർ ഐറ്റംസ് (പ്ലാൻ) 2015-16 എന്ന ശീർഷകത്തിൽ പി.ഡബ്ല്യു.ഡി. അധികൃതർക്ക് കൈമാറുകയും പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2230-03-101-99-ഐ.ടി.ഐസ്-17 മൈനർ വർക്ക്സ്-നോൺ പ്ലാൻ-15-16 ശീർഷകത്തിൽ ഐ.ടി.ഐ. ചെങ്ങന്നൂരിന് നിലവിലുള്ള വനിതാ ഹോസ്റ്റൽ പുതുക്കി പണിയുന്നതിന് 3 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

നിലവിൽ 22 പ്രധാന ഐ.ടി.ഐ.-ൽ മുകളിൽ പറഞ്ഞ സൗകര്യങ്ങളോടുകൂടി സ്ത്രീകൾക്കായി വിശ്രമകേന്ദ്രങ്ങൾ പണിതിട്ടുണ്ട്. മറ്റ് ഐ.ടി.ഐ.-ൽ ടി സൗകര്യങ്ങൾ സാധ്യമാക്കുന്നതിന് ആവശ്യമായ തുക 2018-19 ബഡ്ജറ്റ് ശിപാർശയിൽ ഉൾപ്പെടുത്തുന്നതാണ്.

(സർക്കാർ കത്ത് നമ്പർ സി4/148/2017/തൊഴിൽ തീയതി 22-7-2017)

## 27-9-2017-ലെ യോഗത്തിൽ പരിഗണിച്ചവ

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16)
(ഫയൽ നമ്പർ 3412/സബ്.സി.ഇ.1/2015/നി.സെ.)

### ശിപാർശ (ഖണ്ഡിക 26)

പോളിടെക്നിക്ക് കോളേജുകളിൽ എ.ഐ.സി.റ്റി.ഇ. സ്കീം നടപ്പിലാക്കിയപ്പോൾ യോഗ്യതയിൽ സംരക്ഷണം നൽകാതിരുന്ന നിലവിലുള്ള ഫാക്കൽറ്റികൾക്ക് ഫാക്കൽറ്റി വികസനത്തിൽ ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസത്തിനായി സ്പോൺസർഷിപ്പ് നടപ്പിലാക്കുന്നതിനായി വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 1.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം ഫാക്കൽറ്റി വികസനത്തിനായി 2203-00-003-99 എന്ന ശീർഷകത്തിൽ 650 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. സമിതിയുടെ ശിപാർശയും തുടർന്നുള്ള ആവശ്യകതയും പരിഗണിച്ച് 1,67,85,000 രൂപ അധികമായി ചെലവഴിക്കുന്നതിന് അനുവദിക്കുകയും ടി തുക 14-6-2016-ലെ ജി.ഒ. (ആർടി.) നമ്പർ 5262/2016/ധന. ഉത്തരവ്, 15-6-2016-ലെ ജി.ഒ. (ആർടി.) നമ്പർ 5298/2016/ധന. ഉത്തരവ് എന്നിവ പ്രകാരം ക്രമപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

### ശിപാർശ (ഖണ്ഡിക 28)

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്ററിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 79 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷം സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്ററിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2203-00-105-89 എന്ന ശീർഷകത്തിൽ 171 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. ഈ ശീർഷകത്തിൽ 79 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും ടി പദ്ധതി സംബന്ധിച്ച യഥാർത്ഥ ചെലവ് ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ (ഖണ്ഡിക 30)</u>

ബാർട്ടൺഹില്ലിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ട്രാൻസ്‌ലേഷൻ എഞ്ചിനീയറിംഗ് എം. എസ്. കോഴ്സ്, ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് ഡിപ്ലോമ (എ.ഡി.എ.എം.), തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ആട്ടോമേഷൻ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രമാക്കുക, കളമശ്ശേരിയിലെ സർക്കാർ പോളിടെക്നിക് കോളേജിനെ ആട്ടോമേഷൻ ടെക്നോളജിയിൽ പര്യാപ്തമായ കേന്ദ്രമാക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.75 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷം ബാർട്ടൺഹില്ലിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ട്രാൻസ്‌ലേഷൻ എഞ്ചിനീയറിംഗ് എം. എസ്. കോഴ്സ്, ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് ഡിപ്ലോമ (എ.ഡി.എ.എം.), തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ആട്ടോമേഷൻ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രമാക്കുക, കളമശ്ശേരിയിലെ സർക്കാർ പോളിടെക്നിക് കോളേജിനെ ആട്ടോമേഷൻ ടെക്നോളജിയിൽ പര്യാപ്തമായ കേന്ദ്രമാക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2203-00-112-56 എന്ന ശീർഷകത്തിൽ 225 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. ഈ പദ്ധതി സംബന്ധിച്ച് തുക വിനിയോഗം ബഡ്ജറ്റ് ഗ്രാന്റിനുള്ളിൽ പരിമിതപ്പെടുത്താൻ സാധിച്ചതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക ലഭ്യമാക്കേണ്ടതായി വന്നില്ല.

<u>ശിപാർശ (ഖണ്ഡിക 40)</u>

സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ പദ്ധതി ഇനത്തിൽ 2.65 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 70 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 29-8-2017-ലെ എൽ1/403/16/ഉ.വി.വ.)

**23-1-2018-ലെ യോഗത്തിൽ പരിഗണിച്ചവ**

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16) (ഫയൽ നമ്പർ 3412/സബ്.സി.ഇ.1/2015/നി.സെ.)

ശിപാർശ (ഖണ്ഡിക 60)

കൗൺസിലിനുകീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനും കേന്ദ്ര സർക്കാർ ശമ്പള ഘടന അനുസരിച്ച് കൗൺസിലിലെ ശാസ്ത്രജ്ഞർക്ക് ശമ്പളം നൽകുന്നതിനും ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 55 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം 3425-60-200-71 എന്ന ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ 86.28 കോടി രൂപ അനുവദിച്ചതിൽ 57.52 കോടി രൂപ മാത്രമാണ് ചെലവാക്കിയിരുന്നത്. നടപ്പു സാമ്പത്തിക വർഷം പ്ലാൻ ഇനത്തിൽ 86.14 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നോൺ പ്ലാൻ ഇനത്തിൽ 2015-16 വർഷത്തിൽ 49.13 കോടി രൂപയിൽ നിന്ന് നടപ്പു സാമ്പത്തിക വർഷം 56.50 കോടി രൂപയായി ഉയർത്തി നൽകിയിട്ടുണ്ട്. ആനുപാതികമായ വർദ്ധനവ് ഈ ഇനത്തിൽ നൽകിയിട്ടുള്ളതിനാൽ നിലവിലെ പരിമിതമായ വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിൽ ശിപാർശ അംഗീകരിക്കാനാവില്ലായെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 5643/എ 2/2017/ശാ.സാ.വ. തീയതി 13-9-2017)

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2016-17) (ഫയൽ നമ്പർ 5078/സബ്.സി.ഇ.1/2016/നി.സെ.)

ശിപാർശ (ഖണ്ഡിക 1)

കണ്ണൂർ, കാസർഗോഡ്, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ എസ്.സി./എസ്.ടി. കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 10 സ്കൂളുകൾക്ക് 50 ലക്ഷം രൂപ നിരക്കിൽ 5 കോടി രൂപയും അദ്ധ്യാപകർക്ക് ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങളിൽ കൂടുതൽ മികവ് ലഭിക്കുന്നതിന്

യൂണിവേഴ്സിറ്റി, വിവിധ വിദഗ്ധ ഏജൻസികൾ എന്നിവ വഴി കോഴ്സുകൾ നൽകുന്നതിന് 2 കോടി രൂപയും അപ്രകാരം ആകെ 7 കോടി രൂപ ബഡ്ജറ്റ് വിഹിതത്തിനു പുറമെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക 2)</u>

സംസ്ഥാനത്തെ സ്കൂളുകളിൽ ഒരു കുട്ടിക്ക് 8/- രൂപ നിരക്കിൽ ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള ചെലവിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 32 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതിയുടെ ശിപാർശയനുസരിച്ച് അധിക ധനാഭ്യർത്ഥന മുഖേന 2202-01-112-90-01 (പി) എന്ന ശീർഷകത്തിൽ 3851 ലക്ഷം രൂപയും, 2202-01-112-90 (പി) എന്ന ശീർഷകത്തിൽ 16694.32 ലക്ഷം രൂപയും ഉച്ചക്ഷേണ പദ്ധതിക്കായി അനുവദിക്കുകയുണ്ടായി.

<u>ശിപാർശ (ഖണ്ഡിക 3)</u>

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ ആധുനികവൽക്കരണത്തിനായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 380 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ പ്രസ്തുത ശീർഷകത്തിൽ 1390 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 4)

സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി അദ്ധ്യാപക ശാക്തീകരണത്തിനുള്ള പരിശീലന പരിപാടികൾക്ക് 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിലെ രണ്ട് അധ്യയന വർഷങ്ങളിലെയും പരിശീലന പരിപാടികൾ ഒരേ വർഷം തന്നെ നടത്തുന്നത് ഹയർ സെക്കന്ററി സ്കൂളുകളിലെ പഠന പ്രക്രിയയെ പ്രതികൂലമായി ബാധിക്കുമെന്നതുകൊണ്ട് ഒരു വർഷത്തെ പരിശീലന പരിപാടികൾ മാത്രം നടപ്പിലാക്കിയതിനാൽ സമിതിയുടെ ശിപാർശയനുസരിച്ച് പ്രസ്തുത ശീർഷകത്തിൽ അധിക തുകയുടെ ആവശ്യകതയുണ്ടായില്ല.

ശിപാർശ (ഖണ്ഡിക 5)

സംസ്ഥാനത്ത് സ്കൂൾ തലത്തിൽ വിദ്യാഭ്യാസ മികവ് ഉറപ്പു വരുത്തുന്നതിനും അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നവർക്ക് പരിശീലനം നൽകുന്നതിനും ബഡ്ജറ്റ് വിഹിതത്തിനു പുറമേ 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ, 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ പ്രസ്തുത ശീർഷകത്തിൽ 1220 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 6)

തിരഞ്ഞെടുക്കപ്പെട്ട 2000 ലോവർ പ്രൈമറി സ്കൂളുകളിൽ ജൈവ വൈവിധ്യ കാമ്പസ് സൃഷ്ടിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച 500 ലക്ഷം രൂപയ്ക്ക് പുറമെ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക ടി പദ്ധതിക്കായി വിനിയോഗിക്കുകയുണ്ടായില്ല. കൂടാതെ പ്രസ്തുത തുക മറ്റൊരു പദ്ധതിക്കായി റീ-അപ്രോപ്രിയേഷൻ മുഖേന വകമാറ്റുകയും ചെയ്തു. ആയതിനാൽ അധിക തുക അനുവദിക്കേണ്ട ആവശ്യകതയുണ്ടായില്ല.

<u>ശിപാർശ (ഖണ്ഡിക 7)</u>

തുടർ വിദ്യാഭ്യാസ പരിപാടികൾ, സാക്ഷരതാ പ്രവർത്തനങ്ങൾ, അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള പ്രത്യേക നിരക്ഷരതാ നിർമ്മാർജ്ജന പദ്ധതികൾ എന്നിവയ്ക്ക് പുറമേ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ തീരദേശ നിവാസികളുടെ നിരക്ഷരതാ നിർമ്മാർജ്ജനത്തിനും തൊഴിൽ പരിശീലനങ്ങൾക്കുമായി ആരംഭിച്ച 'അക്ഷര സാഗരം' എന്ന പുതിയ പദ്ധതിക്കുമായി ബഡ്ജറ്റ് വിഹിതത്തിനു പുറമെ 190 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക 8)</u>

SCERT-ക്ക് ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3 കോടി രൂപയും പദ്ധതിയേതര യിനത്തിൽ 5 കോടി രൂപയും അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ (ഖണ്ഡിക 9)</u>

സീമാറ്റ് ഈ അദ്ധ്യയന വർഷം നടത്തുവാൻ ഉദ്ദേശിക്കുന്ന വിവിധ പരിശീലന പരിപാടികൾക്കായി 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തിക പരിമിതി കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ (ഖണ്ഡിക 10)

പൊതുവിദ്യാഭ്യാസ വകുപ്പിന് പ്രത്യേകമായി ഉപജില്ലാതല കായികകലാ മത്സരങ്ങളുടെ നടത്തിപ്പിനായി ലഭിക്കുന്ന തുക അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ കൂടി ഈ ആവശ്യത്തിലേക്കായി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിൽ സമിതിയുടെ ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ ടി ശീർഷകത്തിൽ അധിക ധനാഭ്യർത്ഥന മുഖേന 5 ലക്ഷം രൂപ സർക്കാർ അനുവദിക്കുകയുണ്ടായി.

ശിപാർശ (ഖണ്ഡിക 11)

സർക്കാർ ലോവർ പ്രൈമറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ അപര്യാപ്തത കാരണവും, ചെലവ് നിയന്ത്രണ നടപടികൾക്ക് വിധേയമായി 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തിയതിനാലും സമിതിയുടെ ശിപാർശയനുസരിച്ച് ടി ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ പ്രസ്തുത ശീർഷകത്തിൽ 6000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 1346830/എ2/17/പൊ.വി., തീയതി 7-7-2017)

3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16) (ഫയൽ നമ്പർ 3412/സബ്.സി.ഇ.1/2015/നി.സെ.)

ശിപാർശ (ഖണ്ഡിക 81)

ദേവികുളം അഡ്വഞ്ചർ അക്കാദമി പുതുക്കിപ്പണിയുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5.41 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി ആരംഭിച്ചുവെങ്കിലും 2015-16 സാമ്പത്തിക വർഷം പൂർത്തിയായതിനാൽ അധിക തുക അനുവദിക്കുവാൻ സാധിച്ചിട്ടില്ല

ശിപാർശ (ഖണ്ഡിക 82)

യുവജനക്ഷേമ ബോർഡിലെ യാത്രാബത്ത, ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ, പി.ഒ.എൽ. എന്നിവയ്ക്കായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 2.63 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് ഗണ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ പരിമിതിമൂലം അധിക തുക അനുവദിക്കുന്നത് പ്രായോഗികമല്ല. ആയതിനാൽ പദ്ധതിയേതര ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തേണ്ടതാണ് എന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയേതര ഇനത്തിൽ 2.63 കോടി രൂപ അധികമായി അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ. 55/ബി1/115/കാ.യു.വ., തീയതി 16-8-2017)

ശിപാർശ (ഖണ്ഡിക 83)

യുവജന കമ്മീഷൻ വിഭാവനം ചെയ്ത രീതിയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനും കമ്മീഷൻ അംഗങ്ങൾക്ക് പുതുതായി അനുവദിച്ചിട്ടുള്ള ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവ നൽകുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതി ഇനത്തിൽ 3 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 25 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തിൽ പദ്ധതി ഇനത്തിൽ അനുവദിച്ച തുകയായ ഒരു കോടി രൂപ കമ്മീഷൻ വിഭാവനം ചെയ്ത പദ്ധതികൾ നടപ്പിലാക്കാൻ പര്യാപ്തമായിരുന്നു. പദ്ധതിയേതര ഇനത്തിൽ സാലറി, നോൺ സാലറി അക്കൗണ്ടുകളിലായി ആകെ 109.77 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക ഉപയോഗിച്ച് കമ്മീഷൻ അംഗങ്ങൾക്കുള്ള ഓണറേറിയം, സിറ്റിംഗ് ഫീസ്, യാത്രാബത്ത, ഉദ്യോഗസ്ഥരുടെ ശമ്പളം എന്നിവ നൽകിയിട്ടുണ്ട്. ആയതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കേണ്ടതായി വന്നിട്ടില്ലെന്ന വിവരം അറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 2794/ബി2/15/കാ.യു.വ., തീയതി 10-11-2017)

4. ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2017-18)

(ഫയൽ നമ്പർ 1925/സബ്.സി.ഇ.1/2017/നി.സെ.)

**ഇടക്കാല മറുപടി**

ശിപാർശ (ഖണ്ഡിക 61)

സ്റ്റേറ്റ് എൻ.എസ്.എസ്. സെല്ലിന്റെ ആഭിമുഖ്യത്തിൽ 7 ദിവസത്തെ നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ്, സ്റ്റേറ്റ് ലെവൽ വർക്ക്ഷോപ്പ് ഓൺ ലീഡർഷിപ് & പേഴ്സണാലിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം, എൻ.എസ്.എസ്. സ്റ്റേറ്റ് അവാർഡ് എന്നിവയ്ക്കായി 10.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിവിധ ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് എൻ.എസ്.എസ്. പ്രവർത്തനങ്ങൾക്കുള്ള തുക കണ്ടെത്താവുന്നതാണെന്നും 100% കേന്ദ്ര പദ്ധതിയായതിനാൽ കേന്ദ്ര സഹായം നേടിയെടുക്കുന്നതിനുള്ള സത്വര തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും സ്റ്റേറ്റ് എൻ.എസ്.എസ്. ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 63)

ലൈബ്രറിയുടെ കമ്പ്യൂട്ടർവത്കരണത്തിന് തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 108 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ആസ്ഥാന മന്ദിര നിർമ്മാണം, ലൈബ്രറികൾക്കുള്ള ഗ്രാന്റ് വർദ്ധനവ്, ലൈബ്രേറിയൻ അലവൻസ് വർദ്ധനവ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 6624.87 ലക്ഷം രൂപ കൂടി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം ബന്ധപ്പെട്ട ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ച ശേഷം അധികമായി വന്ന തുക അനുവദിക്കുന്നതിനായി ശിപാർശ സമർപ്പിക്കുവാൻ കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എ 2/154//2017/ഉ.വി.വ., തീയതി 25-9-2017)

<u>ശിപാർശ (ഖണ്ഡിക 64)</u>

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ സെക്യൂരിറ്റി ഗാർഡുകൾ ലൈബ്രറി അപ്രന്റീസുകൾ, ഇലക്ട്രീഷ്യൻ, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന മറ്റ് ജീവനക്കാർ എന്നിവരുടെ വേതനം നൽകുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നടപ്പ് സാമ്പത്തിക വർഷം ബന്ധപ്പെട്ട ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക മുഴുവനായി ചെലവഴിച്ച ശേഷം വിനിയോഗ സാക്ഷ്യപത്രം സഹിതം അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ സ്റ്റേറ്റ് ലൈബ്രേറിയന് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 65)</u>

ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തിപ്പ് തുക സർക്കാർ വർദ്ധിപ്പിച്ചതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 14,350 രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നടപ്പ് സാമ്പത്തിക വർഷം ബന്ധപ്പെട്ട ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക മുഴുവനായി ചെലവഴിച്ച ശേഷം വിനിയോഗ സാക്ഷ്യപത്രം സഹിതം അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ സ്റ്റേറ്റ് ലൈബ്രേറിയന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എ 1/229/2017/ഉ.വി.വ., തീയതി 18-9-2017)

<u>ശിപാർശ (ഖണ്ഡിക 80)</u>

ഇടുക്കി ജില്ലയിൽ എയർക്രാഫ്റ്റ് ഹാംഗർ, റൺവേ എന്നിവയും, പാലക്കാട്, എറണാകുളം ജില്ലകളിൽ എൻ.സി.സി.-ക്ക് ഓഫീസ് കെട്ടിടങ്ങൾ, തിരുവനന്തപുരത്ത് എൻ.സി.സി. കേഡറ്റുകൾക്ക് സ്ഥിരമായി പരിശീലന കേന്ദ്രം എന്നീ നിർമ്മാണ പ്രവൃത്തികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 13 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നടപ്പ് സാമ്പത്തിക വർഷം ബന്ധപ്പെട്ട ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ച ശേഷം അധികമായി വരുന്ന തുക അനുവദിക്കുന്നതിനായി ശിപാർശ സമർപ്പിക്കുവാൻ എൻ.സി.സി. വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എ 2/157/2017/ഉവിവ, തീയതി 25-9-2017)

(അന്തിമ മറുപടി ലഭ്യമാക്കുന്നതിനായി വകുപ്പിന് കത്തയച്ചിട്ടുണ്ട്)

തിരുവനന്തപുരം,
2018 ജൂൺ 7.

പ്രൊഫ. സി. രവീന്ദ്രനാഥ്,
*വിദ്യാഭ്യാസ വകുപ്പുമന്ത്രി,*
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി-VI.*

അനുബന്ധം

## 19-4-2017-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2017 ഏപ്രിൽ മാസം 19-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീനും, പ്രത്യേക ക്ഷണിതാവായി ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. ആർ. രാജേഷ്
3. ശ്രീ. റ്റി. വി. രാജേഷ്
4. ശ്രീ. എം. സ്വരാജ്
5. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി,
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് 12-ന് പിരിഞ്ഞു.

## 17-5-2017-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2017 മേയ് മാസം 17-ാം തീയതി ബുധനാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 4.10-ന് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. ശ്രീ. കെ. സി. ജോസഫ്
3. ശ്രീ. പി. ജെ. ജോസഫ്
4. ശ്രീ. റ്റി. വി. രാജേഷ്
5. ശ്രീ. ഷാഫി പറമ്പിൽ
6. ശ്രീ. എം. സ്വരാജ്
7. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ഡോ. ഉഷ ടൈറ്റസ്, സെക്രട്ടറി, പൊതുവിദ്യാഭ്യാസ / ഉന്നതവിദ്യാഭ്യാസ വകുപ്പ്
2. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
4. ശ്രീ. സഞ്ജയ് കുമാർ, ഡയറക്ടർ, കായിക യുവജനകാര്യ വകുപ്പ്
5. ശ്രീ. കെ. വി. മോഹനകുമാർ, ഡയറക്ടർ, ഡി. പി. ഐ.

6. ശ്രീ. എസ്. സുരേഷ് ചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്

7. ശ്രീമതി പി. ഇന്ദുലേഖ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്

8. ശ്രീമതി എസ്. മഞ്ജു, ജോയിന്റ് സെക്രട്ടറി, കായിക യുവജനകാര്യവകുപ്പ്

9. ശ്രീ. ആർ. മുരളീധരൻപിള്ള, ജോയിന്റ് സെക്രട്ടറി , ഓഫീസ് ഓഫ് ദി പബ്ലിക് ഇൻസ്ട്രക്ഷൻ.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിയ്ക്കുകയും അംഗീകരിക്കുകയും ചെയ്തു. കൂടാതെ, 2017- ലെ മലയാള ഭാഷ (നിർബന്ധിത ഭാഷാ ബിൽ) സമിതി ഖണ്ഡം, ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>ദീർഘശീർഷകവും പീഠികയും</u>

ദീർഘ ശീർഷകത്തിലും പീഠികയിലും ബില്ലിലെ മറ്റ് ഖണ്ഡങ്ങളിലും "വിദ്യാലയങ്ങൾ" എന്ന വാക്ക് വരുന്നിടത്തെല്ലാം അതിന് പകരമായി "സ്കൂളുകൾ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

<u>ഖണ്ഡം-1</u>

ഒന്നാം ഖണ്ഡത്തിൽ (1)-ാം ഉപഖണ്ഡത്തിൽ 'മലയാള ഭാഷ (നിർബന്ധിത ഭാഷ) ആക്റ്റ് ' എന്ന വാക്കുകൾക്ക് പകരം "മലയാള ഭാഷാ പഠന ആക്റ്റ് " എന്ന് ചേർക്കേണ്ടതാണ്.

<u>ഖണ്ഡം-2</u>

1. 2-ാം ഖണ്ഡത്തിൽ, "ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ" എന്ന വാക്കുകൾക്ക് മുൻപായി "(1)" എന്ന അക്കവും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്.

2. 'ബി' ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്:

   "സ്കൂളുകൾ" എന്നാൽ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ്, സ്കൂളുകൾ എന്നർത്ഥമാകുന്നതും അതിൽ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.), കൗൺസിൽ ഫോർ ദി ഇൻഡ്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ (സി.ഐ.എസ്.സി.ഇ.) എന്നീ ബോർഡുകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള അൺ-എയ്ഡഡ് സ്കൂളുകളും ഉൾപ്പെടുന്നതുമാകുന്നു.

3. 2-ാം ഖണ്ഡത്തിൽ (ഡി) ഇനത്തിനു ശേഷം താഴെപ്പറയുന്ന 'ഉപഖണ്ഡം' ചേർക്കേണ്ടതാണ്;

"(2) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും, പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ 1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റ് (1959-ലെ 6-ാം ആക്റ്റ്)-ലും 1959-ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും പ്രസ്തുത ആക്റ്റിലും ചട്ടങ്ങളിലും അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്."

ഖണ്ഡം-3

1. 3-ാം ഖണ്ഡത്തിൽ മാർജിനൽ ശീർഷകത്തിൽ "നിർബ്ബന്ധിത ഭാഷ ആക്കണമെന്ന" വാക്കുകൾക്കു പകരം "പഠിപ്പിക്കണമെന്ന" വാക്ക് ചേർക്കേണ്ടതാണ്.

2. (1)-ാം ഉപഖണ്ഡത്തിലെ അവസാന വരിയിലെ "നിർബ്ബന്ധിത" എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

3. (1)-ാം ഉപഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന 'ക്ലിപ്തനിബന്ധന' ചേർക്കേണ്ടതുമാണ്;

"എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ, നിലവിലുള്ള പാഠ്യപദ്ധതി അനുസരിച്ച് മലയാളഭാഷ പഠിപ്പിക്കാത്ത ഭാഷന്യൂനപക്ഷ സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിനായി സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി.) പാഠപുസ്തകം തയ്യാറാക്കേണ്ടതും ആയത് പഠിപ്പിക്കേണ്ടതുമാണ്."

4. (3)-ാം ഉപഖണ്ഡത്തിൽ,—

(i) "(2)-ാം ഉപവകുപ്പ് പ്രകാരം" എന്ന വാക്കുകൾക്കും അക്കത്തിനും ബ്രായ്ക്കറ്റിനും പകരം "സംസ്ഥാനത്തെ സ്കൂളുകളിൽ" എന്ന വാക്കുകളും;

(ii) "ബോർഡുകളോ നോട്ടീസുകളോ" എന്ന വാക്കുകൾക്കുശേഷം "പ്രദർശിപ്പിക്കുകയോ" എന്ന വാക്കും ചേർക്കേണ്ടതാണ്.

5. (4)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്.

"(4) ഇതര സംസ്ഥാനങ്ങളിൽ നിന്നോ വിദേശ രാജ്യങ്ങളിൽ നിന്നോ സംസ്ഥാനത്ത് വന്ന് സ്കൂളുകളിൽ പഠനം തുടരുന്ന വിദ്യാർത്ഥികൾക്ക് അതത് ക്ലാസുകളിലെ പാഠ്യപദ്ധതി പ്രകാരമുള്ള മലയാള ഭാഷാ അദ്ധ്യയനം സാധ്യമാകുവാൻ കഴിയാത്ത സാഹചര്യമുള്ളപക്ഷം,

അങ്ങനെയുള്ള വിദ്യാർത്ഥികളെ നിലവിലുള്ള പാഠ്യ പദ്ധതി പ്രകാരമുള്ള പത്താംതരം പരീക്ഷയിലെ മലയാള ഭാഷയിലുള്ള പരീക്ഷയിൽ നിന്നും ഒഴിവാക്കാവുന്നതും, സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി.) തയ്യാറാക്കുന്ന മലയാള പാഠപുസ്തകം പഠിപ്പിക്കേണ്ടതുമാണ്".

6. (5)-ാം ഉപഖണ്ഡത്തിൽ,—

(i) "ഇൻഡ്യൻ കൗൺസിൽ ഫോർ സെക്കന്ററി എഡ്യൂക്കേഷൻ (ഐ.സി.എസ്.ഇ.)" എന്ന വാക്കുകൾക്കു പകരം "കൗൺസിൽ ഫോർ ദി ഇൻഡ്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ (സി.ഐ.എസ്.സി.ഇ.)" എന്ന വാക്കുകളും;

(ii) "മുതലായ" എന്ന വാക്കിനു പകരം "എന്നീ" എന്ന വാക്കും;

(iii) " ബോർഡുകളുടെ കീഴിലുള്ള വിദ്യാലയങ്ങൾക്ക് "എന്ന വാക്കുകൾക്ക് പകരം "ബോർഡുകളുടെ കീഴിലുള്ളതും ത്രിഭാഷ പാഠ്യപദ്ധതി നിലവിലുള്ളതുമായ സ്കൂളുകൾക്ക്" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

(iv) 4-ാമത്തെ വരിയിലെ "നിർബ്ബന്ധിത" എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

(v) 5-ാമത്തെ വരിയിൽ "നിർബ്ബന്ധിത" എന്ന വാക്കിനുപകരം "മലയാള" എന്ന വാക്ക് ചേർക്കേണ്ടതാണ്.

7. (5)-ാം ഉപഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന 'ക്ലിപ്തനിബന്ധന' ചേർക്കേണ്ടതുമാണ് :

"എന്നാൽ അങ്ങനെയുള്ള സ്കൂളുകളിൽ ദ്വിഭാഷാ പദ്ധതി നിലവിലുള്ള ക്ലാസ്സുകളിൽ മലയാളം ഒരു ഭാഷയായി പഠിക്കാത്ത വിദ്യാർത്ഥികൾക്ക് മലയാളം ഭാഷ പഠിക്കുന്നതിനായി സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി.) തയ്യാറാക്കുന്ന പാഠപുസ്തകം പഠിപ്പിക്കേണ്ടതുമാണ്."

8. (6)-ാം ഉപഖണ്ഡത്തിന് പകരമായി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക,—

"1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് കീഴിൽ അൺ എയ്ഡഡ് സ്കൂളുകൾക്ക്

അംഗീകാരം നൽകുന്നതിന് അങ്ങനെയുള്ള സ്കൂളുകളിലെ ഒന്നാംതരം മുതൽ പത്താംതരം വരെയുള്ള എല്ലാ ക്ലാസ്സുകളിലും മലയാളഭാഷ പഠിപ്പിക്കണമെന്നുള്ളത് ഒരു നിബന്ധനയാകേണ്ടതാണ്. "

9. (7)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്:

"(7) ഭാഷാന്യൂനപക്ഷങ്ങൾക്ക് മാത്രമായുള്ള സ്കൂളുകളിലും ഓറിയന്റൽ സ്കൂളുകളിലും ക്രമാനുഗതമായുള്ള മലയാള പഠനത്തിന് ആവശ്യമായ സൗകര്യം നിർണ്ണയിക്കാവുന്ന രീതിയിൽ സർക്കാർ ചെയ്തുകൊടുക്കേണ്ട താണ്."

<u>ഖണ്ഡം-4</u>

1. 4-ാം ഖണ്ഡത്തിന്റെ മാർജിനൽ ശീർഷകത്തിൽ 'ശിക്ഷ' എന്ന വാക്കിന് പകരം 'പിഴ' എന്ന വാക്ക് ചേർക്കേണ്ടതാണ്.

2. (1)-ാം ഉപഖണ്ഡത്തിൽ,—

   (i) "ഈ ആക്ടിലെയും ചട്ടങ്ങളിലെയും" എന്ന വാക്കുകൾക്ക് പകരം " ഈ ആക്ടിലെ 3-ാം വകുപ്പ് (2)-ഉം (3)-ഉം ഉപവകുപ്പുകളിലെ " എന്ന അക്കങ്ങളും ചിഹ്നവും ബ്രായ്ക്കറ്റുകളും വാക്കുകളും;

   (ii) "വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകരെ അയ്യായിരം രൂപ പിഴ നൽകി ശിക്ഷിക്കേണ്ടതാണ്" " എന്ന വാക്കുകൾക്ക് പകരം "സ്കൂളുകളിലെ പ്രധാന അധ്യാപകന് അയ്യായിരം രൂപ പിഴ ചുമത്തേണ്ടതാണ്." എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

3. (2)-ാം ഉപഖണ്ഡത്തിൽ,—

   (i) "വിദ്യാഭ്യാസ ഡയറക്ടറുടെ" എന്ന വാക്കുകൾക്ക് പകരം "വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ" എന്ന വാക്കുകളും;

   (ii) "ഒരു ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾക്കുശേഷം "(1)-ാം ഉപവകുപ്പ്" എന്ന അക്കവും ബ്രായ്ക്കറ്റും ചിഹ്നവും വാക്കും;

   (iii) "അധ്യാപകരിൽ" എന്ന വാക്കിനുപകരം "അധ്യാപകനിൽ" എന്ന വാക്കും ചേർക്കേണ്ടതാണ്.

4. നിലവിലുള്ള (3)-ാം ഉപഖണ്ഡം (4)-ാം ഉപഖണ്ഡമായി പുനരക്കമിടേണ്ടതും ആയതിനു മുൻപായി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതുമാണ്:

"(3) (1)-ാം ഉപവകുപ്പ പ്രകാരമുള്ള ഉത്തരവിനെതിരെ, പ്രധാനാദ്ധ്യാപകന് അങ്ങനെയുള്ള ഉത്തരവ് കിട്ടി 30 ദിവസത്തിനുള്ളിൽ വിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതും അങ്ങനെയുള്ള അപ്പീൽ ആയത് സമർപ്പിച്ച തീയതി മുതൽ 30 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതുമാണ്."

5. പുനരക്കമിട്ട (4)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്:

"(4) (1)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള മൂന്ന് ലംഘനങ്ങളുണ്ടാകുന്ന പക്ഷം നിർണ്ണയിക്കാവുന്ന രീതിയിൽ, അൺ-എയ്ഡഡ് സ്കൂളുകളുടെ സംഗതിയിൽ, പ്രസ്തുത സ്കൂളിന്റെ അംഗീകാരം റദ്ദാക്കുന്നതും, സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.) കൗൺസിൽ ഫോർ ദി ഇൻഡ്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ (സി.ഐ.എസ്.സി.ഇ.) എന്നീ ബോർഡുകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്കൂളുകളുടെ സംഗതിയിൽ, അങ്ങനെയുള്ള സ്കൂളുകൾക്ക് നൽകിയിട്ടുള്ള നിരാക്ഷേപപത്രം റദ്ദാക്കുകയും ചെയ്യുന്നതാണ്."

<u>പുതിയ ഖണ്ഡം 4 എ ചേർക്കൽ</u>

നിലവിലുള്ള 4-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം 4 എ ചേർക്കേണ്ടതാണ്.

"4 എ. <u>സിവിൽ കോടതികളുടെ ആധികാരികതയ്ക്ക് വിലക്ക്.</u>—ഈ ആക്റ്റ് പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവ് സംബന്ധിച്ച് ഏതെങ്കിലും വ്യവഹാരമോ, അപേക്ഷയോ, മറ്റ് നടപടിയോ യാതൊരു സിവിൽ കോടതിയും പരിഗണനയ്ക്കെടുക്കാൻ പാടില്ലാത്തതാണ്".

ശ്രീ. കെ. സി. ജോസഫ്, ശ്രീ. ഷാഫിപറമ്പിൽ, ശ്രീ. പി. കെ. അബ്ദു റബ്ബ് എന്നീ അംഗങ്ങൾ റിപ്പോർട്ടിന്മേൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി.

II. <u>ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്</u>

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ (2014-15) 44-ാം ഖണ്ഡികയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന

(ഫയൽ നമ്പർ 3471/സബ്. സി. ഇ 1/2014/ നി.സെ.)

ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ 44-ാം ഖണ്ഡികയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ (2015-16) 33-ാം ഖണ്ഡികയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന

   (ഫയൽ നമ്പർ 3412/സബ്.സിഇ 1/2015/നി. സെ.)

   ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ 33-ാം ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ (2016-17) 23-ാം ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന

   (ഫയൽ നമ്പർ 5078/സബ്.സിഇ 1/2016/നി. സെ.)

   ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ 23-ാം ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

4. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ (2016-17) 36 മുതൽ 70 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

   (ഫയൽ നമ്പർ 5078/സബ്.സിഇ 1/2016/നി. സെ.)

   സാംസ്കാരികകാര്യ വകുപ്പിൽ നിന്നും ലഭ്യമായ 36 മുതൽ 70 വരെയുള്ള ഖണ്ഡികയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

5. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി ആംഗീകരിച്ചു

   (ഫയൽ നമ്പർ 2013/സബ്.സിഇ 1/2017/നി. സെ.)

സമിതി യോഗം വൈകന്നേരം 5.15 -ന് പിരിഞ്ഞു.

## 21-6-2017-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2017 ജൂൺ മാസം 21-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 ബി' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. വിദ്യാഭ്യാസവകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

ശ്രീ. കെ. സി. ജോസഫ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

ഡോ. ഉഷ ടൈറ്റസ്, സെക്രട്ടറി, പൊതുവിദ്യാഭ്യാസ/ഉന്നത വിദ്യാഭ്യാസ വകുപ്പ്

ശ്രീ. കെ. ഗോപാലകൃഷ്ണ ഭട്ട്, സ്പെഷ്യൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

ശ്രീ. എസ്. എച്ച്. ജയകേശൻ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്

ശ്രീമതി പി. ഇന്ദുകല, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്

ശ്രീമതി എസ്. മഞ്ജു, ജോയിന്റ് സെക്രട്ടറി, കായികയുവജനകാര്യ വകുപ്പ്

The Special Rules for the Kerala General Education Services (Amendment) 2017 സംബന്ധിച്ച കരട് ചട്ടം, സമിതിയുടെ വിവിധ റിപ്പോർട്ടുകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ, 752/2016 നമ്പർ എസ്. ആർ. ഒ.യുടെ സാധൂകരണം, 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു.

I. <u>കരട് ചട്ടം</u>

The Special Rules for the Kerala General Education Services (Amendment), 2017

(ഫയൽ നമ്പർ 199/സബ്. സി. ഇ 1/2017/നി.സെ.)

എസ്. ആർ. ഒ. നമ്പർ 752/2016-ന്റെ റാറ്റിഫിക്കേഷനാണെന്നും, 50 വയസ്സ് തികഞ്ഞ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് കെ. ഇ. ആർ., കെ. എസ്. ആർ. ടെസ്റ്റുകൾ പാസ്സാകേണ്ടതില്ലെന്ന വ്യവസ്ഥ ഗവൺമെന്റ് സ്കൂളിലെ അദ്ധ്യാപകർക്കും ബാധകമാക്കണമെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഭേദഗതി വന്നിട്ടുള്ളതെന്നും ആയതിന്റെ നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചതിനു ശേഷമാണ് സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് അയച്ചതെന്നും പ്രസ്തുത കരട് ചട്ടം എന്നു മുതൽ പ്രാബല്യത്തിൽ വരുത്തണമെന്നത് സംബന്ധിച്ച് കമ്മിറ്റി പരിശോധിക്കേണ്ടതുണ്ടെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു

എന്നു മുതലാണ് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളതെന്ന് സമിതി ആരാഞ്ഞപ്പോൾ മുൻകാല പ്രാബല്യം നൽകാൻ ഗവൺമെന്റിന് അധികാരമുണ്ടെങ്കിലും ഡേറ്റ് ഓഫ് നോട്ടിഫിക്കേഷൻ മുതൽ പ്രബല്യത്തിൽ വരുത്തണമെന്നഭിപ്രായം സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് തീരുമാനിക്കണമെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

50 വയസ്സ് കഴിഞ്ഞു എന്നതുകൊണ്ട് മാത്രം ടെസ്റ്റുകൾ പാസ്സാകേണ്ടതില്ലെന്നുള്ളത് പരിഗണിക്കത്തക്ക വിഷയമല്ലെന്നും, ഒന്നോ, രണ്ടോ വർഷം ഗ്രേസ് പിരീഡ് കൊടുത്ത് ആക്ട് ഭേദഗതി ചെയ്യുന്നതാണ് അഭികാമ്യമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പുസെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത ഭേദഗതി ഹൈസ്കൂളിന് മാത്രമാണോ ബാധകമായി വരുന്നതെന്ന് സമിതി ആരാഞ്ഞതിന് എൽ. പി./യു. പി. സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് കെ. എസ്. ആർ. മാത്രം പാസ്സായാൽ മതിയെന്നും ഈ നിബന്ധന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കും നിർബന്ധമാക്കാൻ പോവുകയാണെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് നിർബന്ധമാക്കണമോയെന്ന കാര്യം ആലോചിക്കാമെന്ന് സമിതി അഭിപ്രായപ്പെട്ടു.

നിലവിൽ ഒരു സർക്കുലറിന്റെയും ഓർഡറിന്റെയും അടിസ്ഥാനത്തിൽ ആറുമാസം വീതം എക്സ്റ്റന്റ് ചെയ്തു പോവുകയാണെന്നും 1-3-2015-ൽ ഇങ്ങനെ 6 മാസത്തേക്ക് എക്സ്റ്റന്റ് ചെയ്തപ്പോൾ ആരോ കോടതിയിൽ പോയതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ പ്രൊമോട്ട് ചെയ്ത അദ്ധ്യാപകരെ റിവർട്ട് ചെയ്യാനും ക്വാളിഫൈഡ് ആയവരെ പ്രൊമോട്ട് ചെയ്യാനും ഓർഡർ വന്നതിന്റെ അടിസ്ഥാനത്തിൽ പിന്നീട് എക്സ്റ്റന്റ് ചെയ്ത് കൊടുത്തില്ലെന്നും 1-3-2015 മുതൽ 1-9-2015 വരെ മാത്രമേ ഈ എക്സ്റ്റൻഷൻ പുതുക്കി കൊടുത്തിട്ടുള്ളുവെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത ചട്ടം എയ്ഡഡ് സ്കൂളുകളിൽ ഇപ്പോൾ നിഷ്കർഷിക്കാൻ പോകുന്നതുകൊണ്ട് ഗവൺമെന്റ് സ്കൂളിലും നിഷ്കർഷിക്കേണ്ടതുണ്ടെന്ന് പൊതുവിദ്യാഭ്യാസ/ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു.

അക്കൗണ്ട് ടെസ്റ്റ് ലോവറും കെ. ഇ. ആർ. ടെസ്റ്റുമാണ് എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകർ പാസ്സാകേണ്ടതെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ടി നിബന്ധനയാണ് ഇപ്പോൾ ഒഴിവാക്കാൻ പോകുന്നതെന്ന് പൊതുവിദ്യാഭ്യാസ സെക്രട്ടറി അറിയിച്ചു.

ഈ വിഷയം ഒന്നുകൂടി പരിശോധിക്കാമെന്ന് ചെയർമാൻ നിർദ്ദേശിച്ചു

II. എസ്.ആർ.ഒ. യുടെ സാധൂകരണം

കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 21, ചട്ടം 7, അദ്ധ്യായം 23, ചട്ടം 5 എന്നിവയിൽ ഭേദഗതി വരുത്തിയ എസ്.ആർ.ഒ. നമ്പർ 752/2016 വിജ്ഞാപനത്തിന്റെ സാധൂകരണം സംബന്ധിച്ച്.

(ഫയൽ നമ്പർ 917/സബ്.സി.ഇ.1/2017/നി.സെ.)

എസ്.ആർ.ഒ. നമ്പർ 752/2016-ൽ കെ.ഇ.ആർ. അമെന്റ്മെന്റാണെന്നും അമെന്റ്മെന്റ് റൂൾ നമ്പർ 3 ധാരാളം കൺഫ്യൂഷനുള്ളതാണെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

എല്ലാ സ്കൂളുകൾക്കും ഒരു പാരിറ്റി വേണമെന്നും 1979 -ന് മുമ്പും ശേഷവും വന്ന സ്കൂളുകളെ രണ്ടുതരത്തിലാണ് റൂൾസിൽ പറഞ്ഞിരിക്കുന്നതെന്നും കേരളത്തിലെ എല്ലാ സ്കൂളുകൾക്കും ഒരു യൂണിഫോമിറ്റി വേണമെന്നും അതുകൊണ്ട് റൂൾ നമ്പർ 3 ഒഴിവാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

III. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്

(1) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ (2016-17) 73, 74, 75 എന്നീ ഖണ്ഡികകളുടെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന.

(ഫയൽ നമ്പർ 5078/സബ്.സി.ഇ.1/2016/നി.സെ.)

കായിക യുവജനകാര്യ വകുപ്പിൽ നിന്നും ലഭ്യമായ 73, 74, 75 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു

(2) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ (2015-16) 32, 34, 42, 43, 52, 57 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന.

(ഫയൽ നമ്പർ 3412/സബ്.സി.ഇ.1/2015/നി.സെ.)

ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ 32, 34, 42, 43, 52, 57 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

(3) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ (2016-17) 12, 19, 20, 21, 24, 25, 26, 27, 30, 31, 32, 34 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റുമെന്റുകളുടെ പരിഗണന.

(ഫയൽ നമ്പർ 5078/സബ്.സി.ഇ.1/2016/നി.സെ.)

ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ 12, 19, 20, 21, 24, 25, 26, 27, 30, 31, 32, 34 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റുമെന്റുകൾ സമിതി അംഗീകരിച്ചു

IV. <u>സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി തീരുമാനമെടുത്ത ഫയൽ</u>

2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ട് - കരട് ചട്ടങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

(ഫയൽ നമ്പർ 3030/സബ്.സി.ഇ.1/2013/നി.സെ.)

2014-ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ട് - കരട് ചട്ടങ്ങൾ നാളിതുവരെയും ലഭ്യമാക്കാത്തത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്മേൽ സമിതി വിവരം ആരാഞ്ഞതിൽ പ്രസ്തുത ആക്ടിന്മേൽ നിയമ വകുപ്പുമായി ആലോചിച്ച് കരട് ചട്ടം തയ്യാറാക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പുസെക്രട്ടറി സമിതിയെ അറിയിച്ചു ആയത് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

അതുപോലെ ആക്ടുകളിന്മേൽ ലഭ്യമാക്കാനുള്ള എല്ലാ കരട് ചട്ടങ്ങളും എത്രയും വേഗം ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു

V. <u>റിപ്പോർട്ട് പരിഗണന</u>

സമിതിയുടെ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

സമിതിയോഗം രാവിലെ 11.30-ന് പിരിഞ്ഞു.

1060/2018.

## 2-8-2017-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI, 2017 ആഗസ്റ്റ് 2-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ, ബഹു. സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും, സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. ശ്രീ. ഷാഫി പറമ്പിൽ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. ഉഷ ടൈറ്റസ്, സെക്രട്ടറി, പൊതുവിദ്യാഭ്യാസ/ ഉന്നതവിദ്യാഭ്യാസ വകുപ്പ്.
2. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.
3. ഡോ. എ. ആർ. രാജൻ, ഡയറക്ടർ, എസ്.ഐ.ഇ.പി.
4. ഡോ. പി. സുരേഷ് കുമാർ, ഡയറക്ടർ, ഐ. എച്ച്. ആർ. ഡി.
5. ഡോ. ഷാജി സേനാധിപൻ, ഡയറക്ടർ, എൽ. ബി. എസ്.
6. ശ്രീമതി കെ. ഗീത, അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
7. ശ്രീമതി പി. ഇന്ദുലേഖ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
8. ശ്രീ. വി. അജിത്ലാൽ, ജോയിന്റ് എക്സൈസ് കമ്മീഷണർ, അവയർനെസ് പ്രോഗ്രാം കോ-ഓർഡിനേഷൻ.

സമിതി " The State Institute of Encyclopaedic Publications (Kerala) Society General and Subordinate Service Rules 2017" എന്ന കരട് ചട്ടവും സമിതിയുടെ വിവിധ റിപ്പോർട്ടുകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകളും പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു :

I. <u>കരട് ചട്ടം</u>

" The State Institute of Encyclopaedic Publications (Kerala) Society General and Subordinate Service Rules 2017."

(ഫയൽ നമ്പർ 18616/സബ്. സി. ഇ 1/2008/നി. സെ.)

1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി & സയന്റിഫിക് സൊസൈറ്റീസ് ആക്ട് പ്രകാരമാണ് "The State Institute of Encyclopaedic Publications (Kerala) Society General and Subordinate Service Rules 2017 രൂപപ്പെടുത്തിയതെന്നും പ്രസ്തുത റൂൾ, 11(8) പ്രകാരം ഗവേണിംഗ് ബോഡിയാണ് ചട്ടം ഉണ്ടാക്കുന്നതെന്നും ഗവൺമെന്റിനോടും പി.എസ്.സി.യോടും കൺസൾട്ട് ചെയ്തതിനുശേഷമാണ് ഗവേണിംഗ് ബോഡി ചട്ടങ്ങൾക്ക് രൂപം കൊടുക്കുന്നതെന്നും പബ്ലിക് സർവ്വീസ് കമ്മീഷന്റെ അനുമതി ലഭിച്ച ശേഷം മുമ്പ് ഈ വിഷയം സബ്ജക്ട് കമ്മിറ്റിക്ക് സമർപ്പിച്ചതാണെന്നും എന്നാൽ നോട്ടിഫിക്കേഷൻ മാതൃകയിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചതിനെത്തുടർന്നാണ് വീണ്ടും ആയത് സബ്ജക്ട് കമ്മിറ്റിക്ക് സമർപ്പിച്ചതെന്നും സമിതി അഭിപ്രായപ്പെട്ടു. നിയമനം നടക്കുന്ന കാറ്റഗറി, നിയമനത്തിനു വേണ്ട യോഗ്യത, നിയമനരീതി, പ്രൊമോഷൻ തുടങ്ങിയ ഏതാനും കാര്യങ്ങളാണ് ഈ ചട്ടപ്രകാരം വ്യവസ്ഥ ചെയ്യുന്നതെന്നും ബാക്കിയുള്ള എല്ലാ കാര്യങ്ങളും കേരള സ്റ്റേറ്റ് സബോർഡിനേറ്റ് റൂൾസിലെ നിബന്ധനകളാണെന്നും സമിതി അറിയിച്ചു. അക്കാദമിക് ജനറൽ സർവ്വീസ്, അക്കാദമിക് സബോർഡിനേറ്റ് സർവ്വീസ്, അഡ്മിനിസ്ട്രേറ്റീവ് ജനറൽ സർവ്വീസ്, അഡ്മിനിസ്ട്രേറ്റീവ് സബോർഡിനേറ്റ് സർവ്വീസ് എന്നീ നാല് വിഭാഗങ്ങളാണ് ഇതിലുള്ളതെന്നും, അക്കാദമിക് ജനറൽ സർവ്വീസിൽ ഡയറക്ടർ, അസിസ്റ്റന്റ് എഡിറ്റർ ഗ്രേഡ് I, അസിസ്റ്റന്റ് എഡിറ്റർ ഗ്രേഡ് II, പ്രൊഡക്ഷൻ ഓഫീസർ, ആർട്ട് എഡിറ്റർ, സബ് എഡിറ്റർ മുതലായ തസ്തികകളെല്ലാം ഗവൺമെന്റ് അംഗീകരിച്ചതാണെന്നും ഇപ്പോൾ വന്നിട്ടുള്ള ഭേദഗതി മാത്രമാണ് ഇതിൽ ഉൾപ്പെടുത്താനുള്ളതെന്നും സമിതി അറിയിച്ചു.

'part- II-A-Academic General Service' എന്ന തലക്കെട്ടിൽ 2. Method of Appointment-ൽ category 1- Name of post – Director, Method of Appointment- 'Appointment by Government' എന്നാണ് എൻസൈക്ലോപീഡിയ റൂൾസിൽ പറഞ്ഞിട്ടുള്ളതെന്നും കഴിഞ്ഞ തവണ ഇത് സബ്മിറ്റ് ചെയ്യുപ്പോൾ 'on deputation or otherwise' എന്നായിരുന്നു കൊടുത്തിരുന്നതെന്നും or otherwise എന്നതിനെ സംബന്ധിച്ച് ഒരു വ്യക്തത വേണമെന്ന് കഴിഞ്ഞ കമ്മിറ്റിയിൽ പറഞ്ഞിരുന്നതെന്നും അതിൽ 'deputation

or as decided by Government' എന്ന മാത്രമേ പറയാൻ സാധിക്കുകയുള്ളുവെന്നും ഇവിടെ പ്രിന്റ് ചെയ്ത് വന്നിരിക്കുന്നത് 'Appointment by Government on deputation cadre' എന്നാണെന്നും അതിൽ ചെയിഞ്ച് വരുത്തണമെന്നും എസ്.ഐ.ഇ.പി ഡയറക്ടർ സമിതിയെ അറിയിച്ചു.

'or otherwise' എന്നു കൂടി വന്നാൽ മാത്രമേ ഡെപ്യൂട്ടേഷൻ അല്ലാത്ത ഒരാളെ ഗവൺമെന്റിന് ആ തസ്തികയിലേക്ക് പോസ്റ്റ് ചെയ്യാൻ സാധിക്കുകയുള്ളുവെന്ന് സാംസ്കാരിക വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

ഡയറക്ടറുടെ നിയമനം ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ അല്ലെങ്കിൽ സർക്കാർ നിശ്ചയിക്കുന്ന മറ്റ് പ്രകാരമോ (or otherwise) അങ്ങനെ ആക്കിയാൽ മതിയെന്ന് സമിതി നിർദ്ദേശിച്ചു

5. Appointing Authority എന്ന ക്ലോസിൽ "2. All other posts except Librarian : Director" എന്നാണ് പറഞ്ഞിട്ടുള്ളതെന്നും അതിനു താഴെ 3-ാമതായി Librarian എന്ന പോസ്റ്റിന് മാത്രം Governing Body അപ്പോയിന്റിംഗ് അതോറിറ്റി ആയി പറഞ്ഞിരിക്കുന്നതെന്നും എന്നാൽ എല്ലാ കാറ്റഗറിയുടെയും അപ്പോയിന്റിംഗ് അതോറിറ്റി Director എന്ന് ആക്കാവുന്നതാണെന്നും എസ്.ഐ.ഇ.പി. ഡയറക്ടർ സമിതിയെ അറിയിച്ചു

പേജ് 5-ൽ The Appointing Authority for various categories is as follows എന്നതിൽ (2) All other posts except Librarian : Director' എന്നതിൽ 'except Librarian' എന്നും (3) Librarian: Governing Body എന്നും ഒഴിവാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരം ഡയറക്ടറാണ് അപ്പോയിന്റ് ചെയ്യുന്നതെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

പേജ് 4-ൽ 3. Qualifications എന്ന ക്ലോസിൽ കാറ്റഗറി 1-ന്റെയും കാറ്റഗറി 4-ന്റെയും ക്വാളിഫിക്കേഷനിലുള്ള വ്യത്യാസമാണെന്നും Production Officer തസ്തികയുള്ള ക്വാളിഫിക്കേഷനിൽ Post Graduate Degree in any discipline with 60% marks എന്നും Director തസ്തികയ്ക്ക് First/Second Class Master Degree എന്നുമാണ് പറഞ്ഞിരിക്കുന്നതെന്നും അതായത് ഹയർ പോസ്റ്റായ ഡയറക്ടർക്ക് ഫസ്റ്റ്/സെക്കന്റ് ക്ലാസ് ഡിഗ്രിയും ഡയറക്ടർ തസ്തികയ്ക്ക്, താഴെയുള്ള പ്രൊഡക്ഷൻ ഓഫീസർ തസ്തികയ്ക്ക് ഫസ്റ്റ്ക്ലാസ് ഡിഗ്രി തന്നെ വേണമെന്നും പറഞ്ഞിരിക്കുന്നതെന്നും അതിനു കാരണം സമിതി ആരാഞ്ഞു.

മുൻകാലങ്ങളിൽ ഡിഗ്രിയുടെയും മറ്റും നിശ്ചിത ശതമാനമാണ് രേഖപ്പെടുത്തിയിരുന്നതെന്നും, എന്നാൽ ഗ്രേഡിംഗ് സിസ്റ്റമാണ് ഇപ്പോൾ നിലവിലുള്ളതെന്നും ഇപ്പോഴത്തെ സാഹചര്യത്തിൽ ശതമാനത്തിന് പ്രസക്തിയില്ലെന്നും എസ്. ഐ. ഇ. പി. ഡയറക്ടർ സമിതിയെ അറിയിച്ചു.

ഡയറക്ടർ പോസ്റ്റിനും പ്രൊഡക്ഷൻ ഓഫീസർ പോസ്റ്റിനുമുള്ള യോഗ്യത First/Second Class Masters Degree എന്ന് ഒരേ പോലെ ആക്കി മാറ്റം വരുത്തിയാൽ മതിയെന്ന് സമിതി നിർദ്ദേശിച്ചു.

Part-II-D ADMINISTRATIVE SUBORDINATE SERVICE എന്ന തലക്കെട്ടിലെ 3. Qualification : എന്ന ക്ലോസിലെ കാറ്റഗറി 4 (പേജ് 9) Driver തസ്തികയ്ക്കുള്ള ക്വാളിഫിക്കേഷനിൽ മെഡിക്കൽ ഫിറ്റ്നസ് എന്നതിൻ കീഴിൽ Note 2. PH candidates are not eligible to apply for the post-ൽ 'ഫിസിക്കലി ഹാൻഡി ക്യാപ്ഡ്' എന്നതിനുപകരം 'ഫിസിക്കലി ചലഞ്ച്ഡ് ' എന്നാക്കുന്നതായിരിക്കും ഉചിതമെന്ന് സാംസ്കാരിക വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. വ്യത്യസ്തമായ കഴിവുകളുള്ള എന്ന രീതിയിൽ 'ഡിഫറന്റ്ലി ഏബിൾഡ്' എന്നാക്കി മാറ്റണമെന്ന് സമിതി നിർദ്ദേശിച്ചു.

മേൽപ്പറഞ്ഞ ഭേദഗതികളോടെ കരട് ചട്ടം സമിതി അംഗീകരിച്ചു.

II. <u>ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്</u>

<u>ഉന്നതവിദ്യാഭ്യാസ വകുപ്പ്</u>

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ (2016-17) 28, 29 എന്നീ ഖണ്ഡികകളുടെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

(ഫയൽ നമ്പർ 5078/സബ്.സി.ഇ 1/2016/നി.സെ.)

ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ 28, 29 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

I. <u>നിയമസഭാ ചട്ടം '235(1) (iii)' പ്രകാരമുള്ള ചർച്ച</u>

വിഷയം :—സ്കൂൾ വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരിവസ്തുക്കളുടെ ഉപയോഗം

പ്രസ്തുത വിഷയം മറ്റൊരു ദിവസം പരിഗണിക്കുന്നതിനായി മാറ്റിവച്ചു.

യോഗം ഉച്ചയ്ക്കുശേഷം 2.30-ന് പിരിഞ്ഞു.

# 9-8-2017-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2017 ആഗസ്റ്റ് 9-ാം തീയതി ബുധനാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 3.40-ന് നിയമസഭാ സമുച്ചയത്തിലെ 'IV B' സമ്മേളനഹാളിൽ സമിതി ചെയർമാനും വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. റ്റി. വി. രാജേഷ്
2. ശ്രീ. എം. സ്വരാജ്
3. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടോം ജോസഫ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
2. ഡോ. ഉഷ ടൈറ്റസ്, സെക്രട്ടറി, പൊതുവിദ്യാഭ്യാസ/ഉന്നത വിദ്യാഭ്യാസ വകുപ്പ്
3. ശ്രീ. കെ. ജി. ഭട്ട്, സ്പെഷ്യൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
4. ശ്രീ. എം. എച്ച്. മുഹമ്മദ് റാഫി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
5. ശ്രീ. എം. ജി. രഞ്ജിത്ത് കുമാർ, ജോയിന്റ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
6. ശ്രീമതി പി. ഇന്ദുലേഖ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

സമിതി, 'The Special Rules for the Kerala General Education Services (Amendment) 2017' എന്ന കരട് ചട്ടം, കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 21 (ചട്ടം 7), അദ്ധ്യായം 23 (ചട്ടം 5) എന്നിവയിൽ ഭേദഗതി വരുത്തി കൊണ്ടുള്ള എസ്. ആർ. ഒ. നമ്പർ 752/2016-ന്റെ സാധൂകരണം, ധനാഭ്യർത്ഥനകളുടെ പരിശോധന

സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

I. <u>കരട് ചട്ടം</u>

<u>പൊതുവിദ്യാഭ്യാസ വകുപ്പ്</u>

The Special Rules for the Kerala General Education Services (Amendment) 2017.

(ഫയൽ നമ്പർ 199/സബ്.സി.ഇ 1/2017/നി.സെ.)

50 വയസ്സ് തികഞ്ഞ എയ്ഡഡ് ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഹെഡ്മാസ്റ്റർമാരായി പ്രൊമോഷൻ ലഭിക്കുന്നതിന് കെ. ഇ. ആറും ഡിപ്പാർട്ട്മെന്റ് ടെസ്റ്റും പാസ്സാകണമെന്ന നിബന്ധന ഒഴിവാക്കുന്നതിനുള്ള അമെന്റ്മെന്റ് ആണിതെന്നും ഹെഡ്മാസ്റ്റർമാർ എ. ഇ. ഒ./ഡി. ഇ. ഒ. എന്നീ തസ്തികകളിലേക്ക് പോകേണ്ടിവരുമ്പോൾ കെ.ഇ.ആർ. മനസ്സിലാക്കിയിരിക്കേണ്ടത് അത്യാവശ്യമായതുകൊണ്ട് അമെന്റ്മെന്റ് വരുത്തേണ്ടതില്ലെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഹെഡ്മാസ്റ്റർമാരെ പ്രസ്തുത പരീക്ഷയിൽ നിന്നും ഒഴിവാക്കേണ്ടതില്ലെന്നും, അമെന്റ്മെന്റ് സ്വീകരിക്കേണ്ടതില്ലെന്നും സമിതി നിർദ്ദേശിച്ചു.

II. <u>എസ്.ആർ.ഒ.യുടെ സാധൂകരണം</u>

കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 21 (ചട്ടം 7) അദ്ധ്യായം 23 (ചട്ടം 5) എന്നിവയിൽ ഭേദഗതി വരുത്തിയ എസ്. ആർ. ഒ. നമ്പർ 752/2016 വിജ്ഞാപനത്തിന്റെ സാധൂകരണം.

(ഫയൽ നമ്പർ 917/സബ്.സി.ഇ 1/2017/നി.സെ.)

ഗസറ്റ് നോട്ടിഫിക്കേഷനിൽ നോട്ട് 3(2) in Chapter XXIII (c)-ൽ 5-ാം പേജിൽ "14A Notwithstanding anything....." എന്നു തുടങ്ങുന്ന പാരഗ്രാഫിലെ മൂന്നാമത്തെ വരിയിൽ "notification in the official gazette" എന്നീ വാക്കുകൾക്കു പകരം 'order' എന്ന വാക്ക് ചേർക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

എസ്.ആർ.ഒ. അടുത്ത യോഗത്തിൽ വിശദമായി പരിഗണിക്കുവാൻ സമിതി നിർദ്ദേശിച്ചു.

III. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള കുറിപ്പ്

ഉന്നതവിദ്യാഭ്യാസ വകുപ്പ്

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ (2016-17) 13, 14, 15, 16, 22 എന്നീ ഖണ്ഡികകളുടെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന.

(ഫയൽ നമ്പർ 5078/സബ്.സി.ഇ 1/2016/നി.സെ.

കോഴിക്കോട് മഹാത്മാഗാന്ധി, കുസാറ്റ്, കണ്ണൂർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല തുടങ്ങിയ സർവ്വകലാശാലകൾക്ക് അധിക തുക അനുവദിക്കുന്നതിനുള്ള ശിപാർശകളാണിതെന്ന് ഉന്നതവിദ്യാഭ്യാസ സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത കുറിപ്പ് സമിതി അംഗീകരിച്ചു.

IV. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്

ഉന്നതവിദ്യാഭ്യാസ വകുപ്പ്

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ (2016-17) 17, 18, 33, 35 എന്നീ ഖണ്ഡികകളുടെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന.

(ഫയൽ നമ്പർ 5078/സബ്.സി.ഇ 1/2016/നി.സെ.)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ (2016-17) 17, 18, 33, 35 എന്നീ ഖണ്ഡികകളുടെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

തൊഴിലും നൈപുണ്യവും വകുപ്പ്

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ (2015-16) 59-ാം ഖണ്ഡികയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന.

(ഫയൽ നമ്പർ 3412/സബ്.സി.ഇ 1/2015/നി.സെ.)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 59-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും വകുപ്പിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

റാങ്കിംഗിൽ ഏറ്റവും മികച്ച ഐ. ഐ. റ്റി., ഐ. ഐ. എം., സിവിൽ സർവ്വീസ് അക്കാദമി എന്നിവ സന്ദർശിച്ച് സബ്ജക്ട് കമ്മിറ്റി പഠനം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

സമിതിയുടെ അടുത്ത യോഗം 16-8-2017-ന് തിരുവനന്തപുരത്തുവച്ച് കൂടാൻ തീരുമാനിച്ചു.

യോഗം വൈകുന്നേരം 4 മണിക്ക് പിരിഞ്ഞു.

## 16-8-2017-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2017 ആഗസ്റ്റ് 16-ാം തീയതി ബുധനാഴ്ച സഭാ സമ്മേളനത്തിനുശേഷം രാവിലെ 10.45-ന് നിയമസഭാ സമുച്ചയത്തിലെ '3 സി' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷനും ബഹു. വിദ്യാഭ്യാസവകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. ആർ. രാജേഷ്
3. ശ്രീ. റ്റി. വി. രാജേഷ്
4. ശ്രീ. ഷാഫി പറമ്പിൽ
5. ശ്രീ. എം. സ്വരാജ്
6. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. കെ. ജി. ഭട്ട്, സ്പെഷ്യൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

2. ശ്രീമതി ജെസ്സി ജോസഫ്, എ. ഡി. പി. ഐ. O/o ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ

3. ശ്രീ. മുരളീധരൻ പിള്ള, ജോയിന്റ് സെക്രട്ടറി, O/o ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ.

4. ശ്രീമതി പി. ഇന്ദുകല, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

സമിതി, കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 21 (ചട്ടം 7) അദ്ധ്യായം 23 (ചട്ടം 5) എന്നിവയിൽ ഭേദഗതി വരുത്തിയ എസ്. ആർ. ഒ. നമ്പർ 752/2016 വിജ്ഞാപനത്തിന്റെ സാധൂകരണം സംബന്ധിച്ച് പരിശോധന നടത്തുകയും താഴെപ്പറയുന്ന ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു.

എസ്. ആർ. ഒ.യുടെ സാധൂകരണം

കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 21 (ചട്ടം 7) അദ്ധ്യായം 23 (ചട്ടം 5) എന്നിവയിൽ ഭേദഗതി വരുത്തിയ എസ്. ആർ. ഒ. നമ്പർ 752/2016 വിജ്ഞാപനത്തിന്റെ സാധൂകരണം.

[ഫയൽ നമ്പർ 917/സബ്.സി.ഇ 1/2017/നി.സെ.]

പ്രസ്തുത എസ്. ആർ. ഒ. ഭേദഗതികളോടെ താഴെപ്പറയുന്ന രൂപത്തിൽ സമിതി അംഗീകരിച്ചു

1. *Short title and commencement.*—(1) These rules may be called the Kerala Education (Amendment) Rules, 2017. (substitute "2017" instead of "2016")

(2) They shall be deemed to have come into force on the 29th day of Janaury, 2016.

2. *Amendment of the rules.*—In the Kerala Education Rules, 1959,—

(a) under Chapter XXI, in rule 7,—

(i) in Sub rule (1), before the opening words, "The posts of Lower Primary School Assistant", the words, figures and letters "Subject to rules 43, 51 A and 51 B of Chapter XIV A", shall be inserted;

(ii) in sub rule (2), before the opening words, "The additional posts", the words, figures and letters, "Subject to rules 43, 51 A and 51 B of Chapter XIV A", shall be inserted.

(iii) for sub rule (3), the following sub rule and the Note there under shall be substituted, namely:—

(3) (a) Subject to rules 43, 51A and 51B of chapter XIV A, in the schools opened/upgraded during the period from 22-05-1979 to 28-01-2016, except in the pre-upgraded section, in addition to the additional posts/vacancies earmarked for appointing protected hands in terms of sub rules (1), (2) and (4), one among the existing/arising regular vacancies of teachers/non teaching staff shall also be filled up by the Manager by appointing a protected hand from the Teachers Bank with the permission of the Deputy Director, Education concerned.

(b) Notwithstanding anything contained in sub rule (viii) of rule 6, chapter V, in the schools opened/upgraded or opening/upgrading on or after 29-01-2016, except in the pre-upgraded section, all the existing and arising vacancies including all additional / new posts shall be filled up by the manager by appointing protected hands from the Teachers Bank with the permission of the Deputy Director, Education concerned.

*Note*:—"pre-upgraded section" means the existing Lower Primary/Upper Primary section prior to the up gradation of the school as Upper Primary School/High School on or after 22nd May, 1979".

(iv) for sub rule (5), the following sub rule shall be substituted, namely:—

"(5) subject to rules 43, 51A and 51B of chapter XIV A, the posts/vacancies earmarked for appointing protected hands in sub rules (1), (2), clauses (a) and (b) of sub rule (3) and (4) shall not be filled up by the Managers otherwise than from the Teachers Bank. The appointments made by the Managers against other vacancies occurred on the same date or on a subsequent date, shall be considered for approval only with effect from the date of joining duty of the protected hands in the above posts/vacancies".

(v) in sub rule (8), for the figures, brackets and words, "(1) and (2)", wherever it occurs, shall be substituted with the figures, brackets and words, "(1), (2), and clauses (a) and (b) of sub rule (3)"

(b) in Chapter XXIII, in rule 14A,—

(i) the words, "and in rule 3A of chapter XXIV B" shall be deleted;

(ii) for the words, "notification in the official gazette", the word "order" shall be substituted.

Substitute the Explanatory Note as following;

*Explanatory Note*

(This does not form part of the notification, but is intended to indicate its general purport)

As per G.O. (P) No. 199/2016/Gen. Edn dated 3-12-2016, Government amended the Kerala Education Rules thereby providing provisions for appointing teachers from among the list of protected teachers maintained under the Teachers Bank. As a part of it, all vacancies in the schools opened/upgraded on after 22nd May, 1979, except in the pre-upgraded sections were earmarked for appointing protected teachers from the Teachers Bank. It has now been decided that, in the schools opened/upgraded during the period from 22-5-1979 to 28-1-2016, except in the pre-upgraded section, one among the existing/arising vacancies need only be filled up by appointing protected hands from the Teachers Bank. Regarding the schools opened/upgraded or opening/upgrading on or after 29-1-2016, all the existing/arising vacancies are decided to be filled up by appointing protected hands from the Teachers Bank. Government also intends to protect the interests of rule 43, 51A and 51B claimants in the matter of appointing teachers in the posts of LPSA/UPSA sanctioned additionally by exempting Headmasters from class charges and in the additional posts.

Government have also decided to extend the strength of staffs sanctioned in the schools for the last year to subsequent year/years by way of a Government order thereby substituting the need for issuing a notification in the official Gazette for the purpose by amending rule 14A of chapter XXIII of the Rules,

The notification is intended to achieve the above objects.

ഉച്ചയ്ക്ക് 12 മണിക്ക് യോഗം പിരിഞ്ഞു.

# 27-9-2017-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2017 സെപ്റ്റംബർ മാസം 27-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V ബി' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷനും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. ആർ. രാജേഷ്
3. ശ്രീ. റ്റി. വി. രാജേഷ്
4. ശ്രീ. ഷാഫി പറമ്പിൽ
5. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ഋഷിരാജ് സിംഗ്, എക്സൈസ് കമ്മീഷണർ
2. ശ്രീ. കെ. എസ്. മധുസൂദനൻ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ഡോ. പി. പി. പ്രകാശൻ, ഡയറക്ടർ (ഇൻ ചാർജ്ജ്), ഡി.എച്ച്.എസ്.ഇ.
4. ശ്രീമതി ജെസി ജോസഫ്, എ.ഡി.പി.ഐ., O/o. ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ.

സമിതി, 'The Kerala Education (Amendment) Rules 2017' എന്ന കരട് ചട്ടം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ (2015-16) 26, 28, 30, 40 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും ചട്ടം 235(i)(iii) പ്രകാരം "സ്കൂൾ വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരിമരുന്നുപയോഗം" എന്ന വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

## I. കരട് ചട്ടം

<u>പൊതുവിദ്യാഭ്യാസ വകുപ്പ്:</u>

The Kerala Education (Amendment) Rules, 2017' (കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം XIV A, ചട്ടം 44A-യിൽ ഭേദഗതി കൊണ്ടുവരുന്നത് സംബന്ധിച്ച്)

(ഫയൽ നമ്പർ 4221/സബ്.സി.ഇ 1/2017/നി.സെ.)

എയ്ഡഡ് ഹൈസ്കൂൾ പ്രഥമാദ്ധ്യാപകരാകാൻ കെ.ഇ.ആർ. അദ്ധ്യായം XIV A ചട്ടം 44A-യിലെ ടെസ്റ്റ് യോഗ്യതകളിൽനിന്നും 50 വയസ്സ് കഴിഞ്ഞവരെ ഒഴിവാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത പ്രൊമോഷന് ടെസ്റ്റ് യോഗ്യതകൾ നേടിയ അദ്ധ്യാപകർ അതത് മാനേജ്മെന്റുകൾക്ക് കീഴിൽ ഉണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകേണ്ടതാണെന്നത് സംബന്ധിച്ച ഉത്തരവിന്റെ തീയതി 10-6-2015 ആണെങ്കിലും ആയതിന് പ്രാബല്യം അദ്ധ്യയന വർഷത്തിന്റെ ആദ്യ ദിവസമായ 1-6-2015 മുതൽ നൽകുന്നതിന് സമിതി നിർദ്ദേശിച്ചു.

10-6-2015-ൽ ജി.ഒ. പുറപ്പെടുവിച്ചുകൊണ്ടാണ് ആ തീയതി മുതൽ പ്രാബല്യത്തിൽ വന്നതെന്ന് നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

10-6-2015 എന്നുള്ളത് 1-6-2015 മുതൽ മുൻകാല പ്രാബല്യം നൽകുന്നതിനുള്ള മാറ്റം വരുത്തി ആയത് കെ.ഇ.ആറിൽ ഉൾപ്പെടുത്തണമെന്നും 'It shall be deemed to have come into force on the 10th day of June, 2015' എന്നത് 'It shall be deemed to have come into force on the 1st day of June, 2015' എന്നാക്കി മാറ്റണമെന്നും സമിതി നിർദ്ദേശിച്ചു.

മേല്പറഞ്ഞ ഭേദഗതിയോടെ പ്രസ്തുത കരട് ചട്ടം സമിതി അംഗീകരിച്ചു.

## II. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്

<u>ഉന്നതവിദ്യാഭ്യാസ വകുപ്പ്</u>:

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ (2015-16) 26, 28, 30, 40 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട്:

(ഫയൽ നമ്പർ 3412/സബ്.സി.ഇ 1/2015/നി.സെ.)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ (2015-16) 26, 28, 30, 40 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസവകുപ്പിൽനിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

III. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരമുള്ള ചർച്ച

(വിഷയം: സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം)

സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം എന്നത് വളരെ ഗൗരവമേറിയ വിഷയമാണെന്നും സർക്കാരിന്റെ 'വിമുക്തി' എന്ന പദ്ധതിയിൽ ഈ വിഷയംകൂടി ഉൾപ്പെടുത്താവുന്നതാണെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് മറ്റ് ജില്ലകളിൽകൂടി സിറ്റിംഗ് നടത്തി എല്ലാ മേഖലയിൽപ്പെട്ടവരിൽനിന്നും അഭിപ്രായങ്ങൾ ആരായുന്നത് നല്ലതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച സമഗ്ര പദ്ധതിയായ വിമുക്തിയുമായി ക്ലബ്ബ് ചെയ്ത് സ്കൂൾതലത്തിൽ എങ്ങനെ ലഹരി വിമുക്ത പരിപാടി നടപ്പിലാക്കാൻ കഴിയുമെന്നും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പ്രായോഗികമായും ജനകീയമായും ശാസ്ത്രീയമായും ഈ പ്രശ്നത്തിന് എങ്ങനെ പരിഹാരം കാണാൻ കഴിയുമെന്നതും സംബന്ധിച്ച് ഒരു ആശയ രൂപീകരണം ഉണ്ടാകണമെന്നും സമിതി നിർദ്ദേശിച്ചു.

ലഹരി ഉപയോഗം സമൂഹത്തിന്റെ എല്ലാ മേഖലകളിലും വർദ്ധിച്ച് വരികയാണെന്നും സ്കൂൾ, കോളേജുകൾ കേന്ദ്രീകരിച്ചാണ് എക്സൈസ് വകുപ്പ് കൂടുതൽ പ്രവർത്തനങ്ങൾ നടത്തിയതെന്നും ആൺകുട്ടികളിലും പെൺകുട്ടികളിലുംപെട്ട രണ്ട്/മൂന്ന് വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ചേർത്ത് സ്കൂൾ/കോളേജ് തലങ്ങളിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും ക്ലബ്ബിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികൾക്ക് ഇതുമായി ബന്ധപ്പെട്ട എന്ത് കാര്യങ്ങളും നേരിട്ട് എക്സൈസ് കമ്മീഷണറെയോ ഡെപ്യൂട്ടി കമ്മീഷണറെയോ വിളിച്ച് പറയാൻ സാധിക്കുമെന്നും കഴിഞ്ഞ ഒരു വർഷം നടത്തിയ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമിതാണെന്നും എക്സൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു

ഈ പ്രശ്നം മൂന്ന് രീതികളിലാണ് പരിഹരിക്കാൻ കഴിയുന്നതെന്നും ഒന്നാമതായി ലഹരി വസ്തുക്കളുടെ വില്പനയും വിതരണവും തടയുകയെന്നുള്ളതാണെന്നും അതിനായി ലഹരി വസ്തുക്കൾ വിൽക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നവരെ പിടികൂടുകയാണ് ചെയ്യുന്നതെന്നും ലഹരി വസ്തുക്കൾ മിക്കവാറും കേരളത്തിൽ എത്തുന്നത് ട്രെയിനുകൾ വഴിയാണെന്നും ഇതിനെതിരെ ആർ.പി.എഫ്.-ന്റെയും പോലീസിന്റെയും സഹായത്തോടെ ദിവസേന റെയ്ഡുകൾ നടത്തുന്നുണ്ടെന്നും എക്സൈസ് കമ്മീഷണർ അറിയിച്ചു

അന്യസംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ റെയ്ഡ് ചെയ്ത് ഒരു വർഷം കൊണ്ട് 550 ടൺ ലഹരി വസ്തുക്കൾ പിടിച്ചെടുത്ത് കത്തിക്കുകയുണ്ടായെന്നും ഇത്തരം വസ്തുക്കൾ സ്കൂൾ പരിസരത്തുനിന്നും പിടിച്ചെടുക്കുന്നതിന്റെ ഭാഗമായി സ്കൂൾ പരിസരത്തുള്ള തട്ടുകടകൾ പൂർണ്ണമായും അടപ്പിച്ചുകഴിഞ്ഞെന്നും എക്സൈസ് കമ്മീഷണർ അറിയിച്ചു

രണ്ടാമത്തേത്, ബോധവൽക്കരണമാണെന്നും ഓരോ ദിവസവും എക്സൈസ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർ 30 സ്കൂളുകളിലെങ്കിലും പോയി വിദ്യാർത്ഥികളുമായി ഇതുസംബന്ധിച്ച് സംസാരിക്കാറുണ്ടെന്നും ബോധവൽക്കരണത്തിനായി സംസ്ഥാന സർക്കാരിന്റെ 100 കോടി രൂപയുടെ പദ്ധതിയാണ് 'വിമുക്തി'യെന്നും ഇതിൽ ഓരോ വർഷവും 20 കോടി രൂപ ചെലവഴിക്കാമെന്നും ഈ വർഷം എല്ലാ പഞ്ചായത്തുകൾക്കും പണം നൽകുകയും ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണത്തിന് വിവിധ പരിപാടികൾ നടത്തുകയും ചെയ്തിട്ടുണ്ടെന്നും ജില്ലാതലത്തിൽ കളക്ടർമാരും എസ്.പി.മാരും പരിപാടികൾ നടത്തുന്നുണ്ടെന്നും പഞ്ചായത്തിനുള്ള പണം മുഴുവൻ നൽകിക്കഴിഞ്ഞെന്നും എക്സൈസ് കമ്മീഷണർ അറിയിച്ചു. പഞ്ചായത്തുകൾക്ക് എത്ര തുക വീതമാണ് നൽകുന്നതെന്ന് സമിതി ആരാഞ്ഞതിൽ ഓരോ പഞ്ചായത്തിനും 25,000 രൂപ വീതമാണ് നൽകുന്നതെന്നും ബോധവത്കരണത്തിന്റെ ഭാഗമായി നാടകങ്ങൾ, മാജിക് ഷോ എന്നിവ പഞ്ചായത്ത് സംഘടിപ്പിക്കുന്നുണ്ടെന്നും എക്സൈസ് കമ്മീഷണർ അറിയിച്ചു.

മൂന്നാമത്തേത്, ലഹരി വസ്തുക്കൾ ഉപയോഗിക്കാതിരിക്കുകയെന്നുള്ളതാണെന്നും അക്കാര്യത്തിലാണ് ഡിപ്പാർട്ട്മെന്റ് ഇപ്പോൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതെന്നും അതിന്റെ ഭാഗമായി സ്കൂളുകളിലും കോളേജുകളിലുമായി 1400 പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും ലഹരി വസ്തുക്കളുടെ വില്പനയും ഉപയോഗവും ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനുള്ള ഫോൺ നമ്പരുകൾ ക്ലബ്ബുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ടെന്നും ലഹരിവസ്തുക്കളുടെ ഉപയോഗം എക്സൈസ് വകുപ്പ് മാത്രം വിചാരിച്ചാൽ അവസാനിപ്പിക്കാൻ സാധിക്കില്ലെന്നും ആരോഗ്യ, വിദ്യാഭ്യാസ വകുപ്പുകൾ, സ്കൂൾ പി.ടി.എ.കൾ എന്നിവരുടെ ആത്മാർത്ഥമായ സഹകരണമുണ്ടെങ്കിൽ മാത്രമേ ഇതിനൊരു പരിഹാരം കാണാൻ സാധിക്കുകയുള്ളുവെന്നും 8 മുതൽ 18 വയസ്സുവരെയുള്ള കുട്ടികളിൽ 70% പേർ ഒരു തവണയെങ്കിലും ലഹരി ഉപയോഗിച്ചിട്ടുള്ളതായാണ് സർക്കാരിന്റെ കണക്കെന്നും എക്സൈസ് കമ്മീഷണർ അറിയിച്ചു.

ലഹരി വസ്തുക്കളുടെ ഉപയോഗം കൂടുതൽ നടക്കുന്നത് ക്ലാസ് റൂമുകളിലും ടോയ്‌ലെറ്റുകളിലും ഹോസ്റ്റലുകളിലുമാണെന്നും സഹപാഠികളുടെ നിർബന്ധംകൊണ്ടും കുട്ടികളുടെ മനസ്സിലുള്ള ഭയവും ചിന്തകളും കൊണ്ടുമാണ് ഇവ ഉപയോഗിക്കുന്നതെന്നും എക്സൈസ് കമ്മീഷണർ അറിയിച്ചു. ഓപ്പൺ ഡിസ്കഷൻ നടത്തുമ്പോൾ രക്ഷിതാക്കളെ വിളിച്ച് സംസാരിച്ചാൽ ഏറെ ഗുണമുണ്ടാകുമെന്നും ഇതുപോലുള്ള മാനസിക സമ്മർദ്ദം കുറയ്ക്കാൻ സാധിച്ചാൽ ലഹരി വസ്തുക്കളുടെ ഉപയോഗം കുറയാൻ സാധ്യതയുണ്ടെന്നും അദ്ദേഹം സമിതിയെ അറിയിച്ചു. സ്കൂളുകളിൽ സ്പോർട്സിനു പ്രാധാന്യം കൊടുക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് ആലോചിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ലഹരി വസ്തുക്കൾ ഉപയോഗിക്കുന്ന കുട്ടികളെ ഏതെങ്കിലും പരിശോധനയിലൂടെ തിരിച്ചറിയാൻ സാധിക്കുമോയെന്ന് സമിതി ആരാഞ്ഞപ്പോൾ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്ന കുട്ടികളെ അവരുടെ മാനസികവും ശാരീരികവുമായ പെരുമാറ്റങ്ങൾ കൊണ്ട് മനസ്സിലാക്കാൻ സാധിക്കുമെന്നും കൂടാതെ അവർ ക്ലാസിൽ വരാതാവുകയും അസ്വസ്ഥരായിരിക്കുകയും ചെയ്യുമെന്നാണ് സൈക്യാട്രിസ്റ്റുമാരുമായി സംസാരിച്ചപ്പോൾ മനസ്സിലായതെന്നും എക്സൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു.

ഇപ്പോൾ എല്ലാ സ്ഥലങ്ങളിലും എക്സൈസ് ഡിപ്പാർട്ട്മെന്റ് പരാതിപ്പെട്ടികൾ വച്ചിട്ടുണ്ടെന്നും വളരെ നിസ്സാരമെന്ന് തോന്നുന്ന കാര്യങ്ങൾപോലും പേരെഴുതാതെ അതിൽ എഴുതിയിടുന്നുണ്ടെന്നും സ്കൂളുകളിലെ പി.ടി.എ.-യെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ആ പരിപാടി കുറച്ചുകൂടി വിപുലീകരിച്ചാൽ കൂടുതൽ ഫലപ്രദമാകുമെന്നും സമിതി നിർദ്ദേശിച്ചു.

ഒരു കുട്ടി ലഹരി ഉപയോഗത്തിൽപ്പെട്ടുപോയാൽ ആ കുട്ടിയെ രക്ഷപെടുത്താൻ കേരളത്തിൽ ഒരു ഡി-അഡിക്ഷൻ സെന്റർ പോലുമില്ലെന്നും ആകെ രണ്ടോ മൂന്നോ ഡി-അഡിക്ഷൻ സെന്ററുകളാണ് കോമൺ ലെവലിലുള്ളതെന്നും എക്സൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു. ഡി-അഡിക്ഷൻ സെന്ററുകളിൽ ഒരു സൈക്യാട്രിസ്റ്റിന്റെ സേവനം എപ്പോഴും ലഭ്യമാക്കണമെന്നും ഒരു സൈക്കോളജിസ്റ്റ് ആഴ്ചയിൽ ഒരു ദിവസം വരണമെന്നും, ഒരു എം.ബി.ബി.എസ്. ഡോക്ടറും അഞ്ചോ ആറോ മെയിൽ നേഴ്സും പത്തോളം കിടക്കകളും ഉണ്ടായിരിക്കണമെന്നുമാണ് മെന്റൽ ഹെൽത്ത് ആക്ടിന്റെ ഡെഫനിഷനിൽ ഇതു സംബന്ധിച്ച് പറയുന്നതെന്നും പ്രൈവറ്റ് സെക്ടറിൽ വിവിധ സമുദായങ്ങൾ നടത്തുന്ന 69 ഡി-അഡിക്ഷൻ സെന്ററുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും അത്തരം സെന്ററുകളിൽ ഒറ്റ സെന്ററിനുപോലും മെന്റൽ ഹെൽത്ത് ആക്ടിന്റെ ഡെഫനിഷൻ അനുസരിച്ച് യോഗ്യതയില്ലെന്നും സംസ്ഥാന ആക്ടിന്റെ ഡെഫനിഷനിൽ ചെറിയ മാറ്റം വരുത്തിയാൽ 69 സെന്ററുകളും രക്ഷപെടും എന്നും എക്സൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു. ഇതു സംബന്ധിച്ച് സമഗ്രമായ ചർച്ച നടത്തി തീരുമാനിക്കാമെന്ന് സമിതി അഭിപ്രായപ്പെട്ടു.

പൊതുജനത്തിനെയും പി.ടി.എ. ഭാരവാഹികളെയും ഹെഡ്മാസ്റ്റർമാരെയും ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരെയും ഉൾപ്പെടുത്തി സബ്ജക്ട് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒക്ടോബർ പകുതിയോടുകൂടി കോഴിക്കോട് ജില്ലയിൽ ഒരു ചർച്ച സംഘടിപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 2.50-ന് പിരിഞ്ഞു.

1060/2018.

## 19-12-2017-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2017 ഡിസംബർ 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.00 മണിയ്ക്ക് എറണാകുളം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സമിതി അദ്ധ്യക്ഷനും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. കെ.സി. ജോസഫ്, എം.എൽ.എ.
2. ശ്രീ. എം. സ്വരാജ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. വി. ഒ. അജിത്കുമാർ, സെക്ഷൻ ഓഫീസർ.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1. ശ്രീ. കെ. മുഹമ്മദ് വൈ. സഫീറുള്ള, ജില്ലാ കളക്ടർ, എറണാകുളം
2. ശ്രീ. എ. ആർ. പ്രേംകുമാർ,ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസ്, കൊച്ചി സിറ്റി
3. ശ്രീ. ജിമ്മി കെ. ജോസ്, അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ഡി. പി. ഐ.
4. ഡോ. പി.എസ്. അജിത, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് കോളിജിയേറ്റ് എഡ്യൂക്കേഷൻ, എറണാകുളം
5. ശ്രീ. കെ. എ. നെൽസൺ, ഡെപ്യൂട്ടി കമ്മീഷണർ, എക്സൈസ്
6. ശ്രീ. സി. എ. സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ
7. ശ്രീമതി കെ. ജി. സതീറാണി, റീജണൽ ഡെപ്യൂട്ടി ഡയറക്ടർ (RDD) ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ
8. ശ്രീമതി പ്രീതി വിൽസൺ, ഡിസ്ട്രിക്ട് സോഷ്യൽ ജസ്റ്റിസ് ഓഫീസർ, എറണാകുളം
9. ശ്രീമതി കെ. ബി. സൈന, ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ
10. ഡോ. ലീന റാണി, ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), എറണാകുളം
11. ശ്രീ. പി. എൻ. ശ്രീനിവാസൻ, ഡയറക്ടർ, ജില്ലാ വ്യവസായ കേന്ദ്രം.

സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം എങ്ങനെ നിയന്ത്രിക്കാം എന്ന വിഷയം സംബന്ധിച്ച് എറണാകുളം ജില്ലയിലെ വിദ്യാഭ്യാസ മേഖലയിലെ ഉദ്യോഗസ്ഥർ, എക്സൈസ്, പോലീസ്, ആരോഗ്യം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, വ്യക്തികൾ, വിവിധ സംഘടനാ പ്രതിനിധികൾ എന്നിവരുമായി സമിതി പ്രസ്തുത യോഗത്തിൽ ചർച്ച നടത്തുകയുണ്ടായി.

യോഗത്തിൽ ഹാജരായ എല്ലാവരെയും സമിതി ചെയർമാൻ സ്വാഗതം ചെയ്യുകയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ സ്കൂളുകളിലും നിരവധി അക്കാദമിക് - അക്കാദമിക് ഇതര പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഭാഗമായി ഒന്നര ലക്ഷത്തോളം കുട്ടികൾ പുതുതായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വിദ്യാലയങ്ങളിലേയ്ക്ക് പ്രവേശനം നേടിക്കഴിഞ്ഞിട്ടുണ്ടെന്നും അത് പൊതു വിദ്യാഭ്യാസ രംഗത്ത് നല്ല പ്രതീക്ഷ നല്കുന്നുണ്ടെന്നും എന്നാൽ നമ്മുടെ വിദ്യാർത്ഥികൾ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നുവെന്നുള്ള അറിവ് വളരെ ഗൗരവമുള്ളതാണെന്നും അതിന് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പരിഹാരം കാണാൻ കഴിയണമെന്നും, സർക്കാർ, സംസ്ഥാന തലത്തിലാരംഭിച്ച 'വിമുക്തി' എന്ന പരിപാടിയുമായി സംയോജിപ്പിച്ച് സ്കൂളുകളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താം എന്ന് ചർച്ച ചെയ്യണമെന്നും, കൂടുതൽ ജനകീയമായ ചർച്ചകൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തണമെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. മാരും യോഗത്തിൽ പങ്കെടുത്തവരും അഭിപ്രായപ്പെടുകയുണ്ടായെന്നും തത്ഫലമായി കേരളത്തിലെ മൂന്നു പ്രദേശങ്ങളിൽ ഇത്തരം യോഗം ചേരാൻ സമിതി തീരുമാനിച്ചെന്നും, ഓരോരുത്തരുടേയും അനുഭവത്തിൽ നിന്ന് എങ്ങനെ ഈ പ്രശ്നത്തെ മറികടക്കാമെന്നും, എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തേണ്ടത് എന്നതിന്റെയും അടിസ്ഥാനത്തിൽ തിരുവനന്തപുരത്തും കോഴിക്കോടും വച്ച് ചർച്ചകൾ നടന്നുവെന്നും ഇത് മൂന്നാമത്തെ യോഗമാണെന്നും സമിതി അറിയിച്ചു. ഈ പ്രശ്നം ജനകീയതലത്തിൽ കൈകാര്യം ചെയ്യാൻ സാധിക്കണമെന്നും ലഹരി വിമുക്ത തലമുറയെ വാർത്തെടുക്കാൻ നമുക്ക് സാധിക്കുമെന്ന ശുഭാപ്തി വിശ്വാസമാണ് കഴിഞ്ഞ രണ്ട് ചർച്ചകളിൽ ഉരുത്തിരിഞ്ഞതെന്നും, സർക്കാരിന്റെ ഭാഗത്തുനിന്ന് ചെയ്യേണ്ട കാര്യങ്ങൾ, അദ്ധ്യാപകരുടേയും പി.റ്റി.എ. യുടെയും ഭാഗത്തുനിന്നും ചെയ്യേണ്ട കാര്യങ്ങൾ എന്നിവ വിസ്തരിച്ച് യോഗത്തിൽ പങ്കെടുത്തവർ പറയുകയുണ്ടായെന്നും അതുകൊണ്ട് ഈ ചർച്ചകൂടി കഴിഞ്ഞാൽ ഈ മൂന്ന് ചർച്ചകളിലെയും അഭിപ്രായങ്ങൾ ക്രോഡീകരിച്ച് കൊണ്ട് ഒരു മൊഡ്യൂൾ തയ്യാറാക്കണമെന്നാണ് സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് ഉദ്ദേശിക്കുന്നതെന്നും, ആ മൊഡ്യൂൾ കേരളത്തിൽ വ്യാപകമായി നടപ്പിലാക്കി ഭാവിയിൽ ലഹരി ഉപയോഗം ഇല്ലാത്ത, ലഹരി വിമുക്തമായ ഒരു തലമുറയെ സ്കൂളുകളിൽ വാർത്തെടുക്കാൻ കഴിയണമെന്നും സമിതി അഭിപ്രായപ്പെട്ടു. 'വിമുക്തി' പദ്ധതിയുമായി ബന്ധപ്പെടുത്തി എക്സൈസ്, ആരോഗ്യം, ആഭ്യന്തരം, പൊതുവിദ്യാഭ്യാസം, സാമൂഹ്യനീതി

എന്നീ വകുപ്പുകളുമായി ചേർന്ന് ഒരു സംയോജിത സമീപനമാണ് എടുക്കുന്നതെന്നും, മദ്യവും മയക്കമരുന്നും ഉപയോഗിക്കാത്ത ഒരു തലമുറയെ നമ്മുടെ വിദ്യാലയങ്ങളിൽ നമുക്ക് വാർത്തെടുക്കാൻ കഴിയണമെന്നുള്ളതാണ് നമ്മുടെ ലക്ഷ്യമെന്നും അതിന് നമുക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്ന ചർച്ചയാണ് നടക്കേണ്ടതെന്നും സമിതി അറിയിച്ചു

വിമുക്തിയുടെ ഭാഗമായി ലഹരി വിമുക്ത കാമ്പസ് ആണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും ജില്ലയിലെ കാമ്പസുകളിൽ വർദ്ധിച്ചുവരുന്ന ലഹരി മരുന്നുകളുടെ ഉപയോഗം എങ്ങനെ നിയന്ത്രിക്കുവാൻ കഴിയും എന്നതാണ് നമ്മുടെ ചർച്ചയുടെ ലക്ഷ്യം എന്നും ശ്രീ. കെ.സി. ജോസഫ്, എം.എൽ.എ. അറിയിച്ചു. നമ്മുടെ ഇളംതലമുറയെ ഈ അപകടത്തിൽനിന്നും രക്ഷപ്പെടുത്തുക എന്നുള്ളതാണ് സർക്കാരിന്റെയും നാടിന്റെയും പൊതുവായ ആവശ്യമെന്നും അതോടൊപ്പം ഇതിന്റെ ഭാഗമായി രക്ഷിതാക്കളുടേയും സമൂഹത്തിന്റെയും മനോഭാവത്തിൽ ചില മാറ്റങ്ങൾ വരേണ്ടതായിട്ടുണ്ടെന്നും, അതിന്റെ തുടക്കമെന്ന നിലയിൽ സ്കൂളുകളെ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും പിടിയിൽനിന്ന് രക്ഷപ്പെടുത്തിയെടുക്കാൻ വരുംതലമുറയെ ശരിയായ പാതയിലേയ്ക്ക് നയിക്കാൻ ആവശ്യമായ ഒരു ബൃഹത്പദ്ധതിയുടെ ഔപചാരികമായ തുടക്കമാണ് തിരുവനന്തപുരത്തും കോഴിക്കോട്ടും നടന്ന ചർച്ചകളെന്നും ശ്രീ. എം. സ്വരാജ്, എം.എൽ.എ. പറഞ്ഞു.

ലഹരി പദാർത്ഥങ്ങളുടെയും മയക്കമരുന്നിന്റെയും ഉപയോഗത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകുന്നത് ക്രിസ്തുമസ്, ന്യൂഇയർ, ഓണം, പെരുന്നാൾ തുടങ്ങിയ ഉത്സവ സമയങ്ങളിലാണെന്നും എറണാകുളം ജില്ലയിൽ സർക്കാർ ആവിഷ്കരിച്ച 'വിമുക്തി' പദ്ധതി, സ്കൂളുകളിലെ വിവിധ സംഘടനാംഗങ്ങൾ, പോലീസ്, എക്സൈസ് തുടങ്ങിയ വകുപ്പുകൾ എന്നിവ വിവിധ തലങ്ങളിൽ മയക്കമരുന്ന് ഉപയോഗത്തിനെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നുവെന്നും ജില്ലയിൽ ഈ പദ്ധതി ജനപങ്കാളിത്തത്തോടെ നല്ല രീതിയിൽ നടപ്പാക്കാനാണ് ശ്രമിച്ച് വരുന്നതെന്നും എറണാകുളം ജില്ലാ കളക്ടർ സമിതിയെ അറിയിച്ചു

കുട്ടികൾക്കിടയിലെ മയക്കമരുന്ന് ഉപയോഗം സംബന്ധിച്ച് പരിശോധിച്ചാൽ, 2016-ൽ 24 പോലീസ് സ്റ്റേഷനുകളിലായി 12 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെങ്കിൽ ഈ വർഷം 29 വിദ്യാർത്ഥികളെ പ്രതികളാക്കി 28 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും, വിദ്യാർത്ഥികൾ ആദ്യം ഒരു രസത്തിനുവേണ്ടി മയക്കമരുന്ന് ഉപയോഗിക്കാൻ തുടങ്ങുകയും അതിന് അടിമയായി മാറുകയും ക്രമേണ അതിന്റെ കണ്ണിയായി മാറുകയും ചെയ്യുന്നതായാണ് വിദ്യാർത്ഥികളെ ചോദ്യം ചെയ്തപ്പോൾ മനസ്സിലാക്കാൻ സാധിച്ചതായി ബന്ധപ്പെട്ടവർ സമിതിയെ അറിയിച്ചു ഇത് തടയുന്നതിന് ആദ്യപടി എന്ന നിലയ്ക്ക് വിദ്യാർത്ഥികൾക്കിടയിൽനിന്ന് ഇത്തരം കുട്ടികളെ കണ്ടെത്തി കൗൺസിലിംഗ് കൊടുക്കുന്നതിനായി സ്കൂളുകളിൽ കൗൺസിലിംഗ് സെന്റർ സംവിധാനം ഉണ്ടാക്കണമെന്നും രണ്ടാമതായി

ജില്ലയിൽ വിദ്യാർത്ഥികൾക്ക മാത്രമായി ഒരു സൈക്യാട്രിക് ചികിത്സാ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുകയാണ് വേണ്ടതെന്നും മറ്റുള്ളവരെ ചികിത്സിക്കുന്ന ഇത്തരം കേന്ദ്രങ്ങളിൽ വിദ്യാർത്ഥികളെ കൊണ്ടുപോകാതെ അവർക്ക് മാത്രമായി സൈക്യാട്രിക് ക്ലിനിക് എന്ന പേരിന് പകരം മറ്റെന്തെങ്കിലും പേരിൽ ഒരു സ്ഥാപനം ആരംഭിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്നും ഇങ്ങനെ കൗൺസിലിംഗിനു വിധേയരായിട്ടും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തുവാൻ കഴിയാത്ത വിദ്യാർത്ഥികളെ ഡി-അഡിക്ഷൻ സെന്ററിലേയ്ക്ക് മാറ്റണമെന്നും അതിന് വിദ്യാർത്ഥികൾക്ക മാത്രമായി ഓരോ ജില്ലയിലും ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കേണ്ടിയിരിക്കുന്നുവെന്നും ഡെപ്യൂട്ടി കമ്മീഷണർ സമിതിയെ അറിയിച്ചു.

പലപ്പോഴും വിദ്യാർത്ഥികൾ ലഹരിമരുന്ന് ഉപയോഗിക്കുന്നു എന്ന കാര്യം അദ്ധ്യാപകർക്ക് അറിയാമെങ്കിലും അദ്ധ്യാപകരോ, ബന്ധപ്പെട്ടവരോ അത് ശ്രദ്ധിക്കുകയോ അറിയിക്കേണ്ടവരെ അറിയിക്കുകയോ ചെയ്യുന്നില്ലെന്നും സ്കൂളിന്റെ സൽപ്പേരിനെ ബാധിക്കുമെന്നുള്ളതുകൊണ്ടാകാം ഇത് വെളിപ്പെടുത്താതെ അവർ മറച്ചുവയ്ക്കുന്നതെന്നും, ഇങ്ങനെ ചെയ്യുമ്പോൾ വിദ്യാർത്ഥികൾക്ക് ഇത് കൂടുതൽ ഉപയോഗിക്കാനുള്ള അവസര മുണ്ടാകുകയാണ് ചെയ്യുന്നതെന്നും, ഇത്തരം കാര്യങ്ങൾ കൂടുതൽ അറിയാവുന്നത് അദ്ധ്യാപകർക്കും കൂടെയുള്ള വിദ്യാർത്ഥികൾക്കുമാണെന്നും, അദ്ധ്യാപകരും വിദ്യാർത്ഥി കളുമടങ്ങുന്ന ഒരു ടീം രൂപീകരിച്ച് ഇങ്ങനെയുള്ള കുട്ടികളെ കണ്ടെത്താനുള്ള ശ്രമം സ്കൂൾ തലത്തിൽ തന്നെ ആരംഭിക്കുകയും അവർക്ക് ആവശ്യമായ കൗൺസിലിംഗും മറ്റും നൽകിക്കൊണ്ട് ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് ഫലപ്രദമായ സംവിധാനം ഏർപ്പെടുത്താൻ സാധിയ്ക്കുന്നതാണെന്നും കൊച്ചി സിറ്റി ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസ് സമിതിയെ അറിയിച്ചു.

മയക്കുമരുന്നിന്റെ ഉപയോഗം സമൂഹത്തിൽ എങ്ങനെ ഇല്ലാതാക്കാമെന്ന തിനെക്കുറിച്ച് ആദ്യം ചിന്തിക്കണമെന്നും, ഇത്തരം കേസുകളിൽ പിടിക്കപ്പെട്ടാൽത്തന്നെയും ഇതിൽനിന്നും രക്ഷപ്പെടാൻ ധാരാളം പഴുതുകളുണ്ടെന്നും, ആയതിനാൽ അടിയന്തരമായി നിയമ പരിഷ്കാരം നടത്തേണ്ടതാണെന്നും ഇതിൽ ഏർപ്പെട്ടിട്ടുള്ള മാഫിയകൾ കുട്ടികളുടെ കയ്യിൽ ഡ്രഗ്സ് വളരെ കുറഞ്ഞ അളവിൽ കൊടുത്താണ് വില്പന നടത്തുന്നതെന്നും, കുട്ടികളെ ഉപയോഗിച്ച് നിയമത്തിലെ പഴുത് അവർ ചൂഷണം ചെയ്യുകയാണെന്നും കുട്ടികളാണ് ഇതിന് ഇരകളായി മാറുന്നതെന്നും ഒരു തരത്തിലും ഇതിന്റെ ഉറവിടം കണ്ടുപിടിക്കാൻ സാധിക്കാത്ത വിധത്തിലുള്ള പരിശീലനമാണ് ഈ മാഫിയകൾ കുട്ടികൾക്ക് നൽകുന്നതെന്നും അതുകൊണ്ട് അവർ ഒരിക്കലും ഇത് തുറന്നു പറയുകയില്ലെന്നും പോലീസ്/എക്സൈസ് വകുപ്പുകൾ കുട്ടികളുടെ ഭാവി സംരക്ഷിക്കുന്ന രീതിയിലുള്ള സമീപനം സ്വീകരിക്കുന്നതുകൊണ്ട്, മാഫിയകൾ ഇത്തരം സാഹചര്യത്തെയും മുതലെടുക്കുന്നുണ്ടെന്നും, കുട്ടികളുടെ താല്പര്യം മനസ്സിലാക്കി അവരെ ചൂഷണം ചെയ്ത് വശത്താക്കിയാണ് ഇതിലേയ്ക്ക്

ആകർഷിക്കുന്നതെന്നും, കുട്ടികളെ ഇക്കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നതിനും അത് പരിഹരിക്കാനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണെന്നും ലഹരി വസ്തുക്കളുമായി പിടിക്കപ്പെടുന്ന കുട്ടികളെ കൊണ്ടുപോകുന്നത് വലിയ കുറ്റവാളികളെ കൊണ്ടു പോകുന്ന ഡി-അഡിക്ഷൻ സെന്ററുകളിലും ജുവൈനൽ ഹോമുകളിലുമാണെന്നും ഇക്കാരണത്താൽ ഇവർ വലിയ കുറ്റവാളികളായാണ് പുറത്തുവരുന്നതെന്നും ആയതിനാൽ ഈ സാഹചര്യം ഉണ്ടാകാതെ നോക്കേണ്ടത് ആവശ്യമാണെന്നും കുട്ടികളുടേതായ തലത്തിൽ അത് കൈകാര്യം ചെയ്യാനുള്ള സംവിധാനമുണ്ടാകണമെന്നും ഇക്കാര്യങ്ങളിലൊക്കെ സ്കൂൾ പി.ടി.എ.-യുടെ പ്രസക്തി വളരെ കൂടുതലാണെന്നും സമിതിയിൽ അഭിപ്രായം ഉയർന്നു. പക്ഷെ പലപ്പോഴും കുട്ടികളുടെ ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യാനുള്ള വേദിയുണ്ടാകുന്നില്ല എന്നുള്ളത് മനസ്സിലാക്കി പാരന്റ് പ്യൂപ്പിൾ ടീച്ചേഴ്സ് അസോസിയേഷൻ രൂപീകരിച്ച് അതിൽ ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യുന്നുണ്ടെന്നും പോലീസിനോടോ എക്സൈസിനോടോ അദ്ധ്യാപകരോടോ പോലും പങ്കുവയ്ക്കാൻ വൈമനസ്യം കാണിക്കുന്ന പല വൈഷമ്യങ്ങളും ഇത്തരം ചർച്ചകളിൽ കുട്ടികൾ തുറന്നു പറയാറുണ്ടെന്നും ഒരു സ്കൂളിലെ പി.ടി.എ. പ്രസിഡന്റ് സമിതിയെ അറിയിച്ചു.

സോഷ്യൽ മീഡിയകളെ ഇത്തരം ചർച്ചകളിൽ ഉൾപ്പെടുത്താൻ ശ്രമിക്കണമെന്നും അവർക്ക് കുട്ടികൾക്കിടയിൽ വളരെയധികം സ്വാധീനം ചെലുത്താൻ കഴിയുന്നുണ്ടെന്നും എല്ലാ സ്കൂളുകളിലെയും പി.ടി.എ.കളെ കൂടുതൽ ശക്തിപ്പെടുത്തുകയും പി.ടി.എ. മീറ്റിംഗുകൾ കൃത്യമായി നടത്തി ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യണമെന്നുമുള്ള നിർദ്ദേശങ്ങളും ഉണ്ടായി. ഒരു സ്കൂളിലെ പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ, അദ്ധ്യാപകർ മുതലായവർ കുട്ടികളെ കൂടുതൽ നിരീക്ഷിക്കുന്നവരാണെന്നും, അവർക്ക് കുട്ടികളിലുണ്ടാകുന്ന മാറ്റങ്ങൾ പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കുമെന്നും, യൂണിഫോമില്ലെങ്കിൽപ്പോലും എക്സൈസ് വകുപ്പിന്റെ സാന്നിദ്ധ്യം സ്കൂളുകളിൽ ആഴ്ചയിലൊരിക്കലെങ്കിലും ഉണ്ടെങ്കിൽ ലഹരി മാഫിയകൾ കുട്ടികളുമായി ബന്ധപ്പെടുന്നത് ഒരു പരിധിവരെ തടയാൻ സാധിക്കുമെന്നും, അധികാരത്തിന്റെ ചിഹ്നമുള്ള ഒരു പോലീസ് ഉദ്യോഗസ്ഥൻ ഇതുമായി ബന്ധപ്പെട്ട് നിൽക്കുമ്പോൾ മാഫിയകളുടെ ഇടപെടൽ ഒരു പരിധിവരെ കുറയ്ക്കാൻ കഴിയുമെന്നും ഹയർസെക്കണ്ടറി ഉൾപ്പെടെയുള്ള സ്കൂളുകളിൽ കൗൺസിലർമാരെ നിയമിക്കുകയാണെങ്കിൽ കുട്ടികളിലുണ്ടാകുന്ന പ്രശ്നങ്ങൾ കൂടുതലായി ചർച്ച ചെയ്യാൻ സാധിക്കുമെന്നും, രക്ഷകർത്താക്കളോടോ അദ്ധ്യാപകരോടോ പറയാത്ത പല വിഷമങ്ങളും കൗൺസിലിംഗിൽ കുട്ടികൾ പറയാറുണ്ടെന്നും ആയതിനാൽ എല്ലാ സ്കൂളുകളിലും കൗൺസിലർമാരെ നിയമിക്കുന്നതു നല്ലതാണെന്നും ഉള്ള നിർദ്ദേശം സ്കൂളുകളിലെ പി.ടി.എ. പ്രസിഡന്റുമാരിൽ നിന്നുമുണ്ടായി. സ്കൂളുകളിലെ ജാഗ്രതാ സമിതികളെ കൂടുതൽ കാര്യക്ഷമമായി കൊണ്ടുപോകുകയാണെങ്കിൽ ഇത്തരം വിഷയങ്ങൾ ജാഗ്രതാ സമിതികളിൽ ചർച്ച ചെയ്യുമെന്നും അഭിപ്രായമുണ്ടായി.

ഇത്തരം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ പ്രോജക്ടായ 'സത്ഗമയ' എന്ന പ്രോഗ്രാം ഹോസ്പിറ്റലുകളിൽ നടത്തുന്നുണ്ടെന്നും, കുട്ടികളിൽ കാണുന്ന മാനസിക വൈകല്യങ്ങളും പഠന വൈകല്യങ്ങളും പരിഹരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് 'സത്ഗമയ' നടത്തുന്നതെന്നും അതിൽ സൈക്കോളജിസ്റ്റിന്റെ സേവനവും സ്പെഷ്യൽ എഡ്യൂക്കേഷൻ ടീച്ചേഴ്സിന്റെ സേവനവും സർക്കാർ നൽകിവരുന്നുണ്ടെന്നും അതിന്റെ പരിധിയിൽവരുന്ന എല്ലാ സ്കൂളുകളിലും ഇതിന്റെ ഭാഗമായി ഒരു ഡോക്ടർ പോകുന്നുണ്ടെന്നും, ഇതുവഴി കുട്ടികൾക്കും രക്ഷകർത്താക്കൾക്കുമുള്ള ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ടെന്നും പക്ഷെ ഇതിനായി സ്കൂളുകളെ സമീപിക്കുമ്പോൾ അവിടെയുള്ള അദ്ധ്യാപകരും, ഹെഡ്മാസ്റ്റർമാരും ഇതിന് താല്പര്യപ്പെടുന്നില്ലെന്നും അത്രയും ക്ലാസ് സമയം നഷ്ടമാകുന്നുവെന്നാണ് അവർ പറയുന്നതെന്നും ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) ചർച്ചയിൽ അഭിപ്രായപ്പെട്ടു.

ലഹരി വസ്തുക്കളുപയോഗിക്കുന്ന കുട്ടികൾ അടുത്ത കടകളിൽ പോകുന്നതും, അവ ഉപയോഗിക്കുന്നതും അവരുടെ സുഹൃത്തുക്കൾ ശ്രദ്ധിക്കുന്നുണ്ടെന്നും, അവരിൽനിന്നും വിവരം കിട്ടിക്കഴിഞ്ഞാൽ വളരെപ്പെട്ടെന്ന് ഇതിന്റെ ഉറവിടം കണ്ടുപിടിക്കാൻ സാധിക്കുമെന്നും നിർദ്ദേശമുണ്ടായി.

വിദ്യാർത്ഥികൾ മയക്കുമരുന്ന് ഉപയോഗിക്കുക മാത്രമല്ല അതിന്റെ വാഹകരായിക്കൂടിമാറുന്നു എന്നുള്ളത് ഏറ്റവും വലിയ അപകടമാണെന്നും മാഫിയകൾ കുട്ടികളെയാണ് ഇതിന്റെ വാഹകരായി ഉപയോഗിക്കുന്നതെന്നും, എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പി.ടി.എ. പ്രസിഡന്റുമാർ, ഹെഡ്മാസ്റ്റർമാർ, ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനാ പ്രതിനിധികൾ എന്നിവരെയെല്ലാം ഉൾപ്പെടുത്തി മാസത്തിലൊരിക്കൽ ഹോളോഅപ്പോടുകൂടിയ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തണമെന്നും, എല്ലാ മാസവും ഇതേ രീതിയിൽ യോഗം വിളിച്ചുചേർത്ത് സ്കൂളുകളിൽ നിന്നുള്ള അഭിപ്രായങ്ങളും മറ്റും മനസ്സിലാക്കി അതിനുള്ള നടപടികൾ തുടർച്ചയായി സ്വീകരിച്ചാൽ മാത്രമെ ഇത് തടയാൻ സാധിക്കൂ എന്നും ഒരു അദ്ധ്യാപക പ്രതിനിധി സമിതിയെ അറിയിച്ചു.

1980-കളിൽ സാക്ഷരതായജ്ഞം നടത്തിയതുപോലുള്ള ഒരു യജ്ഞം നമ്മുടെ റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ തുടങ്ങിയവവഴി നടത്തിയെങ്കിൽ മാത്രമെ സമൂഹത്തിലാകമാനമുള്ള ഒരു ബോധവത്ക്കരണം നടത്താൻ കഴിയുകയുള്ളുവെന്നും മാതാപിതാക്കളുടെ ശ്രദ്ധ ഇത്തരം കുട്ടികളിലേയ്ക്ക് എത്തുന്നില്ലെന്നും പലപ്പോഴും ശിഥിലമായ കുടുംബപശ്ചാത്തലത്തിൽനിന്നാണ് ഇത്തരം കുട്ടികൾ വരുന്നതായി കാണുന്നതെന്നും അതുകൊണ്ട് ആദ്യം ബോധവത്ക്കരണം നടത്തേണ്ടത് മാതാപിതാക്കളേയും സമൂഹത്തേയുമാണെന്നും ലഹരി ഉപയോഗത്തിനെതിരെ സ്വീകരിക്കേണ്ട ജാഗ്രതാ

നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് പരിപാടികൾ സംഘടിപ്പിക്കണമെന്നും, കുട്ടികൾക്ക് ആനന്ദിക്കാനോ ആഹ്ലാദിക്കാനോ സമയമില്ലെന്നും പരീക്ഷയിലും അസൈൻമെന്റുകളിലും വ്യാപൃതരായിരിക്കുന്ന കുട്ടികൾ ടെൻഷൻ ഒഴിവാക്കാനാണ് ലഹരി വസ്തുക്കൾ വാങ്ങിക്കഴിക്കുന്നത് എന്നും വിവിധ കഴിവുകളുള്ള വിദ്യാർത്ഥികളാണ് നമ്മുടെ വിദ്യാലയങ്ങളിലുള്ളതെന്നും അവരുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കാൻ ആഴ്ചയിൽ ഒരു മണിക്കൂറെങ്കിലും മാറ്റിവയ്ക്കണമെന്നും പാടാനും വരയ്ക്കാനും നൃത്തം ചെയ്യാനുമൊക്കെയുള്ള വിദ്യാർത്ഥികളുടെ കഴിവുകളെ അടിച്ചമർത്തിക്കൊണ്ട് പുസ്തകം മാത്രം പഠിക്കാൻ പ്രേരിപ്പിക്കുമ്പോൾ സ്വാഭാവികമായും അവർ അതിൽനിന്നും രക്ഷ നേടാൻ ശ്രമിക്കുകയും ഇത്തരം ചതിക്കുഴികളിൽ ചെന്നുവീഴുകയും ചെയ്യും. മാസത്തി ലൊരിക്കൽ രക്ഷിതാക്കളുമായുള്ള ഒരു കൂട്ടായ്മ കാമ്പസുകളിൽ സംഘടിപ്പിക്കുകയും രക്ഷിതാക്കൾക്ക് ഇതിനെക്കുറിച്ച് ക്ലാസെടുക്കുന്ന ഒരു രീതിയുമുണ്ടായാൽ അത് വളരെ ഗുണം ചെയ്യുമെന്നും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് കോളേജിയേറ്റ് എഡ്യൂക്കേഷൻ, എറണാകുളം സമിതിയെ അറിയിച്ചു.

പോലീസ് ഉദ്യോഗസ്ഥർ പറയുന്നത് പിടിക്കപ്പെടുന്ന സാധനത്തിന്റെ തൂക്കം നിശ്ചിത അളവിൽ കുറവായതിനാൽ പലപ്പോഴും ഇത്തരത്തിൽ പിടിക്കപ്പെടുന്ന കേസുകൾ ഒഴിവാക്കപ്പെടുന്നുവെന്നും, പിടിക്കപ്പെട്ട ലഹരി വസ്തുവിന്റെ തൂക്കം ഒരു കിലോയിൽ കുറവാണെങ്കിൽ കേസ് എടുക്കുവാൻ സാധിക്കുകയില്ലെന്ന നിയമം മാറ്റേണ്ട കാലം അതിക്രമിച്ചിരിക്കുകയാണെന്നും മയക്കുമരുന്ന് എന്ന നിലയിൽ എന്ത് കിട്ടിയാലും അത് ശിക്ഷ ലഭിക്കത്തക്ക രീതിയിലെ കുറ്റമാണെന്ന നിലയിൽ നിയമം കൊണ്ടുവരണമെന്നാണ് അഭ്യർത്ഥിക്കുന്നതെന്നും തൽസ്ഥിതി തുടർന്നാൽ ആയത് വലിയ വിപത്തിലേയ്ക്ക് നയിക്കുമെന്നും ഡയറക്ടർ ഓഫ് കോളേജിയറ്റ് എഡ്യൂക്കേഷൻ, എറണാകുളം സമിതിയെ അറിയിച്ചു.

നഗരപ്രദേശങ്ങളിൽ മയക്കുമരുന്നിന്റെ ഉപയോഗം വളരെ കൂടുതലാണെന്നും കോളേജുകൾ പോലെ തന്നെ ചില ആശുപത്രികളിലും ലഹരി വസ്തുക്കളുടെ ക്രയവിക്രയം നടക്കുന്നുണ്ടെന്നും അഡോളൻസ് ഹെൽത്തുമായി ബന്ധപ്പെട്ട കൗൺസിലിംഗ് സംവിധാനം ഒന്നുകൂടി ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നും കൂടാതെ ഒരു ഡീ-അഡിക്ഷൻ സെന്റർ, ഒരു സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ ഇതെല്ലാമുള്ള ഒരു സംവിധാനം ഏർപ്പെടുത്താവുന്നതാണെന്നും, സോഷ്യൽ മീഡിയയിൽ കൂടിയുള്ള പ്രവർത്തനവും ഫലവത്തായിരിക്കുമെന്നും കൂടാതെ ജുവനൈൽ ജസ്റ്റിസ് ആക്ട് സെക്ഷൻ 77 പ്രകാരം ഡ്രഗ്സ് കൈകാര്യം ചെയ്യുന്നവർക്കുള്ള ശിക്ഷ വർദ്ധിപ്പിച്ചതുമായി ബന്ധപ്പെട്ട ബോർഡുകൾ ഷോപ്പുകളിൽ സ്ഥാപിക്കണമെന്നും ഡി.എം.ഒ. അഭിപ്രായപ്പെടുകയുണ്ടായി.

ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാഭ്യാസ കരിക്കുലത്തിൽ ഉൾപ്പെടുത്തുകയും ക്ലാസ്സും വഴി കുട്ടികളെ ബോധവാന്മാരാക്കുകയും വേണം. സ്കൂളുകളിലെ സ്കൂൾ പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ പ്രവർത്തനം ശരിയായ രീതിയിൽ നടക്കണം. ഇതുവഴി ലഹരി മരുന്നുകളുടെ വ്യാപനം ഒരു പരിധിവരെ തടയാൻ സാധിക്കുമെന്ന് ജില്ലാ വ്യവസായ കേന്ദ്രം ഡയറക്ടർ അഭിപ്രായപ്പെട്ടു.

കോട്പാ [Cigarette and Other Tobacco Products Prohibition Act (COTPPA)] ആക്ട് അനുസരിച്ച് 18 വയസ്സിൽ താഴെയുള്ള കുട്ടികൾ സിഗരറ്റ് വലിച്ചാൽ 200 രൂപ മാത്രമാണ് പിഴ ഈടാക്കുന്നതെന്നും അതുപോലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപത്ത് നിയമലംഘനം നടത്തി കടകൾ ഇത് വിൽപ്പന നടത്തിയാലും 200 രൂപ മാത്രമാണ് പിഴ ഈടാക്കുന്നതെന്നും പിഴ തുക കുറച്ചുകൂടി വർദ്ധിപ്പിക്കേണ്ടി യിരിക്കുന്നുവെന്നും, കേസ് എടുത്താൽ ഒരു വർഷത്തിനകം തന്നെ നടപടിയെടുക്കുന്ന രീതിയിലേയ്ക്ക് എത്തണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

എറണാകുളം ജില്ലയിൽ കുട്ടികൾക്ക് ഒരു ഡീ-അഡിക്ഷൻ സെന്റർ ആവശ്യമാണെന്നും പഠന വൈകല്യമുള്ള കുട്ടികളാണ് മദ്യം, മയക്കുമരുന്ന് മുതലായവ ഉപയോഗിക്കുന്നതെന്നും ക്ലാസുകളിൽ പഠിപ്പിക്കുന്നത് മനസ്സിലാകാതെ വരുമ്പോഴുണ്ടാകുന്ന മാനസിക പിരിമുറുക്കത്തിൽനിന്നും രക്ഷനേടുന്നതിനായാണ് മയക്കുമരുന്നിനെ ഇക്കൂട്ടർ ആശ്രയിക്കുന്നതെന്നും ആയതിനാൽ ലേണിംഗ് ഡിസ്എബിലിറ്റിയെക്കുറിച്ച് അറിയാവുന്നതും അതിലിടപെടാൻ കഴിയുന്നതുമായ ഒരു ടീച്ചറെങ്കിലും ഒരു സ്കൂളിൽ ഉണ്ടായിരുന്നാൽ പഠന വൈകല്യമുള്ള കുട്ടികൾക്ക് ഒരു ആശ്രയവും അതുവഴി സ്കൂളിന്റെ അന്തരീക്ഷം മെച്ചപ്പെടുവാനും ആയത് ഉപകരിക്കുമെന്ന് ഡോ. മാത്യൂസ് നൗഫൽ അറിയിച്ചു.

കുട്ടികൾക്ക് സ്കൂളുകളിൽ അവരുടേതായ പ്രവർത്തനരീതിയും അവരുടെ കഴിവും പ്രകടിപ്പിക്കുന്ന പ്രവണതയുമുണ്ട്. അതിന് വിപരീതമായി അവരിപ്പോൾ അദ്ധ്യാപകർ പറയുന്നതനുസരിച്ച് മാത്രമാണ് പ്രവർത്തിക്കുന്നത്. മിക്ക സ്കൂളുകളിലും കായിക പ്രവർത്ത നങ്ങളൊന്നുമില്ല. പി. റ്റി. ക്ലാസ് തന്നെ കുറഞ്ഞുകുറഞ്ഞു പോകുകയാണ്. അതുപോലെയാണ് കലാ പ്രവർത്തനങ്ങളും. അതുകൊണ്ട് സ്കൂളുകളിൽ കലാകായിക പ്രവർത്തനങ്ങൾക്ക് പ്രത്യേക പ്രാധാന്യം കൊടുക്കണം. അദ്ധ്യാപകർ പറഞ്ഞു ചെയ്യുന്നതിനപ്പുറം കുട്ടികൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ പറ്റിയ ഏതെങ്കിലുമൊരു മേഖലയുണ്ടാകണമെന്നും കുട്ടികളുടെ സമഗ്രമായ ഒരു വ്യക്തിത്വവികാസത്തിന് ക്ലാസ് മുറികൾ വേദികൾ ആകണമെന്നും ബന്ധപ്പെട്ടവർ സമിതിയെ ബോധിപ്പിച്ചു.

മയക്കുമരുന്ന് ഉപയോഗം ഒരു സാമൂഹിക വിപത്താണെന്ന് ജനങ്ങൾ തിരിച്ചറിയണം. ഇതിനെതിരെ ഉണർന്നു പ്രവർത്തിച്ചില്ലെങ്കിൽ വളരെ ദൂരവ്യാപകമായ പ്രത്യാഘാതം സൃഷ്ടിക്കുവാൻ കെൽപ്പുള്ള ഒരു വിപത്തായി ഇത് വളരും. ആയത്

ദിശാബോധമില്ലാത്ത ഒരു സമൂഹത്തെ സൃഷ്ടിക്കും. മനുഷ്യജീവിതത്തിന്റെ മൂല്യബോധത്തെക്കുറിച്ച് കുട്ടികൾ മനസ്സിലാക്കണം. അതിനാസ്പദമായ വിദ്യാഭ്യാസമാണ് വേണ്ടത്. ക്ലാസ് തുടങ്ങുന്നതിനു മുമ്പായി അദ്ധ്യാപകർ അഞ്ച് മിനിട്ട് സമയം നാട്ടുകാര്യങ്ങളും മറ്റും കുട്ടികളുമായി പങ്കുവയ്ക്കണം. അതിനുശേഷം പാഠഭാഗങ്ങൾ പഠിപ്പിച്ചാൽ മതി. ക്ലാസ് റൂമിൽ പല കാര്യങ്ങളും വിശകലനം ചെയ്യണം. കുട്ടികളുടെ ലൈഫ്സ്കിൽ-ന് പ്രാധാന്യം കൊടുക്കണം.

ആദിവാസിമേഖലകളിലും മയക്കുമരുന്നിന്റെ ഉപയോഗം വ്യാപകമാണ്. സ്റ്റുഡന്റ്സ് പോലീസ് സംവിധാനം എല്ലാ സ്കൂളുകളിലും നിർബന്ധമാക്കണം. ചെറിയ സാധനങ്ങൾ വാങ്ങുന്നതിന് കുട്ടികൾ പുറത്തു പോകുന്നത് ഒഴിവാക്കാൻ സ്കൂൾ തല സൊസൈറ്റികളും കാന്റീൻ സൗകര്യവും ഏർപ്പെടുത്തണം. ചെറിയ മിഠായികളിൽപ്പോലും ഇപ്പോൾ ലഹരി പദാർത്ഥങ്ങളുണ്ട്. ഇതിനെതിരെയൊന്നും ശരിയായ ഗൈഡൻസ് കിട്ടുന്നില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. സ്കൂൾ പരിസരങ്ങളിൽ, പ്രത്യേകിച്ച് ഹയർ സെക്കണ്ടറി സ്കൂൾ മേഖലകളിൽ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നത് നല്ലതാണ്. അതുപോലെ സ്കൂൾ പരിസരത്തുള്ള കടകളിലും ഇടവഴികളിലും കൃത്യമായി നിരീക്ഷണം നടത്തുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. അദ്ധ്യാപകർക്ക് സുരക്ഷിതത്വബോധം ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനവും വേണം.

സ്കൂളുകളിലെ ദൈനംദിന പ്രവർത്തനങ്ങളിൽ രക്ഷകർത്താക്കളുടെ ശ്രദ്ധയും ഇടപെടലുമുള്ള സ്ഥലങ്ങളിൽ ഇത്തരം പ്രവണതകൾക്ക് കാര്യമായ നിയന്ത്രണം വരുത്താൻ സാധിച്ചിട്ടുണ്ട്.

അദ്ധ്യാപകർക്ക് കൗൺസിലിംഗ് കോഴ്സ് വളരെ പ്രയോജനപ്രദമാണ്. കുട്ടികളെ എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടത് എന്നത് സംബന്ധിച്ച് അദ്ധ്യാപകർക്ക് പരിശീലനം കൊടുക്കണം. അവരും പലപ്പോഴും കുട്ടികളുടെ മുന്നിൽ പതറുന്നുണ്ട്. അവർക്കും ശരിയായ രീതിയിൽ ബോധവത്കരണ ക്ലാസ്സും കൗൺസിലിംഗ് പരിശീലനവും നൽകണം.

സാഹിത്യസമാജവും മറ്റും കൂടുതൽ ഊർജ്ജസ്വലമാക്കണം. തിന്മകളെ മാറ്റിനിർത്തി ഒരു സമൂഹത്തെ വാർത്തെടുക്കാൻ കഴിയുകയില്ല. അതുകൊണ്ട് തിന്മകൾ അറിഞ്ഞുകൊണ്ട് അതിൽനിന്ന് വിട്ടുനിൽക്കുവാനുള്ള പ്രചോദനം അവനവനിലുണ്ടാക്കുകയാണ് വേണ്ടത്. തീർച്ചയായും മാതാപിതാക്കൾക്കും അദ്ധ്യാപകർക്കുമാണ് ഈ വിഷയത്തിൽ കുട്ടികളെ സഹായിക്കുവാൻ സാധിക്കുന്നത്. കൗമാരക്കാരായ കുട്ടികൾ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. അവരെ കേൾക്കാനോ, സ്നേഹിക്കാനോ ആർക്കും സമയം കിട്ടുന്നില്ലെന്നുള്ളതാണ് ഈ മൂല്യച്യുതിയുടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം.

വിദ്യാഭ്യാസത്തിൽ ജനാധിപത്യവത്കരണത്തിന്റെ ആവശ്യകത ബോധ്യപ്പെടുക യെന്നുള്ളതും പൊതുസമൂഹത്തെ സ്കൂളുകളുമായി ബന്ധപ്പെടുത്തുക എന്നുള്ളതും പ്രാധാന്യ മർഹിക്കുന്നതാണെന്നും, വായനയെ പ്രോത്സാഹിപ്പിക്കണം എന്നത് ഏറ്റവും നല്ല ആശയമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ഇവിടെ പറഞ്ഞ കാര്യങ്ങളോടൊപ്പം നേരത്തെ തിരുവനന്തപുരത്തും കോഴിക്കോട്ടും നടന്ന ചർച്ചകളിൽ വന്ന അഭിപ്രായങ്ങൾകൂടി ക്രോഡീകരിച്ചുകൊണ്ട് സബ്ജക്ട് കമ്മിറ്റി തന്നെ ഒരു ചർച്ച നടത്തുകയും അതിൽനിന്നും ഒരു മൊഡ്യൂൾ തയ്യാറാക്കുന്നതും ആ മൊഡ്യൂൾ വിദ്യാഭ്യാസ വകുപ്പ് വിശദമായ പരിശോധന നടത്തുകയും തുടർന്ന് ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുകയും ചെയ്യണമെന്നാണ് ആഗ്രഹിക്കുന്നതെന്ന് സമിതി അറിയിച്ചു.

പ്രശ്നക്കാരായ കുട്ടികളെ വിശകലനം ചെയ്ത് യഥാർത്ഥ കാരണം കണ്ടെത്തി പ്രശ്നം പരിഹരിക്കാനുള്ള ഒരു ശാസ്ത്രീയ സമീപനം ഉണ്ടാകണമെന്ന രീതിയിലാണ് പരിശീലനം വരാൻ പോകുന്നതെന്നും, മനസ്സിന്റെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്ന രീതിയിലുള്ള ബോധവത്കരണവും അതിന്റെ ശാസ്ത്രീയമായ പിൻബലവുംകൂടി ഉണ്ടാകുമ്പോൾ നല്ല ഒരു മാറ്റമുണ്ടാക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നതെന്നും സമിതി അറിയിച്ചു.

ഇതിനായി ഒരു മൊബൈൽ ആപ്ലിക്കേഷനുണ്ടാക്കുകയും അതുവഴി ബോധവത്കരണ പരിപാടികൾ നടത്താൻ കഴിയുമെന്നതു കൂടാതെ ലഹരി ഉപയോഗിക്കുന്ന കുട്ടികളുടെ കാര്യങ്ങൾ ഓൺ ദി സ്പോട്ടിൽത്തന്നെ അറിയിക്കാനും രക്ഷിതാക്കളെയും മറ്റും ബോധവത്കരിക്കാനും സാധിക്കുമെന്ന് ഒരു പ്രതിനിധി സമിതിയെ അറിയിച്ചു.

ഈ അഭിപ്രായങ്ങളെല്ലാം പൂർണ്ണമായും ഉൾക്കൊണ്ട്, അതെല്ലാം ക്രോഡീകരിച്ചു കൊണ്ടായിരിക്കും തുടർന്നുള്ള പരിപാടികളെന്ന് സമിതി അഭിപ്രായപ്പെട്ടു.

കാര്യങ്ങൾ ശാസ്ത്രീയമായ ഉൾക്കാഴ്ചയോടെ അവതരിപ്പിച്ച ആദരണീയനായ ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും ഇതിൽ പങ്കെടുത്ത ബഹുമാന്യരായ എം. എൽ. എ. മാർക്കും, കളക്ടർക്കും ഉദ്യോഗസ്ഥർക്കും യോഗത്തിനെത്തിയ ഉത്തരവാദപ്പെട്ട എല്ലാ ആളുകൾക്കും വകുപ്പിനുവേണ്ടി അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ നന്ദി രേഖപ്പെടുത്തി.

യോഗം ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

## 23-1-2018-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2018 ജനുവരി 23-ാം തീയതി ചൊവ്വാഴ്ച സഭ പിരിഞ്ഞതിനുശേഷം രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. സി. മൊയ്തീനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. റ്റി. വി. രാജേഷ്
2. ശ്രീ. എം. സ്വരാജ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
2. ശ്രീ. റ്റി. ഒ. സൂരജ്, സെക്രട്ടറി, കായികയുവജനകാര്യ വകുപ്പ്
3. ഡോ. സുരേഷ് ദാസ്, എക്സ്-ഒഫീഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ്
4. ശ്രീമതി കെ. ഗീത, അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
5. ശ്രീ. പി. എസ്. കൃഷ്ണകുമാർ, അഡീഷണൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
6. ശ്രീ. സഞ്ജയൻ കുമാർ, ഡയറക്ടർ, കായികയുവജനകാര്യ വകുപ്പ്
7. ശ്രീമതി എം. എസ്. ജയ, ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്
8. ശ്രീ. ജിമ്മി കെ. ജോസ്, അഡീഷണൽ ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
9. ശ്രീ. എ. ജെയിംസ് രാജ്, ജോയിന്റ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

10. ബ്രിഗേഡിയർ പി. ജി. ജഗദീഷ്, ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, എൻ.സി.സി. ഡയറക്ടറേറ്റ്
11. ഡോ. കെ. ബാബുക്കുട്ടൻ, സ്റ്റേറ്റ് എൻ.എസ്.എസ്. ഓഫീസർ
12. ശ്രീ. എസ്. മനോജ്, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുവിദ്യാഭ്യാസ വകുപ്പ്.

സമിതി, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകളും ശ്രദ്ധയിൽപ്പെടുത്താനുള്ള കുറിപ്പും പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**I. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്**

<u>ശാസ്ത്രസാങ്കേതിക വകുപ്പ്</u>

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ (2015-16) 60-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ശാസ്ത്ര സാങ്കേതിക വകുപ്പിൽനിന്നും ലഭ്യമായ നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു
(ഫയൽ നമ്പർ 3412/സബ്.സി.ഇ 1/2015/നി.സെ.)
(റഫ.നമ്പർ 5643/എ 2/2017/ശാ.സ.വ., തീയതി 13-9-2017)

<u>പൊതുവിദ്യാഭ്യാസ വകുപ്പ്</u>

2 ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ (2016-17) 1 മുതൽ 11 വരെയുള്ള ഖണ്ഡികകളുടെ ശിപാർശകളിൽ പൊതുവിദ്യാഭ്യാസവകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.
(ഫയൽ നമ്പർ 5078/സബ്.സി.ഇ 1/2016/നി.സെ.)
(റഫ. നമ്പർ 1346830/എ2/17/പൊ.വി., തീയതി 7-7-2017)

<u>കായികയുവജനകാര്യ വകുപ്പ്</u>

3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ (2015-16) 81, 82, 83 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ കായിക യുവജനകാര്യവകുപ്പ് സ്വീകരിച്ച നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.
(ഫയൽ നമ്പർ 3412/സബ്.സി.ഇ 1/2015/നി.സെ.)
(റഫ. നമ്പർ 55/ബി1/115/കാ.യു.വ., തീയതി 16-8-2017)
(റഫ. നമ്പർ 2794/ബി2/15/കാ.യു.വ., തീയതി 10-11-2017).

<u>ഉന്നതവിദ്യാഭ്യാസ വകുപ്പ്</u>

(റഫ. നമ്പർ 1925/സബ്.സി.ഇ 1/2017/നി.സെ.)

(റഫ. നമ്പർ എ 2/154/2017/ഉ.വി.വ., തീയതി 25-9-2017)

(റഫ. നമ്പർ എ 2/157/2017/ഉ.വി.വ., തീയതി 25-9-2017)

(റഫ. നമ്പർ എ 1/229/2017/ഉ.വി.വ., തീയതി 18-9-2017)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് (2017-18) റിപ്പോർട്ടിലെ 61, 63, 64, 65, 80 എന്നീ ഖണ്ഡികകൾ പരിശോധിച്ചതിൽ എൻ.എസ്.എസ്.-ന് ലഭിക്കുന്ന കേന്ദ്രസഹായം നിശ്ചിത തുകയാണെന്നും അഖിലേന്ത്യാടിസ്ഥാനത്തിൽ ഓരോ എൻ.എസ്.എസ്. വോളണ്ടിയർക്കും റഗുലർ പ്രവർത്തനങ്ങൾക്ക് 250 രൂപയും സ്പെഷ്യൽ ക്യാമ്പ് നടത്തുന്നതിനായി 450 രൂപയുമാണ് ലഭിക്കുന്നതെന്നും, പ്രസ്തുത തുക അപര്യാപ്ത മായതിനാൽ മറ്റ് മാർഗ്ഗങ്ങളിലൂടെ കണ്ടെത്തുകയാണ് ചെയ്യുന്നതെന്നും റഗുലർ പ്രവർത്തനങ്ങൾ ക്കായി കേന്ദ്രസർക്കാർ ഫണ്ട് വർദ്ധിപ്പിക്കാത്ത സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് അനുകൂല നിലപാട് സ്വീകരിച്ചാൽ മാത്രമേ എൻ.എസ്.എസ്.-ന്റെ പ്രവർത്തനം കൂടുതൽ ഭംഗിയായി നടത്താൻ സാധിക്കുകയുള്ളുവെന്നും തമിഴ്നാട്, കർണ്ണാടകം പോലുള്ള സംസ്ഥാനങ്ങളിൽ ഇത്തരത്തിലുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ടെന്നും സ്റ്റേറ്റ് എൻ.എസ്.എസ്. ഓഫീസർ സമിതിയെ അറിയിച്ചു.

അടുത്ത ബഡ്ജറ്റ് സ്ക്രൂട്ടിണിയിൽ ഇതു സംബന്ധിച്ച് ചർച്ച ചെയ്യാം എന്ന് സമിതി അറിയിക്കുകയും പ്രസ്തുത റിപ്പോർട്ടിലെ (2017-18) 61, 63, 64, 65 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിക്കുകയും ചെയ്തു.

(ഖണ്ഡിക നമ്പർ 80)

കഴിഞ്ഞ വർഷം ഗവൺമെന്റ് സഹായത്തോടെ ധാരാളം പ്രോജക്ടുകൾ ചെയ്തിട്ടുണ്ടെന്നും ഈ വർഷം മൂന്ന് പ്രോജക്ടുകൾ ഉണ്ടെന്നും, വയനാട് എൻ.സി.സി. ബറ്റാലിയൻ, തൃശ്ശൂർ വനിതാ ബറ്റാലിയൻ, കാലിക്കട്ട് യൂണിവേഴ്സിറ്റി ട്രെയിനിംഗ് സെന്ററിന്റെ നാലാം ഘട്ടം എന്നിവയാണ് പ്രധാനപ്പെട്ട പ്രോജക്ടുകളെന്നും അടുത്തിടെ ട്രെയിനിംഗ് സെന്ററിനുവേണ്ടിയും തിരുവനന്തപുരത്ത് ഹെഡ് ക്വാർട്ടേഴ്സ് കെട്ടിടത്തിനുവേണ്ടിയും ഭൂമി വിട്ടുകൊടുത്തിട്ടുണ്ടെന്നും ആയതിനാൽ 13 കോടി ഈ പ്രോജക്ടുകൾക്ക് അധികം ആവശ്യമായിവരുന്നുണ്ടെന്നും എൻ.സി.സി. ഡയറക്ടറേറ്റ് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ സമിതിയെ അറിയിച്ചു. അടുത്ത ബഡ്ജറ്റ് സ്ക്രൂട്ടിണിയിൽ ഇതു സംബന്ധിച്ച് ചർച്ച ചെയ്യാമെന്ന് സമിതി അറിയിച്ചു.

ഇടുക്കി ജില്ലയിൽ എയർക്രാഫ്റ്റ്, ഹാംഗർ, റൺവേ എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് വർക്ക് ആരംഭിച്ചിട്ടുണ്ടെന്ന് എൻ.സി.സി. ഡയറക്ടറേറ്റ് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ സമിതിയെ അറിയിച്ചു. ഇതിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞപ്പോൾ കേന്ദ്രസഹായം ലഭിക്കുന്നില്ലെന്നും സംസ്ഥാനമാണ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ചെയ്യേണ്ടതെന്നും എൻ.സി.സി. ഡെപ്യൂട്ടി ഡയറക്ടർ ജനറൽ സമിതിയെ അറിയിച്ചു. തുടർന്ന് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ (2017-18) 80-ാം ഖണ്ഡികയിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

## II. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള കുറിപ്പ്

1. വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാത്തത് സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസം, കായികയുവജനകാര്യം, സാംസ്കാരികകാര്യം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുസെക്രട്ടറിമാരിൽനിന്നും തെളിവെടുപ്പ് നടത്തി.

2012-13, 2013-14, 2014-15 വർഷത്തെ വാർഷികപ്രവർത്തന റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും 2016-17-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് പ്രിന്റ് ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

2013-14, 2014-15, 2015-16, 2016-17 എന്നീ വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ രണ്ടാഴ്ച്ചയ്ക്കകം സമർപ്പിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, പെൻഡിംഗായ എല്ലാ റിപ്പോർട്ടുകളും ഒരു മാസത്തിനകം സമിതിക്ക് ലഭ്യമാക്കുന്നതാണെന്നും കായികയുവജനകാര്യവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

2014-15 വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് 2016-ൽ തന്നെ നൽകിയിട്ടുണ്ടെന്നും 2015-16, 2016-17 എന്നീ വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കുന്നതാണെന്നും സാംസ്കാരികകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

2016-17 വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് രണ്ടാഴ്ച്ചയ്ക്കുള്ളിൽ സമർപ്പിക്കുന്നതാണെന്ന് പൊതുവിദ്യാഭ്യാസവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

2. 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ട്-കരട് ചട്ടങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്.
   (ഫയൽ നമ്പർ 2022/സബ്.സി.ഇ 1/2014/നി.സെ.)

ആക്ട് ഗസറ്റിൽ പബ്ലിഷ് ചെയ്താൽ 90 ദിവസത്തിനകം റൂൾ തയ്യാറാക്കണമെന്നതാണ് ചട്ടമെന്നും, എന്നാൽ നാളിതുവരെ റൂൾ തയ്യാറാക്കിയിട്ടില്ല എന്നത് സംബന്ധിച്ച് വിശദവിവരം സമിതി ആരാഞ്ഞതിൽ നിയമവകുപ്പ് നിർദ്ദേശിച്ച ഭേദഗതികളോടുകൂടി ധനകാര്യവകുപ്പിന് അയച്ചിരിക്കുന്ന റൂൾ ഇപ്പോൾ അന്തിമ ഘട്ടത്തിലാണെന്നും ചെയർപേഴ്സന്റെ ശമ്പളം പ്രതിമാസം ഒരു ലക്ഷം രൂപയായി നിജപ്പെടുത്തി 1-7-2016 മുതൽ നൽകാമെന്ന ധനകാര്യ വകുപ്പിന്റെ നിർദ്ദേശം നിയമപരമായി നിലനിൽക്കില്ലെന്ന് നിയമവകുപ്പ് അറിയിച്ചതിനെ തുടർന്ന്, ടി കാര്യത്തിൽ തീരുമാനമെടുക്കുന്നതിനായി കഴിഞ്ഞ ക്യാബിനറ്റിൽ സമർപ്പിച്ചിരുന്നുവെന്നും ഇതിന്റെ നിയമസാധുത സംബന്ധിച്ച് എ.ജി.യുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം ക്യാബിനറ്റിൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചതനുസരിച്ച് പ്രസ്തുത ഫയൽ എ.ജി.-ക്ക് അയച്ചിട്ടുണ്ടെന്നും ഒരു മാസത്തിനകം ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ചട്ടം പ്രസിദ്ധീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും കായികയുവജനകാര്യ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

യോഗം രാവിലെ 10.45-ന് പിരിഞ്ഞു.

## 12-2-2018-ലെ യോഗ നടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2018 ഫെബ്രുവരി മാസം 12-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷനും ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനും താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. ആർ. രാജേഷ്
3. ശ്രീ. എം. സ്വരാജ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. കെ. ഗോപകുമാരൻ പിള്ള , ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
2. ശ്രീ. ജി. അനിൽകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീമതി കെ. ഗീത, അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
4. ശ്രീ. ടി. ആർ. സദാശിവൻ നായർ, ഡയറക്ടർ, സാംസ്കാരികകാര്യ വകുപ്പ്
5. ശ്രീമതി എം. എസ്. ജയ, ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്
6. ഡോ. കെ. പി. ഇന്ദിരാദേവി, ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
7. ഡോ. പി. സുരേഷ് കുമാർ, ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൺ റിസോഴ്സ് ഡെവലപ്മെന്റ് (ഐ. എച്ച്. ആർ.ഡി.)
8. ഡോ. ജെ. പ്രസാദ്, ഡയറക്ടർ, സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് & ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി.)
9. ശ്രീ. വി. കാർത്തികേയൻ നായർ, ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
10. ശ്രീമതി സുജ സൂസൻ ജോർജ്, ഡയറക്ടർ, മലയാളം മിഷൻ
11. ഡോ. എ. ആർ. രാജൻ, ഡയറക്ടർ, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്
12. ശ്രീ. ജി. അരുൾ ജെറാൾഡ് പ്രകാശ്, ഡയറക്ടർ, കേരള സ്റ്റേറ്റ് സയൻസ് & ടെക്നോളജി മ്യൂസിയം, തിരുവനന്തപുരം
13. ഡോ. പി. എസ്. ശ്രീകല, ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (KSLMA)
14. ശ്രീ. ബി. അബുരാജ്, ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി (SIET)
15. ഡോ. പി. അനിത ദമയന്തി, ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷണൽ കേരള (CCEK)
16. ശ്രീമതി ജെസ്സി ജോസഫ്, അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ.
17. ശ്രീ. ഹൈദ്രു, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്

18. ശ്രീ. എ. ജെയിംസ് രാജ്, ജോയിന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
19. ശ്രീ. എം. എസ്. ബിജുക്കുട്ടൻ, ജോയിന്റ് സെക്രട്ടറി, പ്ലാനിംഗ് & ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്
20. ഡോ. ജി. പി. പത്മകുമാർ, രജിസ്ട്രാർ, എ.പി.ജെ. അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി & മാനേജിംഗ് ഡയറക്ടർ, സി-ആപ്റ്റ്
21. ഡോ. എസ്. ഡേവിഡ് പീറ്റർ, രജിസ്ട്രാർ, കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്)
22. ഡോ. ബാലചന്ദ്രൻ കീഴോത്ത്, രജിസ്ട്രാർ, കണ്ണൂർ സർവ്വകലാശാല
23. ഡോ. ആർ. ബിജുകുമാർ, പ്രിൻസിപ്പാൾ, ഗവൺമെന്റ് ലോ കോളേജ്, തിരുവനന്തപുരം
24. ശ്രീ. സോമൻ പി. മാളുട്ടത്തിൽ, പ്രിൻസിപ്പാൾ, ഗവൺമെന്റ് ലോ കോളേജ്, തൃശ്ശൂർ
25. ഡോ. ബിന്ദു എം. നമ്പ്യാർ, പ്രിൻസിപ്പാൾ,. ഗവൺമെന്റ് ലോ കോളേജ്, കോഴിക്കോട്
26. ഡോ. കെ. ആർ. രഘുനാഥൻ, പ്രിൻസിപ്പാൾ, ഗവൺമെന്റ് ലോ കോളേജ്, എറണാകുളം
27. ശ്രീ. കെ. അൻവർ സാദത്ത്, വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE)
28. ശ്രീമതി മേരി ബാബു, അസിസ്റ്റന്റ് ഡയറക്ടർ (ഫിനാൻസ്), കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗ് (സി-ആപ്റ്റ്).

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XVII-ന്റെ കീഴിൽ വരുന്ന പൊതുവിദ്യാഭ്യാസം, ആസൂത്രണ സാമ്പത്തികകാര്യം, ഉന്നതവിദ്യാഭ്യാസം, സാംസ്കാരികകാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2202, 2203 എന്നീ ശീർഷകങ്ങൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

മലയാളം മിഷന്റെ പഠന കേന്ദ്രങ്ങൾ എല്ലായിടത്തും തുടങ്ങുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 6.11 കോടി രൂപയും ജീവനക്കാരുടെ ശമ്പളവും മറ്റ് ഓഫീസ് ചെലവുകളും തടസ്സം കൂടാതെ നടത്തുന്നതിനായി പദ്ധതിയേതരയിനത്തിൽ 1.01 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

കേരള ബുക്ക് മാർക്കറ്റിംഗ് സ്ഥാപനത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പുസ്തക വില്പന പരമാവധി വർദ്ധിപ്പിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.5 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, സ്ഥാപനത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പദ്ധതിയിനത്തിൽ 3 കോടി രൂപയും ദിവസ-കരാർ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം നൽകുന്നതിനും ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനുമായി പദ്ധതിയേതര ഇനത്തിൽ 3 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളവും മറ്റും നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 1.5945 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ കേന്ദ്രത്തിന് 2018-19 സാമ്പത്തികവർഷത്തിൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും ജീവക്കാർക്ക് ശമ്പള പരിഷ്കരണ ആനുകൂല്യം ഡി.എ. കുടിശ്ശിക എന്നിവ നൽകുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടുകൊണ്ടു പോകുന്നതിനും പദ്ധതിയേതരയിനത്തിൽ 4.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിനുവേണ്ടി അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമില്ലെന്ന് സി.ഡി.എസ്. രജിസ്ട്രാർ സമിതിയെ അറിയിച്ചു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ മിഷനിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. കൂടാതെ ഓഫീസ് സംബന്ധമായ മറ്റു ചെലവുകൾക്ക് തുക അനുവദിച്ചിട്ടില്ല. ആയതിനാൽ 2.51 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക വിതരണം ചെയ്യുന്നതിനായി 50 ലക്ഷം രൂപ അധികമായി ടീച്ചിംഗ് ഗ്രാന്റ് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംരക്ഷണ സഹായം ഗണ്യമായി വർദ്ധിച്ചതിനാൽ പുതുക്കിയ നിരക്കനുസരിച്ച് ആയത് വിതരണം ചെയ്യുന്നതിനായി എയ്ഡഡ് പ്രൈമറി സ്കൂളുകൾക്ക് 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാന എ.ഇ.ഒ. ഓഫീസുകളിലെ ജീവനക്കാരുടെ യാത്രാബത്ത, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് എന്നിവയും ഓഫീസുകളിലെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവയുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഇവയ്ക്കായി 26 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഇതിനായി 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പി.റ്റി.എ. യുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപികമാർക്കും ആയമാർക്കും നിലവിലെ നിരക്കിൽ ഓണറേറിയം വിതരണം ചെയ്യുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ യാത്രാബത്ത, അവധി യാത്രാനുകൂല്യം എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഇവയ്ക്കായി 2 ലക്ഷം രൂപ വീതം ആകെ 4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് കുടിശ്ശിക നൽകുന്നതിന് 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ജീവനക്കാർക്ക് യാത്രാബത്ത ഇനത്തിലും ഓഫീസുകളിലെ ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ്, വാടക, കരം, നികുതി കുടിശ്ശിക എന്നിവ നൽകുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ ഗവ. സെക്കണ്ടറി സ്കൂളുകളിലെ ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക നൽകുന്നതിന് 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ എയ്ഡഡ് ഹൈസ്കൂളുകളിലെ അദ്ധ്യാപകരുടെയും ഇതര ജീവനക്കാരുടെയും യാത്രാബത്ത കുടിശ്ശിക നൽകുന്നതിന് 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2018-19 വർഷത്തിലെ പുതുക്കിയ നിരക്കനുസരിച്ച് സംസ്ഥാനത്തെ എയ്ഡഡ് ഹൈസ്കൂളുകൾക്ക് സംരക്ഷണസഹായം നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 11 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ 32 ഗവൺമെന്റിതര അന്ധ, ബധിര, മൂക വിദ്യാലയങ്ങളിലെ കുട്ടികൾക്കുള്ള ബോർഡിംഗ് ഗ്രാന്റ് കുടിശ്ശിക നൽകുന്നതിനായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ 7 ഗവൺമെന്റ് ബധിര, മൂക, അന്ധ വിദ്യാലയങ്ങളിലെ മറ്റു ചെലവുകൾ (ഡയറ്റ് ചാർജ്) ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഉന്നത വിദ്യാഭ്യാസ വകുപ്പിലെ പി.ജി. ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് പത്ത് ദിവസത്തെ കോമ്പ്രിഹെൻസീവ് ഹയർ സെക്കന്ററി സ്കൂൾ ടീച്ചേഴ്സ് ഡെവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4.26 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ ഭൂരിപക്ഷം സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്കും പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളില്ല. 100-ൽ അധികം സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനുള്ള പ്രൊപ്പോസലുകൾ മതിയായ തുക ലഭ്യമല്ലാത്തതിനാൽ പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ 40 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഹൗസിംഗ് ബോർഡിന്റെ കീഴിലുള്ള കെട്ടിടത്തിലാണ് ഹയർസെക്കന്ററി ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നത്. വാടക കുടിശ്ശികയിനത്തിൽ ഹൗസിംഗ് ബോർഡിന് നൽകുന്നതിനായി 1.18 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

എസ്.സി.ഇ.ആർ.ടി. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ആയതിനാൽ 7 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സർവ്വശിക്ഷാ അഭിയാൻ IED യുടെ ഭാഗമായി സംസ്ഥാന സർക്കാർ നിയമിച്ചിട്ടുള്ള 408 റിസോഴ്സ് അദ്ധ്യാപകർക്ക് റെമ്യൂണറേഷൻ നൽകുന്നതിന് 12 കോടി രൂപയും അദ്ധ്യാപകർക്ക് ഗണിതം, ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നീ വിഷയങ്ങളിൽ കൂടുതൽ മികവ് ലഭിക്കുന്നതിന് യൂണിവേഴ്സിറ്റി, വിവിധ വിദഗ്ധ ഏജൻസികൾ എന്നിവവഴി കോഴ്സുകൾ നൽകുന്നതിന് 5 കോടി രൂപയും ചേർത്ത് ആകെ 17 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിലെ പ്രേരക്മാർക്ക് ഓണറേറിയം വിതരണം ചെയ്യുന്നതിനായി 25.55 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും അനുവദിക്കാത്തതിനാൽ 90 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഇന്ത്യയിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽനിന്നും സർവ്വകലാശാലകളിൽ നിന്നും വിദഗ്ധരെ പങ്കെടുപ്പിച്ച് വർക്ക്ഷോപ്പുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നതിനായി ഫാക്കൽട്ടി വികസനത്തിന് 65 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിന്നുള്ള പ്രശസ്തരായ അദ്ധ്യാപകരെ ക്ഷണിച്ച് വരുത്തി വിവിധ വിഷയങ്ങളിൽ ക്ലാസെടുപ്പിക്കുന്നതിനും അത് റെക്കോർഡ് ചെയ്ത് സൂക്ഷിച്ച് ആവശ്യമുള്ളപ്പോൾ പ്രദർശിപ്പിച്ച് കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി സർക്കാർ കോളേജുകളിൽ എഡ്യൂസാറ്റ് ഉപയോഗിച്ചുള്ള ടെലിപരിശീലനത്തിന് 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സർക്കാർ കോളേജുകളുടെ എണ്ണം കൂടിയതിനാലും പല വിഷയങ്ങളുടെയും ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് പഠന പദ്ധതിയിൽ പഠന യാത്ര ഉൾപ്പെടുത്തിയിട്ടുള്ളതിനാലും 8 ലക്ഷം രൂപ പഠന യാത്ര എന്ന ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു

പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങിയതുകാരണം സർക്കാർ കോളേജുകളിലെ ലൈബ്രറികൾ, ലബോറട്ടറികൾ എന്നിവ നവീകരിക്കുന്നതിനും ഡിജിറ്റൽ ലൈബ്രറി സംവിധാനം, നെറ്റ്വർക്ക് സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതിനുമായി പദ്ധതിയിനത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിവര ആശയ വിനിമയ സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്ടിവിറ്റി-സിംഗിൾ ബ്രോഡ്ബാന്റ് കണക്ടിവിറ്റി ലഭിക്കുന്നതിന് BSNL-ന് നൽകുന്നതിനായി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കോളേജിൽ സി.ഡി.സി. ഫണ്ടായി കൂടുതൽ തുക ശേഖരിക്കുന്നത് കാരണം തത്തുല്യമായ തുക നൽകുന്നതിനുവേണ്ടി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പുതിയ കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ ലഭിക്കുന്നതിനും നിലവിലുള്ള കോളേജുകളിൽ റീ-അക്രഡിറ്റേഷൻ ലഭിക്കുന്നതിനും കോളേജുകളെ സജ്ജമാക്കുന്നതിനായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ആവശ്യത്തിനായി കോൺഫറൻസ് ഹാൾ നവീകരണത്തിനും കമ്പ്യൂട്ടർ, ഇന്റർനെറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തി ആധുനികവൽക്കരിക്കുന്നതിനുമായി 1.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പുതിയ കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ ലഭിക്കുന്നതിന് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

വിവിധ ആർട്സ് & സയൻസ് കോളേജുകളുടെ കെട്ടിടം, ഹോസ്റ്റൽ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ കാലോചിതമായി മെച്ചപ്പെടുത്തുന്നതിനായി 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

നിലവിലുള്ള എല്ലാ കോളേജുകളിലെയും കുട്ടികൾക്ക് കായിക പരിശീലന/ വിദ്യാഭ്യാസത്തിന് തുക നൽകുന്നതിനുവേണ്ടി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മുന്നോക്ക വിഭാഗത്തിലുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന ഈ പദ്ധതിയിൽ അപേക്ഷകരുടെ എണ്ണം വളരെ അധികമായതിനാൽ 1.4 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സമൂഹത്തിന് പ്രയോജനകരമാകുന്ന വിധം സാമൂഹ്യശാസ്ത്ര ഭാഷാ അദ്ധ്യാപകർക്ക് സർവ്വകലാശാലകളിലും കേരളത്തിന് പുറത്ത് സെന്ററുകളിലും ഗവേഷണം നടത്തുന്നതിനുള്ള സ്കോളർഷിപ്പ് പദ്ധതി പരിഷ്കരിക്കുന്നതിനായി 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

നാല് സംഗീത കോളേജുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ ജീവനക്കാരുടെ ശമ്പളവും യാത്രാബത്തയും നൽകുന്നതിനായി 42.07 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ട്രെയിനിംഗ് കോളേജുകൾക്ക് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കായിക വിദ്യാഭ്യാസ കോളേജുകളിലെ ട്രാക്ക് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതിയിനത്തിൽ 90 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും ജീവനക്കാരുടെ യാത്രാബത്ത പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതര യിനത്തിൽ 15.33 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യു.

ഗവേഷണ പ്രവർത്തനങ്ങളിൽ മികവുപുലർത്തുന്ന വിദ്യാർത്ഥികൾക്ക് അവാർഡുകൾ നൽകുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിക്ക് 65 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ആർട്സും സയൻസും കോളേജുകളിൽ യു.ജി.സി. പദ്ധതി നടപ്പിലാക്കുമ്പോൾ അദ്ധ്യാപകർക്കുള്ള കുടിശ്ശിക നൽകുന്നതിനായി 55.96 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്കൃത കോളേജുകളിലെ അദ്ധ്യാപകരുടെ ശമ്പള കുടിശ്ശിക നൽകുന്നതിനായി 1.42 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ട്രെയിനിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ ശമ്പള കുടിശ്ശിക നൽകുന്നതിനായി 1.79 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

യു.ജി.സി. സ്കീമിനനുസരിച്ച് പ്രൊമോഷൻ നടപ്പിലാക്കുകയാണെങ്കിൽ വരുന്ന അധിക ബാധ്യത പരിഹരിക്കുന്നതിന് ഡയറക്ട് പേമെന്റ് സിസ്റ്റത്തിൻ കീഴിൽ വരുന്ന ജീവനക്കാരുടെ ശമ്പളം നൽകുന്നതിനായി 14 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ആർട്സ്, സയൻസ് ട്രെയിനിംഗ് സംഗീത അക്കാഡമി കോളേജുകളിലെ അന്ധ വിദ്യാർത്ഥികൾക്കായുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾക്കുവേണ്ടിയുള്ള അപേക്ഷകരുടെ എണ്ണം അധികമായതിനാൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഡിഗ്രി/പി.ജി. പഠനത്തിന് പ്രതിവർഷം 5,000 രൂപ നൽകുന്നതിനായി 25 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ഹിന്ദി സംസാരഭാഷയല്ലാത്ത സംസ്ഥാനങ്ങളിൽ നിന്നുള്ള പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഹിന്ദി പഠിക്കുന്നതിനുള്ള ഇന്ത്യാ ഗവൺമെന്റ് സ്കോളർഷിപ്പ് നൽകുന്നതിന് വിദ്യാർത്ഥികളുടെ എണ്ണം കൂടുതലായതിനാലും മുൻവർഷത്തെ തുക അപര്യാപ്തമായിരുന്നതിനാലും 5 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ട്രാക്കുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതിയിനത്തിൽ 90 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും ശിപാർശ ചെയ്യു.

സംഗീത കോളേജുകളുടെ യുവജനോത്സവത്തിനായി അനുവദിച്ച വിഹിതം നാല് കോളേജുകൾക്കായി വീതിച്ച് നൽകേണ്ടതിനാൽ 75,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഡയറക്ടറേറ്റിലെയും റീജിയണൽ ഡയറക്ടറേറ്റുകളിലെയും ആഫീസ് ആധുനികവൽക്കരണം സാങ്കേതിക പരീക്ഷാ കൺട്രോളർ ഓഫീസിലെ സോഫ്റ്റ്‌വെയർ നവീകരണം തുടങ്ങിയ ആവശ്യങ്ങൾക്ക് നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

നിലവിൽ തയ്യാറാക്കിയിട്ടുള്ള അക്കാദമിക്ക് മാസ്റ്റർ പ്ലാൻ പ്രകാരം വികസന പ്രവർത്തനങ്ങളും ലാബുകളുടെ നവീകരണവും നടത്തുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കായിക വിദ്യാഭ്യാസ വികസനം, വകുപ്പിനുകീഴിലെ എല്ലാ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതിന് നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഇ-ജേണലുകൾ വാങ്ങുന്നതുൾപ്പെടെയുള്ള ലൈബ്രറി ശാക്തീകരണ പ്രവർത്തനങ്ങൾക്ക് നിലവിൽ അനുവദിച്ച തുക - അപര്യാപ്തമായതിനാൽ 2.25 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പുതിയ 5 എഞ്ചിനീയറിംഗ് കോളേജുകളുടെ റവന്യൂ പദ്ധതി വിഹിതം ബഡ്ജറ്റിൽ അനുവദിച്ചതിനാൽ ശേഷിക്കുന്ന 4 കോളേജുകളെ പരിഗണിച്ച് നിലവിൽ തയ്യാറാക്കിയിട്ടുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ പ്രകാരം വികസനപ്രവർത്തനങ്ങളും ലാബുകളുടെ നവീകരണവും നടത്തുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

എഞ്ചിനീയറിംഗ് കോളേജുകളിലെ ഇന്റർഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങളിൽ, ഓരോ കേന്ദ്രത്തിനും ഏകദേശം 10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പ്രാരംഭ ദശയിലെ പ്രവർത്തനങ്ങൾക്ക് നിലവിലെ തുക അപര്യാപ്തമായതിനാൽ അധികമായി 3.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയ്ക്കായി സ്ഥലം വാങ്ങുന്നതിനും ക്യാമ്പസ് പ്രവർത്തനം ആരംഭിക്കുന്നതിനുമായി 50 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ 3 സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകുന്നതിനായി 45 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ സ്കൂളുകളിലെ അദ്ധ്യാപകർക്ക് മുൻവർഷത്തെ കുടിശ്ശിക ഉൾപ്പെടെ ഗ്രാന്റ്-ഇൻ-എയ്ഡും ഉത്സവബത്തയും അനുവദിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള 30 സർക്കാർ പോളിടെക്നിക് കോളേജുകളിലെ മറ്റിനത്തിലുള്ള ചെലവ് ഒടുക്കുന്നതിന് അനുവദിച്ച തുക അപര്യാപ്ത മായതിനാൽ 2 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള 5 സർക്കാർ വനിതാ പോളിടെക്നിക് കോളേജുകളിലെ മറ്റിനം ഒടുക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ജോയിന്റ് കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ഓഫീസിലെയും പോളിടെക്നിക് കോളേജ്, ടി. എച്ച്. എസ്. തുടങ്ങിയ സ്ഥാപനങ്ങളിലെയും പരീക്ഷ സംബന്ധമായ ചെലവുകൾ വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 64 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ 5 പുതിയ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവർക്ക് വേതനം നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ടെക്നിക്കൽ ഹൈസ്കൂളുകളെ പോളിടെക്നിക്കുകളായി ഉയർത്തുന്നതിനുവേണ്ടി മറ്റ ചെലവുകളിൽ മറ്റിനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ 6 സ്വകാര്യ പോളിടെക്നിക്ക് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകുന്നതിന് 18 ലക്ഷം രൂപ ടി ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ എൻ.സി.സി.-ക്ക് ഓഫീസ് കെട്ടിടങ്ങൾ സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 6 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തിപ്പ് തുക സർക്കാർ വർദ്ധിപ്പിച്ചതിനാൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 12,350 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ലോട്ടറി ടിക്കറ്റ് അച്ചടിക്കുന്ന വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങിക്കുന്നതിനും വേരിയബിൾ ഡാറ്റാ സിസ്റ്റം സ്ഥാപിക്കുന്നതിനും സ്ഥല സൗകര്യം ഒരുക്കുന്നതിനും സെന്ററിൽ ഇപ്പോഴുള്ള യന്ത്രസംവിധാനങ്ങൾ ആധുനികവത്കരിക്കുന്നതിനും ബഡ്ജറ്റ് വിഹിതത്തിനുപുറമേ 5 കോടി രൂപ പദ്ധതിയിനത്തിലും സെന്ററിന്റെ കെട്ടിടങ്ങളുടെ അറ്റകുറ്റപണിക്കും മെഷീനറികളുടെ അറ്റകുറ്റപ്പണിക്കുമായി പദ്ധതിയേതരയിനത്തിൽ 50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ബഡ്ജറ്റിൽ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കുന്ന എൻ.എസ്.എസ്. വോളണ്ടിയർമാർക്ക് ടാക്സ്യൂട്ട് വാങ്ങുന്നതിന് സംസ്ഥാന സർക്കാരിന്റെ വകയായി 60,000 രൂപ അനുവദിച്ച വരുന്നു. ആയതിനാൽ 2018-19 സാമ്പത്തികവർഷവും 60,000 രൂപ അനുവദിച്ച നൽകുന്നതിനും

സ്റ്റേറ്റ് എൻ.എസ്.എസ്. ഓഫീസിലെ ഔദ്യോഗിക വാഹനം ഓടിക്കുന്നതിനുള്ള ഡ്രൈവറുടെ ശമ്പളം നൽകുന്നതിനും വാഹനത്തിന്റെ ഇന്ധന ചെലവിനായും സ്റ്റേറ്റ് എൻ.എസ്.എസ്. അവാർഡ് വിതരണ നടത്തിപ്പിനായും 7 ദിവസത്തെ നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ് നടത്തുന്നതിനും പദ്ധതിയേതരയിനത്തിൽ 15.09 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

നിർമ്മാണ പ്രവർത്തനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനും ജൻഡർ ഡെവലപ്മെന്റ് പ്രവർത്തനങ്ങൾക്കും വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 6.64 കോടി രൂപയും ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനും പദ്ധതിയേതരം - സഹായധനം - ശമ്പളം ഇനത്തിൽ 39.45 കോടി രൂപയും റെഗുലേറ്ററി ബോഡികൾ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും പദ്ധതിയേതരം-ശമ്പളേതരം-ഇനത്തിൽ 12.08 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിൽ ഒരു ഹോസ്റ്റൽ നിർമ്മിക്കുന്നതിന് 2 കോടി രൂപ പദ്ധതിയിനത്തിൽ അധികമായും മലപ്പുറം എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 50 കോടി രൂപ പദ്ധതിയേതരയിനത്തിലും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കഴിഞ്ഞ പ്രാവശ്യം ഇതിനായി എസ്.ഡി.ജി.-യിൽ 50 കോടി രൂപ നിർദ്ദേശിച്ചിരുന്നെങ്കിലും ലഭിച്ചില്ലെന്നും ഭൂമി ഏറ്റെടുക്കുന്നതിനായി 30 കോടി രൂപയും കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 20 കോടി രൂപയും ആവശ്യമുണ്ടെന്നും ആകെ ഒരു കോടി രൂപയാണ് ലഭിച്ചിട്ടുള്ളതെന്നും വാടക കെട്ടിടത്തിൽ കോഴ്സ് ആരംഭിക്കുകയാണുണ്ടായതെന്നും ഇക്കൊല്ലം മൂന്നാമത്തെ ബാച്ച് പുറത്തിറങ്ങുകയാണെന്നും സമിതി അഭിപ്രായപ്പെട്ടു.

കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ വിവിധ കെട്ടിടങ്ങളുടെ നിർമ്മാണം, പൊന്നാനിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് എന്നിവയ്ക്ക് കെട്ടിടം, അടിസ്ഥാന സൗകര്യവികസനം, സമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷയ്ക്ക് സൗജന്യ പരിശീലനം തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്ന രീതിയിൽ നടപ്പിലാക്കാൻ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 7.15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

അദ്ധ്യാപക അനദ്ധ്യാപക വിഭാഗത്തിൽ പുതിയ നിയമനങ്ങളിന്മേൽ കേരള സർവ്വകലാശാലയ്ക്കുണ്ടാകുന്ന അധിക സാമ്പത്തികബാധ്യത ഒഴിവാക്കാൻ. പദ്ധതിയേതര യിനത്തിൽ 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതിശിപാർശ ചെയ്യു.

ശമ്പള പരിഷ്കരണ കടിശ്ശിക, യു.ജി.സി. പെൻഷൻ കുടിശ്ശിക, ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ, പുതുതായി നിയമനം ലഭിച്ചവർക്ക് ശമ്പളം എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 26.78 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയെ മികവിന്റെ കേന്ദ്രമായി ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തി വിഭാവനം ചെയ്തിട്ടുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനവും സമയബന്ധിതമായി നടത്തുന്നതിനും വിവിധ വകുപ്പുകളിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളും കമ്പ്യൂട്ടറുകളും വാങ്ങുന്നതിനുമായി പദ്ധതിയിനത്തിൽ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ഗസ്റ്റ് അദ്ധ്യാപകരുടെയും ദിവസവേതനജോലിക്കാരുടെയും വേതനമുൾപ്പെടെ ശമ്പളവും, അലവൻസുകളും, പെൻഷൻ ആനുകൂല്യങ്ങളും, യു.ജിസി. ശമ്പള പരിഷ്കരണവും സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണവും അദ്ധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരമുള്ള പ്രൊമോഷനുകളും ആയതിന്റെ ശമ്പള കടിശ്ശികയും, മറ്റ് ഓഫീസ് ചെലവുകളും നൽകേണ്ടതിനാൽ പദ്ധതിയേതരയിനത്തിൽ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയ്ക്ക് 49.3 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

അദ്ധ്യാപക തസ്തികകൾ വർദ്ധിപ്പിച്ചതിനാലും അദ്ധ്യാപകരുടെ ശമ്പളത്തിലും അലവൻസുകളിലും വർദ്ധനവുണ്ടായതിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയ്ക്ക് 1.92 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കോഴിക്കോട് സർവ്വകലാശാലയ്ക്ക് ആവശ്യപ്പെട്ട തുകയിൽനിന്നും അനുവദിച്ച തുകയിൽ വന്ന കുറവ് കാരണം പദ്ധതിയിനത്തിൽ 10.6 കോടി രൂപയും ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന് സർക്കാർ നടപ്പിലാക്കിയ കരാർ/ദിവസവേതന അടിസ്ഥാനത്തിലുള്ള ശമ്പള വർദ്ധനവ് നൽകുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 49.5 കോടി രൂപ പദ്ധതിയേതരയിനത്തിലും അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യു.

അനദ്ധ്യാപക തസ്തികകൾ സർക്കാരിൽനിന്നും കണ്ണൂർ സർവ്വകലാശാലയ്ക്ക് അനുവദിക്കപ്പെടുന്നതിനാൽ 4.19 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വാർഷിക പദ്ധതി രേഖയിലുൾപ്പെടുത്തി വിഭാവന ചെയ്തിട്ടുള്ള വികസന ഗവേഷണ പദ്ധതികളുടെ പൂർത്തീകരണത്തിനായി പദ്ധതിയിനത്തിൽ 7.94 കോടി രൂപയും ശമ്പളം, പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി പദ്ധതിയേതര യിനത്തിൽ 64.92 കോടി രൂപയും അധികമായി മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

എറണാകുളം ഗവൺമെന്റ് ലോ കോളേജിലെ ജീവനക്കാരുടെ വേതനം, യാത്രാ ചെലവുകൾ, വെള്ളക്കരം, വൈദ്യുതി ചെലവുകൾ, ടെലഫോൺ ചെലവുകൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 4.91 ലക്ഷം രൂപ കൂടി അനുവദിക്ക ണമെന്ന് സമിതി ശിപാർശ ചെയ്യു.

കോഴിക്കോട് ലോ കോളേജിന് ഈ സാമ്പത്തികവർഷം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, വേതനം, യാത്രാ ചെലവുകൾ, വെള്ളക്കരം, ടെലഫോൺ ചെലവ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 2.36 ലക്ഷം രൂപയും മറ്റ് ചെലവുകൾക്കായി പദ്ധതിയിനത്തിൽ 42,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

തിരുവനന്തപുരം ലോ കോളേജിന് ഈ സാമ്പത്തിക വർഷം വിവിധ അക്കാദമിക് പരിപാടികൾ, നവീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി പദ്ധതിയിനത്തിൽ 15 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, വീട്ടുവാടക, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, മറ്റ് അലവൻസുകൾ, റ്റി. എ., വെള്ളക്കരം, വൈദ്യുതി, ടെലഫോൺ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 8.73 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

4202 എന്ന ശീർഷകത്തിൽ 66 ഹെഡ് ഓഫ് അക്കൗണ്ടുകളിലായി വിദ്യാഭ്യാസ വകുപ്പിനുവേണ്ടിയുള്ള വർക്കുകൾ പൊതുമരാമത്ത് വകുപ്പ് ചെയ്യുന്നുണ്ടെന്നും അതിൽ 33 ഹെഡ് ഓഫ് അക്കൗണ്ടിൽ ഭാഗികമായി തുക അനുവദിച്ചിട്ടുണ്ടെന്നും അതോടൊപ്പം തുക അനുവദിക്കാത്തവയുമുണ്ടെന്നും വിവിധ ജില്ലകളിൽനിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ബഡ്ജറ്റ് പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നുവെന്നും അതിൽ കുറവുവന്ന തുകയാണ് സബ്ജക്ട് കമ്മിറ്റി മുമ്പാകെ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടി രുന്നതെന്നും പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

ഇലക്ട്രിക്കൽ വർക്കിനും, ബിൽഡിംഗ് വർക്കിനും ഒരുമിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കൂടുതൽ ശ്രദ്ധയുണ്ടാകണമെന്നും, 2017-18 വർഷത്തിൽ 140-ലധികം സ്കൂളുകളുടെ വർക്ക് പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ടെന്നും മുൻഗണന കൊടുത്ത് അവ വേഗത്തിലാക്കണമെന്നും കുട്ടികൾ കൂടുതൽ വരികയും

സ്കൂളുകളിൽ ക്ലാസ് റൂമുകളില്ലാതെവരികയും ചെയ്യാൻ പാടില്ലെന്നും അടുത്ത വർഷം വരുന്ന കുട്ടികളെ ഇരുത്താനുള്ള സൗകര്യമുണ്ടാക്കത്തക്ക വിധത്തിൽ പഴയതും പുതിയതുമായ സ്കൂളുകളുടെ വർക്കുകൾക്ക് പ്രത്യേക ശ്രദ്ധ നൽകണമെന്നും സമിതി നിർദ്ദേശിച്ചു

"പ്രാഥമിക വിദ്യാഭ്യാസം കെട്ടിടങ്ങൾ" എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ യാതൊരു തുകയും വകയിരുത്തിയിട്ടില്ല. ആയതിനാൽ 8.43 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

"സെക്കന്ററി സ്കൂൾ കെട്ടിടങ്ങൾ" എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 38.26 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

"അടിസ്ഥാന സൗകര്യം-ഹയർ സെക്കന്ററി വിദ്യാഭ്യാസം" എന്ന ശീർഷകത്തിൽ ഈ സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ തുക ആവശ്യമായി വരുന്ന മുറയ്ക്ക് 3.31 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

"സർക്കാർ ഹയർസെക്കന്ററി സ്കൂളുകൾക്കുള്ള ബഹുനില കെട്ടിട നിർമ്മാണം (നബാർഡ് ആർ.ഐ.ഡി.എഫ്.)" എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആവശ്യമായി വരുന്ന മുറയ്ക്ക് 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിവിധ സർക്കാർ ലോ കോളേജുകൾ ഉൾപ്പെടെ വിവിധ കോളേജുകളുടെ ഹോസ്റ്റൽ നിർമ്മാണം പുരോഗമിക്കുന്നതിനാൽ 60.10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പല സർക്കാർ കോളേജുകളിലെയും ഭൗതിക സൗകര്യ വികസനത്തിനായി "കോളേജുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിട നിർമ്മാണം (ആർ.ഐ.ഡി.എഫ്.)" എന്ന ശീർഷകത്തിൽ 10.17 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

"ഗവൺമെന്റ് കോളേജുകളിൽ വനിതാഹോസ്റ്റലുകളുടെ നിർമ്മാണം" എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ യാതൊരു തുകയും അനുവദിക്കാത്തതിനാൽ 2.36 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

"കോളേജുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ കോളേജുകൾക്കും ഹോസ്റ്റലുകൾക്കും കെട്ടിട നിർമ്മാണം (ഒറ്റത്തവണ കേന്ദ്രസഹായം)" എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 87 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

"സർക്കാർ കോളേജുകളിൽ ലാബുകളുടെയും ലൈബ്രറികളുടെയും വികസനം" എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 1.64 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

"ജി.വി. രാജ സ്കൂൾ തിരുവനന്തപുരം, സ്പോർട്സ് ഡിവിഷൻ കണ്ണൂർ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ" എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ യാതൊരു തുകയും അനുവദിക്കാത്തതിനാൽ 4.04 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ടെക്നിക്കൽ ഹൈസ്കൂളുകൾ കെട്ടിടങ്ങൾ കെട്ടിടങ്ങളുടെ പണികൾ ഏറ്റെടുത്ത് പൂർത്തിയാക്കാനുള്ളതിനാൽ 6.2535 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഒട്ടേറെ പണികൾക്ക് ഭരണാനുമതി നൽകുകയും അവ തുടർന്ന് വരുകയും ചെയ്യുന്നതിനാൽ "പോളിടെക്നിക്കുകൾ കെട്ടിടങ്ങൾ" എന്ന ശീർഷകത്തിൽ 26.6686 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

"സർക്കാർ പോളിടെക്നിക്കുകളുടെ വികസനം (ആർ.ഐ.ഡി.എഫ്.)" എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 3.74 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ബഡ്ജറ്റിൽ യാതൊരു തുകയും അനുവദിക്കാത്തതിനാൽ "പോളിടെക്നിക്ക് കെട്ടിടങ്ങൾ (ഒറ്റത്തവണ കേന്ദ്ര സഹായം)" എന്ന ശീർഷകത്തിൽ 1.36 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ കെട്ടിടങ്ങൾ എന്ന ശീർഷകത്തിൽ 1.15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

"മുൻ പദ്ധതി കാലയളവിൽ ആരംഭിച്ച പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ" എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

"മുൻ പദ്ധതി കാലയളവിൽ ആരംഭിച്ച പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ (ആർ.ഐ.ഡി.എഫ്.)" എന്ന ശീർഷകത്തിൽ തുകയൊന്നും അനുവദിക്കാത്തതിനാൽ 32.80 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

"തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്-ഒറ്റത്തവണ അധിക കേന്ദ്രസഹായം" എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ "കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ (ഒറ്റത്തവണ കേന്ദ്രസഹായം)" എന്ന ശീർഷകത്തിൽ 1 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

"രാജീവ് ഗാന്ധി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം" എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

"മറ്റ് എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം" എന്ന ശീർഷകത്തിൽ ആവശ്യമായി വരുന്ന മുറയ്ക്ക് 70 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

"ഐ.ടി.ഐ. കെട്ടിടങ്ങളുടെ മരാമത്ത് പണികൾ" എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആവശ്യമായി വരുന്ന മുറയ്ക്ക് 22.81 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

"സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് കെട്ടിടങ്ങൾ-മരാമത്ത് പണികൾ" എന്ന ശീർഷകത്തിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ ആവശ്യമായി വരുന്ന മുറയ്ക്ക് 2.6437 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

"ഐ.റ്റി.ഐ.കളിൽ സ്ത്രീകൾക്കായി ഹോസ്റ്റൽ നിർമ്മാണം" എന്ന ശീർഷകത്തിൽ ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആവശ്യമായി വരുന്ന മുറയ്ക്ക് ഈ ശീർഷകത്തിന് 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

"നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി (എൽ.എ.സി.എ.ഡി.എസ്.)" എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമേ ആവശ്യം വരുന്ന പക്ഷം 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

വൈകുന്നേരം 4 മണിക്ക് യോഗം പിരിഞ്ഞു.

# 16-2-2018-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2018 ഫെബ്രുവരി മാസം 16-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷനും ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനും, ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീനും, പ്രത്യേക ക്ഷണിതാവായി ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. കെ. സി. ജോസഫ്
3. ശ്രീ. ആർ. രാജേഷ്
4. ശ്രീ. എം. സ്വരാജ്
5. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി, പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പുകൾ
2. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
3. ശ്രീ. റ്റി. ഒ. സൂരജ്, സെക്രട്ടറി, സ്പോർട്സും യുവജനകാര്യവും വകുപ്പ്
4. ശ്രീ. ആർ. രാജശേഖരൻ നായർ, സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
5. ശ്രീ. ജി. അനിൽകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

6. ശ്രീമതി കെ. ഗീത, അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്

7. ശ്രീ. റെജികുമാർ, ഡയറക്ടർ, പുരാവസ്തു വകുപ്പ്

8. ശ്രീ. ടി. ആർ. സദാശിവൻ നായർ, ഡയറക്ടർ, സാംസ്കാരികകാര്യ വകുപ്പ്

9. ശ്രീ. പി. ബിജു, ഡയറക്ടർ, ആർക്കൈവ്സ് വകുപ്പ്

10. ശ്രീ. മഹേഷ് പഞ്ചു, സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

11. ശ്രീ. കീച്ചേരി രാഘവൻ, സെക്രട്ടറി, കേരള ഫോക്ക് ലോർ അക്കാദമി

12. ശ്രീ. റസാഖ് പയമ്പ്രോട്ട്, സെക്രട്ടറി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, കൊണ്ടോട്ടി

13. ശ്രീമതി എം. ആർ. ജയഗീത, സെക്രട്ടറി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ

14. ശ്രീ. സുദർശൻ കുന്നത്തുകാൽ, സെക്രട്ടറി, ഗുരുഗോപിനാഥ് നടനഗ്രാമം

15. ശ്രീ. എസ്. ശ്രീനിവാസൻ, സെക്രട്ടറി, മാർഗി, തിരുവനന്തപുരം

16. ശ്രീ. ആർ. എസ്. കണ്ണൻ, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്

17. ശ്രീ. പ്രമോദ് പയ്യന്നൂർ, മെമ്പർ സെക്രട്ടറി, ഭാരത് ഭവൻ

18. ശ്രീമതി രേവതി വാസുദേവൻ നായർ, ഫിനാൻസ് ഓഫീസർ, മ്യൂസിയവും മൃഗശാലയും വകുപ്പ്

19. ശ്രീ. വി. ബാബു, ഫിനാൻസ് ഓഫീസർ (ഇൻ-ചാർജ്ജ്) കേരള കലാമണ്ഡലം (കല്പിത സർവ്വകലാശാല).

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XVII-ന്റെ കീഴിൽ വരുന്ന കായികവിനോദം, കല, സംസ്കാരം, പൊതുഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2204, 2205, 4202 എന്നീ ശീർഷകങ്ങൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

കേരള സ്പോർട്സ് കൗൺസിലെ ജീവനക്കാർക്ക് ശമ്പളം, പുതുക്കിയ ഡി. എ., ഡി. എ. കുടിശ്ശിക എന്നിവയും പെൻഷൻ പറ്റിയ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും, മറ്റ് ഓഫീസ് ചെലവുകളും നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും, സ്ഥാപനത്തിലെ കായികതാരങ്ങൾ, ജീവനക്കാർ, പരിശീലകർ എന്നിവർക്ക് ഗ്രൂപ്പ് ഹെൽത്ത് ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനും, അവശത അനുഭവിക്കുന്ന മുൻകാല കായിക താരങ്ങളെ സഹായിക്കുന്ന പദ്ധതിക്കുവേണ്ടിയും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5.8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കേരള സംസ്ഥാന യുവജന കമ്മീഷനിലെ ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളവും അംഗങ്ങൾക്ക് ഓണറേറിയവും പെൻഷനും നൽകേണ്ടതിനാൽ 52.38 ലക്ഷം രൂപ അധികമായി അനുവദിക്കണ മെന്ന് സമിതി ശിപാർശ ചെയ്തു

കമ്മീഷന്റെ പുതിയ ഓഫീസ് കെട്ടിടം പണിയുന്നതിന് പദ്ധതിയിനത്തിൽ 20 ലക്ഷം രൂപയും ചെയർപേഴ്സന്റെ ഉപയോഗത്തിനായി പുതിയ വാഹനം വാങ്ങുന്നതിന് പദ്ധതിയേതരയിനത്തിൽ 13.58 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

പ്ലേഗ്രൗണ്ട് നിർമ്മാണത്തിനായി പദ്ധതിയിനത്തിൽ കൂടുതൽ തുക ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പ്ലേഗ്രൗണ്ട് നിർമ്മാണം കിഫ്ബി വഴിയാണ് നടപ്പാക്കുന്നതെന്നും കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 1000 കോടി രൂപയുടെ പദ്ധതി എല്ലാ ജില്ലകളിലുമായി നടപ്പിലാക്കുന്നുണ്ടെന്നും 256 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും കായികയുവജനകാര്യ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

യുവജന വെൽഫയർ ബോർഡിലെ ജീവനക്കാരുടെ ശമ്പളം, റ്റി.എ., ഓഫീസ് ചെലവുകൾ, പി.ഓ.എൽ. എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു

ആസ്ഥാന കേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെ റിക്രിയേഷൻ ക്ലബ്ബുകളും സംഘടനകളും എന്ന ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമില്ലെന്ന് പൊതുഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു

കേരളത്തിന്റെ തനത് സംസ്കൃതിയുടെ വ്യാപനം ലക്ഷ്യമാക്കിയും ഇതര സംസ്ഥാനങ്ങളിലും രാജ്യത്തിന് പുറത്തും സാംസ്കാരിക വിനിമയ പരിപാടികൾ സംഘടിപ്പിക്കുന്നതിനും "കേരള സംസ്കാരത്തിന്റെ വ്യാപനം" എന്ന പദ്ധതിയുടെ തുടർച്ചയ്ക്കായി സാംസ്കാരിക വെബ്സൈറ്റിൽ അധികവിവരങ്ങൾ ചേർക്കുന്നതിനും വെബ്സൈറ്റിന്റെ പ്രചാരണത്തിനും നടത്തിപ്പിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1.7 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

നാടൻ കാലാകാരന്മാരുടെയും കൈത്തൊഴിലുകാരുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് യുനെസ്കോ പോലുള്ള സംഘടനകളുടെ സഹായത്തോടെ റൂറൽ ആർട്ട് ഹബ്ബ് രൂപീകരിക്കുന്നതിനും ആദ്യഘട്ട പ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ "കലാകാരന്മാരുടെ ഉപജീവനവും പ്രാദേശിക ആർട്ട് ഹബ്ബുകളും" എന്ന ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മലയാള ഭാഷയ്ക്കും സാഹിത്യത്തിനും വിലപ്പെട്ട സംഭാവനകൾ നൽകിയ ഗുരുസ്ഥാനീയരായ സാഹിത്യകാരന്മാരെ ആദരിക്കുന്നതിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള എഴുത്തച്ഛൻ പുരസ്കാര തുക 1.50 ലക്ഷം രൂപയിൽനിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ "എഴുത്തച്ഛൻ പുരസ്കാരം" ശീർഷകത്തിൽ 3.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

പദ്ധതിയുടെ ആദ്യവർഷത്തിൽ സംസ്ഥാനത്തൊട്ടാകെ ചുരുങ്ങിയത് 250 നാട്ടരങ്ങുകളെങ്കിലും സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നതിനാൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 3.25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

നിലവിൽ പ്രസ്തുത പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ നൽകുന്നതിനായി "നിർദ്ധനരായ കലാകാരന്മാർ/ സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം" ശീർഷകത്തിൽ 1.2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

കെ.എസ്.എഫ്.ഡി.സി.-യുടെ ഉടമസ്ഥതയിലുള്ള കോഴിക്കോട് കൈരളി/ശ്രീ തിയേറ്ററിന് സമീപം പുതിയ തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനും കോർപ്പറേഷന്റെ ഒറ്റപ്പാലത്തുള്ള സ്ഥലത്ത് ഒരു ഫിലിം കോംപ്ലക്സ് സ്ഥാപിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 7 കോടി രൂപയും ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിക്കുന്ന ചിത്രങ്ങളുടെ എണ്ണം വർദ്ധിച്ചതിനാലും മുൻകാലങ്ങളിൽ നിർമ്മിച്ച ചിത്രങ്ങൾക്കുള്ള സബ്സിഡി കുടിശ്ശിക നൽകുന്നതിനുവേണ്ടിയും പദ്ധതിയേതരയിനത്തിൽ 4.6 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സംഗീത നാടക അക്കാദമിക്ക് കീഴിലുള്ള ഭരത് മുരളി തുറസ്സരങ്ങ്, കെ.ടി. മുഹമ്മദ് സ്മാരക തിയേറ്റർ, നാട്യഗൃഹം, ആർട്ടിസ്റ്റ് കോളേജ് എന്നിവ അന്താരാഷ്ട്ര നാടകോത്സവത്തിന് ഉതകുന്നവിധം അറ്റകുറ്റപണികൾ നടത്തുന്നതിനും, ആർക്കൈവ്സിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കും, അക്കാദമി വജ്രജൂബിലി ആഘോഷങ്ങൾക്കുമായി പദ്ധതിയിനത്തിൽ 2 കോടി രൂപയും ജീവനക്കാരുടെ

വേതനത്തിനും അക്കാദമി അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസ്, യാത്രബത്ത, ഓഫീസ് ചെലവുകൾ, വാഹന-ഇന്ധനം തുടങ്ങിയ ആവശ്യങ്ങൾക്കുള്ള തുക കാലാനുസൃതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പദ്ധതിയേതരയിനത്തിൽ 1.02 കോടി രൂപയും കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സാഹിത്യ അക്കാദമി വിഭാവനം ചെയ്യു പദ്ധതികളുടെ സമഗ്രമായ നടത്തിപ്പിനും വിവിധ നവീകരണ പ്രവർത്തനങ്ങൾക്കും മൺമറഞ്ഞ സാഹിത്യ കാരന്മാരുടെ സ്മാരകങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്കുമായി 1.6 കോടി രൂപ പദ്ധതിയിനത്തിലും ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും മറ്റ് ഓഫീസ് ചെലവുകൾക്കുമായി 1.2 കോടി രൂപ പദ്ധതിയേതര ഇനത്തിലും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

കണ്ണൂർ കാക്കണ്ണൻപാറ കലാഗ്രാമ വികസനത്തിനും കിളിമാനൂരിൽ രാജാ രവിവർമ്മ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനുമായി പദ്ധതിയിനത്തിൽ "കേരള ലളിതകലാ അക്കാദമി - സഹായധനം" എന്ന ശീർഷകത്തിൽ 1.7 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു

കണ്ണപുരം കലാഗ്രാമത്തിൽ മ്യൂസിയം, ലൈബ്രറി എന്നിവയുടെ നിർമ്മാണം, കണ്ണപ്പെരുവണ്ണാൻ സ്മാരക തെയ്യം കലാകേന്ദ്രത്തിനു കെട്ടിട നിർമ്മാണം, കലാഭവൻ മണി സ്മാരക ചാലക്കുടി സെന്ററിന്റെ പ്രവർത്തനം തുടങ്ങിയവയ്ക്കും മറ്റുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ "കേരള നാടൻകല അക്കാദമി" എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 13.45 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു. കൂടാതെ ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 65 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

പദ്ധതിയിന ചെലവുകളിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാൽ നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് "കേരള കലാമണ്ഡലം" എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 32.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പദ്ധതിയിതര ചെലവുകളിൽ കാര്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാലും ശമ്പളപരിഷ്കരണ കുടിശ്ശിക നൽകേണ്ടതിനാലും പദ്ധതിയേതര ഇനത്തിൽ 12.42 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് "വാസ്തു വിദ്യാ ഗുരുകുലം - സഹായധനം - ശമ്പളേതരം" എന്ന ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ 88.50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി, അന്തർദേശീയ ചലച്ചിത്രോത്സവം, ദേശീയ ചലച്ചിത്രമേള, മലയാള സിനിമയുടെ പ്രോത്സാഹനം എന്നിവയും മലയാള സിനിമയുടെ നവതി ആഘോഷങ്ങൾക്കുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്ത മായതിനാൽ പദ്ധതിയിനത്തിൽ 5.22 കോടി രൂപയും പദ്ധതിയേതരയിനത്തിൽ അന്തർദേശീയ ചലച്ചിത്രമേളയ്ക്കായി 47 ലക്ഷം രൂപയും അധികമായി വകയിരുത്തണ ണമെന്ന് സമിതി ശിപാർശ ചെയ്യു.

ദേശീയ വിവർത്തന ശിബിരം, ട്രാൻസ് ഗ്ലോബൽ ഫെസ്റ്റ്, വാമൊഴിവഴക്കം തുടങ്ങിയ വിവിധ പദ്ധതി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് "തിരുവനന്തപുരം ഭാരത് ഭവൻ" എന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 46 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 31.68 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

നിലവിലുള്ള നൃത്തമ്യൂസിയത്തെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അന്തർദേശീയ നൃത്തോത്സവം നടത്തുന്നതിനും, കലാശാല മന്ദിരം നിർമ്മിക്കുന്നതിനും "ഗുരു ഗോപിനാഥ് നടനഗ്രാമം" എന്ന ശീർഷകത്തിൽ 5.67 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി അനുവദിക്കണമെന്നും അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ശമ്പളം നൽകുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾക്കുമായി പദ്ധതിയേതരയിനത്തിൽ 32.63 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 5 ബാലഭവനുകളുടെ വിവിധ പദ്ധതി വികസന പ്രവർത്തനങ്ങൾക്കായും ജീവനക്കാരുടെ ശമ്പളത്തിനാവശ്യമായ തുക വകയിരുത്തുന്ന തിനുമായി പദ്ധതിയേതരയിനത്തിൽ 5 കോടി രൂപയും തിരുവനന്തപുരം ബാലഭവന് മാത്രമായി പദ്ധതിയിനത്തിൽ 2.0314 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രത്തിലെ വിവിധ പദ്ധതികളുടെ പൂർത്തീകരണത്തിനായും വിവിധയിനം സാംസ്കാരിക പരിപാടികളുടെ സംഘാടനത്തിനായും പ്രസ്തുത കേന്ദ്രത്തിനായി സ്ഥലമേറ്റെടുത്തതിന് കോടതി വിധിയെത്തുടർന്ന് അധിഷ്ഠണൽ കോമ്പൻസേഷൻ നൽകുന്നതിനുമായി പദ്ധതിയിനത്തിൽ 3.14 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

കൂടിയാട്ടത്തിന്റെ പരിപോഷണത്തിനും വർണ്ണാഭമായ വേഷവിധാനങ്ങൾ വാദ്യോപകരണങ്ങൾ എന്നീ ചെലവുകൾക്കും കലാകാരന്മാർക്ക് വിദഗ്ദ്ധ പരിശീലനത്തിനും മാർഗി പ്രവർത്തിക്കുന്ന കെട്ടിടത്തിലെ വെള്ളക്കര കുടിശ്ശിക അടച്ചുതീർക്കുന്നതിനുമായി 25 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയിലെ വികസന പ്രവർത്തനങ്ങൾക്കും മാപ്പിള കലാസാഹിത്യ പ്രവർത്തനങ്ങൾക്കുമായി ഈ സാമ്പത്തികവർഷം പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 3.16 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ അടിസ്ഥാന വികസനത്തിനും വിവിധോദ്ദേശ്യ സാംസ്കാരിക ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനുമായി പദ്ധതിയിനത്തിൽ 6.5 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 55 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

പൈതൃക പഠന കേന്ദ്രം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതി ചെലവുകൾക്കായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ പദ്ധതി-പദ്ധതിയേതരയിനങ്ങൾക്കായി 2018-19 വർഷത്തെ പദ്ധതിവിഹിതവും തനത് വരുമാനവും ഉൾപ്പെടെ ആകെ 19,41,800 രൂപ കണക്കാക്കുന്നു. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 57.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

സാംസ്കാരിക സംഘടനകൾക്ക് വകയിരുത്തിയിട്ടുള്ള പദ്ധതിയേതര വിഹിതത്തിന്റെ ഒരു ഭാഗം മഹാത്മാഗാന്ധി രക്തസാക്ഷിത്വ ദിനത്തിന്റെ 70-ാം വാർഷികത്തിന്റെ ഭാഗമായി നീക്കിവയ്ക്കേണ്ടിവരുമെന്നും, സെമിനാർ, പുസ്തകം പ്രദർശനം, ഘോഷയാത്ര എന്നിവ ഉൾപ്പെടെ ഒരു വർഷം നീണ്ടുനിൽക്കുന്ന വിപുലമായ പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നതെന്നും ഒക്ടോബർ 2 മുതൽ ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ അടിസ്ഥാനത്തിൽ ഒരു മാസം നീണ്ടുനിൽക്കുന്ന സമാനമായ അനുബന്ധ പരിപാടികളും സംഘടിപ്പിക്കുന്നുണ്ടെന്നും യൂണിവേഴ്സിറ്റി തലത്തിൽ കോളേജുകളിൽ വിവിധ പരിപാടികളും സ്കൂളുകളെ അടിസ്ഥാനപ്പെടുത്തി നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ പ്രബന്ധമത്സരം, കവിതാ മത്സരം, പ്രസംഗമത്സരം എന്നിവയും ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കുടുംബ സംഗമങ്ങളും നടത്താനുദ്ദേശിക്കുന്നുവെന്നും സാംസ്കാരിക വകുപ്പിന്റെ മിക്ക പരിപാടികളും രക്തസാക്ഷിത്വദിനവുമായി ബന്ധപ്പെടുത്തിയായിരിക്കും ഈ ഒരു വർഷം സംഘടിപ്പിക്കുന്നതെന്നും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ എ. കെ. ബാലൻ അറിയിച്ചു.

പുരാവസ്തു വകുപ്പിന് സ്ഥലം വാങ്ങി ആസ്ഥാന മന്ദിരം പണിയുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

പഴശ്ശികോവിലകം വാങ്ങുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ "ജില്ലാതലത്തിലുള്ള പുരാവസ്തു/പൈതൃക മ്യൂസിയം" എന്ന ശീർഷകത്തിൽ 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തിരൂരങ്ങാടിയിലുള്ള പൈതൃക മ്യൂസിയത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് സമിതി ആരാഞ്ഞതിൽ മലപ്പുറം ജില്ലയുടെ പൈതൃക മ്യൂസിയമായാണ് തിരൂരങ്ങാടി പൈതൃക മ്യൂസിയത്തെ വിഭാവനം ചെയ്തിട്ടുള്ളതെന്നും കളക്ടർ, താലൂക്ക് ഓഫീസർ, തഹസീൽദാർ എന്നിവരുമായി ബന്ധപ്പെട്ടപ്പോൾ കെട്ടിടത്തിൽ നിന്ന് രണ്ടുമാസത്തിനുള്ളിൽ ഒഴിയാമെന്ന് സമ്മതിച്ചിട്ടുണ്ടെന്നും അവർ ഒഴിയുന്ന മുറയ്ക്ക് പൈതൃക മ്യൂസിയത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണെന്നും പുരാവസ്തു വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

വാട്ടർ ചാർജിനത്തിൽവന്ന കുടിശ്ശിക തീർക്കണമെന്നുള്ള വാട്ടർ അതോറിറ്റിയുടെ നിർദ്ദേശം നടപ്പിൽ വരുത്തുന്നതിന് അധിക ഫണ്ട് ആവശ്യമായതിനാൽ "ആർട്ട്മ്യൂസിയം ഉൾപ്പെടെയുള്ള മ്യൂസിയം" എന്ന ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിൽ പെരളശ്ശേരി പഞ്ചായത്തിൽ എ.കെ.ജി. സ്മൃതി മ്യൂസിയവും സ്മാരകവും സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച അധികതുകയായ 10 കോടി രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

ലൈബ്രറിയുടെ കമ്പ്യൂട്ടർവത്കരണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 85 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു. കൂടാതെ കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ ആസ്ഥാന മന്ദിര നിർമ്മാണം, ലൈബ്രറികൾക്കുള്ള ഗ്രാന്റ് വർദ്ധനവ്, ലൈബ്രേറിയൻ അലവൻസ് വർദ്ധനവ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 69.5 കോടി രൂപ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്തു.

കഴിഞ്ഞ 10 വർഷമായി കേരള സംഗീത നാടക അക്കാദമി പദ്ധതി ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്ന അന്താരാഷ്ട്ര നാടകോത്സവം സംഘടിപ്പിക്കുന്നതിനായി "തിയേറ്റർ ഫെസ്റ്റിവൽ" എന്ന ശീർഷകത്തിൽ 3 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

യോഗം രാവിലെ 11 മണിക്ക് പിരിഞ്ഞു.

# 20-2-2018-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI, 2018 ഫെബ്രുവരി മാസം 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക്, നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീനും പ്രത്യേക ക്ഷണിതാവായി ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ശിപാർശ നമ്പർ 10-ലെ നാലാമത്തെ വരിയിലെ "11814.23 ലക്ഷം രൂപ" എന്നത് "1.18 കോടി രൂപ" എന്നാക്കാൻ തീരുമാനിച്ചു.

ശിപാർശ നമ്പർ 27-ലെ രണ്ടാമത്തെ വരിയിലെ "418.67 ലക്ഷം രൂപ" എന്നത് "4.19 കോടി രൂപ" എന്നാക്കാൻ തീരുമാനിച്ചു.

ശിപാർശ നമ്പർ 69-ൽ "കഴിഞ്ഞ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ പ്രസ്തുത ആവശ്യത്തിനായി തുക ആവശ്യപ്പെട്ടിട്ടും അനുവദിച്ചില്ല" എന്ന വാചകം കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു.

ശിപാർശ നമ്പർ 121-ൽ നാലാമത്തെ വരിയിൽ "422 ലക്ഷം രൂപയും" എന്നത് "522 ലക്ഷം രൂപയും" എന്നാക്കിമാറ്റാൻ തീരുമാനിച്ചു.

ശിപാർശ നമ്പർ 124-ൽ "ശമ്പളം നൽകുന്നതിന് പദ്ധതിയേതര ഇനത്തിൽ 88.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു."

ശിപാർശ നമ്പർ 134-ലെ ആദ്യത്തെ വരിയിലെ "നിയോജക മണ്ഡലത്തിൽ" എന്നതിനുശേഷം "പെരളശ്ശേരി പഞ്ചായത്തിൽ" എന്ന വാക്കുകൾ ഉൾപ്പെടുത്തണമെന്ന് സമിതി തീരുമാനിച്ചു.

സമിതി യോഗം രാവിലെ 11.30-ന് പിരിഞ്ഞു.

## 26-3-2018-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2018 മാർച്ച് 26-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിനുശേഷം നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. റ്റി. വി. രാജേഷ്
2. ശ്രീ. എം. സ്വരാജ്
3. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി.

സമിതി, സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം എന്ന വിഷയത്തിന്മേലുള്ള കരട് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

കരട് റിപ്പോർട്ടിലെ പേജ് നമ്പർ 3-ലെ ഒന്നാമത്തെ ഖണ്ഡികയിലെ നാലാമത്തെ വരിയിലെ "മദ്യം, ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗം വർജ്ജിക്കുന്നത്" എന്നതിന് പകരം "മദ്യസത്കാരം ഒഴിവാക്കുന്നതും ലഹരി വസ്തുക്കളുടെ ഉപയോഗം വർജ്ജിക്കുന്നതും" എന്നാക്കാൻ സമിതി തീരുമാനിച്ചു.

പേജ് നമ്പർ 6-ലെ മൂന്നാമത്തെ ഖണ്ഡിക ഒഴിവാക്കാൻ തീരുമാനിച്ചു.

പേജ് നമ്പർ 7-ലെ ഒന്നാമത്തെ ഖണ്ഡികയിലെ "അൺ എയ്ഡഡ്" "പ്രശസ്തരായ" എന്നീ വാക്കുകൾ ഒഴിവാക്കാൻ തീരുമാനിച്ചു.

പേജ് നമ്പർ 8-ലെ നാലാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിൽ "ഈ വിഷയത്തിൽ പ്രാവീണ്യം നേടിയ ഒരു അദ്ധ്യാപകനെ ഓരോ സ്കൂളിലും നിയമിക്കുന്നതിന് " എന്ന വാചകം ഒഴിവാക്കാൻ തീരുമാനിച്ചു.

പേജ് നമ്പർ 9-ലെ രണ്ടാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിൽ "സ്കൂളുകളിൽ കൂടുതൽ" എന്നീ വാക്കുകൾക്ക് പകരം "എല്ലാ സ്കൂളുകളിലും" എന്നാക്കാൻ തീരുമാനിച്ചു.

പേജ് നമ്പർ 10-ലെ ഒന്നാമത്തെ ഖണ്ഡികയിലെ "ആയതിനാൽ കോളേജുകളിൽ പഠിതാക്കൾക്ക് പ്രായപരിധി നിശ്ചയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു" എന്ന അവസാനത്തെ വാചകം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

പേജ് നമ്പർ 10-ലെ മൂന്നാമത്തെ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ നിയമസാധുത സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിൽനിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു.

പേജ് നമ്പർ 11-ലെ മൂന്നാമത്തെ ഖണ്ഡിക താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തുവാൻ തീരുമാനിച്ചു. "സംസ്ഥാനത്ത് മയക്കുമരുന്ന് എത്തിക്കുന്നതിൽ ഇതര സംസ്ഥാന തൊഴിലാളികളടക്കം പങ്കുവഹിക്കുന്നവരെ കേന്ദ്രീകരിച്ച് ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ പോലീസ്/എക്സൈസ് വകുപ്പുകളുടെ നേതൃത്വത്തിൽ പരിശോധന നടത്തേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു."

പേജ് നമ്പർ 11-ലെ നാലാമത്തെ ഖണ്ഡികയിലെ ആദ്യത്തെ വരിയിൽ "അന്യസംസ്ഥാന" എന്നത് "ഇതരസംസ്ഥാന" എന്നാക്കാനും രണ്ടാമത്തെ വരിയിൽ "ബോധവത്കരണം" എന്നതിനുശേഷം "ഇംഗ്ലീഷ്/ഹിന്ദി" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കാനും തീരുമാനിച്ചു.

കോളേജ് തലത്തിൽ ലഹരിക്കെതിരെ ഒരു ഷോർട്ട് ഫിലിം മത്സരം നടത്തുന്നതും സ്കൂളുകളിലെ ലഹരി വിരുദ്ധ ക്ലബ്ബുകൾ കാര്യക്ഷമമാക്കുന്നതും, അദ്ധ്യാപകർക്കും രക്ഷകർത്താക്കൾക്കും ബോധവത്കരണം നൽകുന്നതും നന്നായിരിക്കുമെന്നും വിദ്യാഭ്യാസ വകുപ്പ് ഇതുമായി ബന്ധപ്പെട്ട് ഷോർട്ട് ഫിലിം തയ്യാറാക്കണമെന്നും ശ്രീ. റ്റി. വി. രാജേഷ്, എം. എൽ. എ. നിർദ്ദേശിച്ചു.

ലഹരി ഉപയോഗം മനുഷ്യനിലുണ്ടാക്കുന്ന ആരോഗ്യപരമായ പ്രശ്നങ്ങൾക്ക് ഊന്നൽ നൽകി ശാസ്ത്രീയമായ രീതിയിൽ ഒരു സിനിമ തയ്യാറാക്കണമെന്ന ശിപാർശ റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്നു സമിതി ശിപാർശ ചെയ്തു കൂടാതെ ഡ്രഗ് കൺട്രോളിനുവേണ്ടി ബ്ലോക്ക് തലത്തിൽ താലൂക്ക് വികസന സമിതി പോലെ ജനപ്രതിനിധികളും എക്സൈസ്, പോലീസ്, ആരോഗ്യം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ഒരു കോൺഫിഡൻഷ്യൽ കമ്മിറ്റി രൂപീകരിച്ച് രണ്ടു മാസത്തിലൊരിക്കലെങ്കിലും യോഗം ചേരണമെന്നും ലഹരിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സ്കൂൾ അധികൃതർക്കും രക്ഷകർത്താക്കൾക്കും ഈ കമ്മിറ്റിയെ രഹസ്യമായി അറിയിക്കാവുന്നതാണെന്നുമുള്ള ശിപാർശയും റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

2018 മാർച്ച് മാസം 28-ാം തീയതി സഭാ സമ്മേളനത്തിനുശേഷം 'സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം' എന്ന വിഷയം സംബന്ധിച്ച് തയ്യാറാക്കിയ കരട് റിപ്പോർട്ടിലെ ശിപാർശകളിലെ പ്രായോഗികതയെയും നിയമസാധുതയെയും സംബന്ധിച്ച് പൊതുവിദ്യാഭ്യാസം, ആരോഗ്യം, എക്സൈസ്, സാമൂഹ്യനീതി, ആഭ്യന്തരം എന്നീ വകുപ്പുകളിൽ നിന്നും തെളിവെടുപ്പ് നടത്തുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 4.40-ന് പിരിഞ്ഞു.

## 28-3-2018-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2018 മാർച്ച് 28-ാം തീയതി ബുധനാഴ്ച സഭാ സമ്മേളനത്തിനു ശേഷം വൈകുന്നേരം 4.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. പി. കെ. അബ്ദു റബ്ബ്, എം.എൽ.എ.
2. ശ്രീ. എം. സ്വരാജ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ഷാജഹാൻ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
2. ശ്രീ. ഋഷിരാജ് സിംഗ്, എക്സൈസ് കമ്മീഷണർ
3. ശ്രീ. കെ. വി. മോഹൻ കുമാർ, ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ
4. ശ്രീ. പി. ബി. നൂഹ്, ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വിമുക്തി
5. ശ്രീമതി ഷീബ ജോർജ്, ഡയറക്ടർ, വുമൺ & ചൈൽഡ് ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്

6. ശ്രീ. എസ്. അനന്തകൃഷ്ണൻ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഹെഡ് ക്വാർട്ടേഴ്സ്)

7. ശ്രീമതി ഡി. ബിന്ദു മോഹൻ, അഡീഷണൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ്.

സമിതി, സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം എന്ന വിഷയത്തിന്മേലുള്ള കരട് റിപ്പോർട്ടിലെ ശിപാർശകൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ശിപാർശകളിന്മേൽ താഴെപ്പറയുന്ന ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു:

കരട് റിപ്പോർട്ടിലെ ശിപാർശകൾ/നിർദ്ദേശങ്ങൾ എന്ന ഭാഗത്തിലെ ഒന്നു മുതൽ 5 വരെയുള്ള ശിപാർശകൾ സമിതി അംഗീകരിച്ചു.

ശിപാർശ നമ്പർ 6-ലെ മൂന്നാമത്തെ വരിയിൽ 'കറങ്ങി നടക്കുന്ന ചെറുപ്പക്കാരെ' എന്നതിന് പകരം 'കറങ്ങി നടക്കുന്നവരെ' എന്നാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സ്കൂൾ/കോളേജുകളിൽ കുട്ടികൾ രാവിലെ വരുമ്പോഴും വൈകുന്നേരം തിരികെ പോകുമ്പോഴും ആരെങ്കിലും മോട്ടോർ സൈക്കിളിൽ വരികയും കുട്ടികൾ ഓടി പുറത്ത് വന്ന് അതിൽ കയറിപ്പോകുകയും ചെയ്യുന്ന ഒരു പ്രവണത ഇപ്പോഴുണ്ടെന്നും, ആ സമയങ്ങളിൽ കുട്ടികളെ നിരീക്ഷിക്കാൻ എക്സൈസ്/പോലീസ് വിഭാഗങ്ങളിൽനിന്നും ആരുമില്ലെന്ന് എക്സൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു. കേരളത്തിലെ മൊത്തം സ്കൂളുകളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ എണ്ണം വളരെ കുറവാണെന്നും രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും പി.ടി.എ. ഭാരവാഹികളോ രക്ഷകർത്താക്കളോ സ്കൂളിൽ വന്ന് കുട്ടികളെ നിരീക്ഷിച്ചാൽ ഇത് ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കുമെന്ന നിർദ്ദേശം സ്കൂളുകളിലെ ഹെഡ്മാസ്റ്റർ, കോളേജ് പ്രിൻസിപ്പൽ എന്നിവർക്ക് എക്സൈസ് വകുപ്പ് നൽകിയിട്ടുണ്ടെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് നിലവിലുണ്ടെന്ന് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഹെഡ് ക്വാർട്ടേഴ്സ്) സമിതിയെ അറിയിച്ചു.

അദ്ധ്യാപകർക്കോ രക്ഷകർത്താക്കൾക്കോ നിരീക്ഷിക്കാവുന്നതാണെന്നും എങ്കിൽ മാത്രമേ ഇത് തടയാൻ സാധിക്കുകയുള്ളുവെന്നും യൂണിഫോമിലുള്ള എക്സൈസ്/പോലീസ് ഉദ്യോഗസ്ഥരെ സ്കൂൾ പരിസരത്ത് പട്രോളിംഗിന് നിയോഗിക്കണമെന്നു പറയുന്നത് പ്രായോഗികമല്ലെന്നും എക്സൈസ് കമ്മീഷണർ സമിതി മുമ്പാകെ അറിയിച്ചു.

ലഹരിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സ്കൂളുകളിലെ ഹെഡ്മാസ്റ്റർ, പി.ടി.എ. പ്രസിഡന്റ്, മദർ പി.ടി.എ.-യുടെ പ്രസിഡന്റ് എന്നിവരുൾപ്പെടുന്ന കമ്മിറ്റിയാണ് പോലീസ്, എക്സൈസ് വകുപ്പുകളെ അറിയിക്കുന്നതെന്ന് ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ സമിതിയെ അറിയിച്ചു.

പ്രസ്തുത ശിപാർശയിന്മേൽ പി.ടി.എ., രക്ഷകർത്താവ് എന്നിവരുടെ പങ്കാളിത്തവും കൂടി വേണമെന്ന് ചേർക്കാമെന്നും സമിതി നിർദ്ദേശിച്ചു.

കരട് റിപ്പോർട്ടിലെ ശിപാർശ 7 മുതൽ 11 വരെ സമിതി അംഗീകരിച്ചു.

എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന 12-ാം നമ്പർ ശിപാർശയിന്മേൽ, 2017-ൽ 2542 സ്കൂൾ/കോളേജുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ടെന്നും ബാക്കി സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എക്സൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു. ശിപാർശ നമ്പർ 12, 13 എന്നിവ സമിതി അംഗീകരിച്ചു.

ശിപാർശ നമ്പർ 14-ലെ ആദ്യത്തെ വരിയിലെ 'വിദ്യാർത്ഥികളെ കളികളിലേയ്ക്ക് ശ്രദ്ധ തിരിയ്ക്കുവാനും' എന്നതിന് പകരം 'വിദ്യാർത്ഥികളുടെ ശ്രദ്ധ കളികളിലേയ്ക്ക് തിരികെ എത്തിക്കുവാനും' എന്നാക്കാൻ സമിതി തീരുമാനിച്ചു.

ശിപാർശ നമ്പർ 15 സമിതി ചർച്ച ചെയ്തു. മയക്കമരുന്നുമായി പിടിക്കപ്പെടുന്ന വാഹനത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കി സർക്കാരിലേയ്ക്ക് കണ്ടുകെട്ടാമെന്ന് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഹെഡ് ക്വാർട്ടേഴ്സ്) സമിതിയെ അറിയിച്ചു.

മയക്കമരുന്ന് കേസിൽ പിടിക്കപ്പെടുന്ന വാഹനത്തിന്മേൽ കോടതിയാണ് തീർപ്പ് കൽപ്പിക്കുന്നതെന്നും, കോടതി നിശ്ചയിക്കുന്ന വില ലഭ്യമായാൽ മാത്രമേ വാഹനം കോടതിയിൽ നിന്നും തിരികെ ലഭിക്കുകയുള്ളുവെന്നും ഡ്രൈവറുടെ ലൈസൻസ് റദ്ദ് ചെയ്യുന്ന നടപടിയും സ്വീകരിക്കാവുന്നതാണെന്ന് ജോയിന്റ് എക്സൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു.

ലഹരി മരുന്ന് കടത്തുന്നതിനായി ഉപയോഗിച്ചത്, പിടിക്കപ്പെടുന്ന ആളിന്റെ വണ്ടിയല്ലെങ്കിൽ വണ്ടിയുടെ ഉടമസ്ഥൻ കുറ്റക്കാരനാകുമോ, വണ്ടി ഓടിച്ച ആളിന്റെ ലൈസൻസ് റദ്ദ് ചെയ്യാൻ സാധിക്കുമോ എന്നീ ചോദ്യങ്ങൾ സമിതി ഉന്നയിച്ചു.

വണ്ടി ഓടിച്ച ആളിന്റെ ലൈസൻസ് 6 മാസത്തേയ്ക്ക് റദ്ദ് ചെയ്യാവുന്നതാണെന്നും, ഒരു അപകടം സംഭവിച്ചാൽ വാഹനം ആരുടേതായാലും വാഹന ഉടമ ഒന്നാം പ്രതിയും വാഹനം ഓടിച്ചയാൾ രണ്ടാം പ്രതിയുമായിരിക്കുമെന്നും ലഹരി വസ്തുക്കൾ വാഹനങ്ങളിൽ കടത്തിക്കൊണ്ടുപോയാൽ വാഹനത്തിന്റെ ഉടമയുടെപേരിലും കേസെടുക്കുന്നതാണെന്നും എക്സൈസ് കമ്മീഷണർ സമിതിക്ക് മറുപടി നൽകി.

വാഹന ഉടമയ്ക്കും വാഹനം ഓടിക്കുന്ന ആളിനുമെതിരെ നിയമ നടപടികൾ സ്വീകരിക്കണമെന്നും ഉള്ള ശിപാർശ താഴെപ്പറയും പ്രകാരം ഭേദഗതി വരുത്താമെന്നും സമിതി അറിയിച്ചു. "കോളേജ് വിദ്യാർത്ഥികൾ മയക്കമരുന്നുമായി പിടിക്കപ്പെട്ടാൽ അവർക്കും അവർ ഉപയോഗിച്ച വാഹനത്തിന്റെ ഉടമയ്ക്കുമെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം വാഹനത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു":

ശിപാർശ നമ്പർ 16-മയക്കമരുന്നുമായി ബന്ധപ്പെട്ട് കേസെടുക്കുന്നത് നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ട്, ജുവനൈൽ ജസ്റ്റിസ് ആക്ട്, കോട്പാ (Cigarette & Other Tobacco Products Prohibition Act) എന്നീ മൂന്ന് നിയമപ്രകാരമാണെന്നും ഈ മൂന്ന് നിയമങ്ങളിലും ഇതുമായി ബന്ധപ്പെട്ട ശിക്ഷ വളരെ കുറവാണെന്നും, കോട്പാ ആക്ട് പ്രകാരം 1000 ടൺ മയക്കമരുന്ന് പിടിച്ചെടുത്താലും 200 രൂപ മാത്രമാണ് ഫൈൻ ഈടാക്കുന്നതെന്നും, ക്വാണ്ടിറ്റി അനുസരിച്ച് ഫൈൻ ഈടാക്കാനുള്ള പ്രൊവിഷനുണ്ടാകണമെന്നും മുൻകാലങ്ങളിൽ ഒരു ഗ്രാം കഞ്ചാവുമായി പിടിക്കപ്പെട്ടാൽ ജാമ്യം ലഭിക്കാൻപോലും പ്രയാസമായിരുന്നുവെന്നും അതിപ്പോൾ ഒരു കിലോഗ്രാം ആക്കി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും പിടിക്കപ്പെടുന്ന കഞ്ചാവിന്റെ കുറഞ്ഞ അളവ് 100 ഗ്രാം ആണെങ്കിൽപ്പോലും ജാമ്യം നൽകാൻ പാടില്ലെന്ന നിർദ്ദേശം വച്ചിട്ടുണ്ടെന്നും എക്സൈസ് കമ്മീഷണർ സമിതി മുമ്പാകെ അറിയിച്ചു

എത്ര കുറഞ്ഞ അളവിൽ കഞ്ചാവ് കൈവശം വച്ചാലും പരമാവധി ശിക്ഷ നൽകണമെന്നും 18 വയസ്സിനു താഴെയുള്ള ഒരാൾക്ക് കഞ്ചാവ് നൽകിയാൽ അതിന് ശിക്ഷ നൽകണമെന്നും സമിതി നിർദ്ദേശിച്ചു

ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം പ്രായപൂർത്തിയാകാത്ത ഒരാളിന് കഞ്ചാവ് നൽകിയാൽ ഏഴ് വർഷത്തെ ശിക്ഷ നൽകാനും സ്കൂൾ/കോളേജിന്റെ പരിസരത്ത് കഞ്ചാവോ മറ്റ് ഡ്രഗ്സുകളോ വിൽക്കുകയും വിതരണം നടത്തുകയും ചെയ്യുന്നവർ പിടിക്കപ്പെട്ടാൽ ഏഴ് വർഷത്തെ ശിക്ഷ നൽകാനും വ്യവസ്ഥകളുണ്ടെന്നും അതനുസരിച്ചാണ് പോലീസ് കേസെടുക്കുന്നതെന്നും, ഈ ആക്ടിൽ എക്സൈസ് വകുപ്പിന്റെ പേരില്ലെന്നും, കേരളത്തിൽ മാത്രമാണ് എക്സൈസ് ഇത്തരത്തിലുള്ള കേസുകൾ

കൈകാര്യം ചെയ്യുന്നതെന്നും ആയതിനാൽ ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ പരിധിയിൽ എക്സൈസ് വകുപ്പിനെക്കൂടി ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും എക്സൈസ് കമ്മീഷണർ സമിതിയെ അറിയിച്ചതിന്മേൽ ശിപാർശ താഴെപ്പറയും പ്രകാരം മാറ്റം വരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

"മയക്കുമരുന്നുമായി പിടിക്കപ്പെടുന്ന വ്യക്തി ഏത് പ്രായത്തിലുള്ളയാളായാലും ലഹരി മരുന്ന് എത്ര കുറഞ്ഞ അളവിലായിരുന്നാലും ലഭിക്കുന്ന ശിക്ഷയുടെ കാലാവധിയിലും പിഴ തുകയിലും കാര്യമായ വർദ്ധനവ് വരുത്തുന്ന രീതിയിൽ നിയമം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു".

ശിപാർശ നമ്പർ 17 സമിതി അംഗീകരിച്ചു. ശിപാർശ നമ്പർ 18-ൽ നിലവിൽ ഈടാക്കുന്ന ഫൈൻ ആയ 200 രൂപ വളരെ കുറവാണെന്നും ക്വാണ്ടിറ്റി അനുസരിച്ച് പിഴ ഈടാക്കാനുള്ള പ്രൊവിഷൻ വേണമെന്നും എക്സൈസ് കമ്മീഷണർ അറിയിച്ച അളവിനനുസരിച്ച് പിഴ ഈടാക്കാനുള്ള പ്രൊവിഷൻ നൽകണമെന്ന ശിപാർശയിൽ ചേർക്കാൻ സമിതി നിർദ്ദേശിച്ചു.

ശിപാർശ നമ്പർ 19-പ്രസ്തുത ശിപാർശയിലെ ആദ്യത്തെ വരിയിൽ "കാണപ്പെടുന്ന ഇതര സംസ്ഥാനത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെ" എന്നതിനുപകരം "കാണപ്പെടുന്നവരെ" എന്നാക്കാൻ തീരുമാനിച്ചു.

ശിപാർശ നമ്പർ 20-പ്രസ്തുത ശിപാർശയിലെ അവസാനത്തെ വരിയിൽ "പരിശോധന നടത്തണമെന്ന്" എന്നതിനുപകരം "പരിശോധന വ്യാപകമാക്കണമെന്ന്" എന്നാക്കാൻ തീരുമാനിച്ചു.

ശിപാർശ 21 സമിതി അംഗീകരിച്ചു.

ശിപാർശ 22-പ്രസ്തുത ശിപാർശയിലെ മൂന്നാമത്തെ വരിയിൽ "എല്ലാ ഹൈസ്കൂളുകളിലും ഹയർ സെക്കന്ററി സ്കൂളുകളിലും" എന്നതിനുപകരം "എല്ലാ സ്കൂളിലും" എന്നാക്കാൻ സമിതി തീരുമാനിച്ചു.

ശിപാർശ 23 സമിതി അംഗീകരിച്ചു.

ശിപാർശ 24 -ധാരാളം കുട്ടികൾ സ്വകാര്യ ഡി-അഡിക്ഷൻ സെന്ററുകളിൽ ലഹരി മുക്ത ചികിത്സ തേടുന്നുണ്ടെന്നും പക്ഷെ അസുഖം ഭേദപ്പെടുന്ന കുട്ടികൾ വീണ്ടും അതിലേയ്ക്കുതന്നെ തിരിച്ചുപോകുന്ന അവസ്ഥയാണ് നിലവിലുള്ളതെന്നും പലപ്പോഴും മാതാപിതാക്കൾ ഇതു സംബന്ധിച്ച് പുറത്ത് പറയാനോ മറ്റുള്ളവരുമായി ചർച്ച ചെയ്യാനോ ഇഷ്ടപ്പെടുന്നില്ലെന്നും മറ്റേതെങ്കിലും കുറ്റത്തിന് ആ കുട്ടിയെ പിടിക്കുമ്പോഴാണ് ഇത് പുറത്താകുന്നതെന്നും, അതുകൊണ്ട് ഡി-അഡിക്ഷൻ സെന്ററുകളിൽ ചികിത്സ തേടി

തിരിച്ചുപോകുന്ന കുട്ടികളുടെ രക്ഷകർത്താക്കളുമായി ഇടയ്ക്കിടയ്ക്ക് ബന്ധപ്പെടണമെന്നും ശരിയായ ജീവിതരീതിയിൽ എത്തുന്നതുവരെ മാതാപിതാക്കൾ അവരെ കൂടുതൽ ശ്രദ്ധിക്കണമെന്നും ശിപാർശയിൽ ചേർക്കുന്നത് ഉചിതമായിരിക്കുമെന്ന് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഹെഡ് ക്വാർട്ടേഴ്സ്) സമിതിയെ അറിയിച്ചു

മെന്റൽ ഹെൽത്ത് ആക്ട് പ്രകാരം ഒരു സൈക്യാട്രിസ്റ്റും ഒരു എം.ബി.ബി.എസ്. ഡോക്ടറും, മെയിൽ, ഫീമെയിൽ നഴ്സുമാരും, ചുറ്റുമതിലോടു കൂടിയ കെട്ടിടവും ഒരു ഡി-അഡിക്ഷൻ സെന്ററിന് ആവശ്യമാണ്. ഊളൻപാറ ഗവൺമെന്റ് മെന്റൽ ഹെൽത്ത് ഹോസ്പിറ്റലിലെ ഡി-അഡിക്ഷൻ സെന്ററടക്കമുള്ള മൂന്നുനാല് സെന്ററുകളിൽ മാത്രമാണ് ഇത്തരം സൗകര്യങ്ങളുള്ളതെന്നും, ധാരാളം ഡി-അഡിക്ഷൻ സെന്ററുകൾ സ്വകാര്യ മേഖലയിലുണ്ടെങ്കിലും ഇത്തരത്തിലുള്ള സൗകര്യങ്ങളില്ലെന്നും, മെന്റൽ ഹെൽത്ത് ആക്ടിൽ ഭേദഗതി വരുത്തിയില്ലെങ്കിൽ കേരളത്തിൽ ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാൻ സാധിക്കില്ലെന്നും, അതുപോലെ സൈക്യാട്രിസ്റ്റ് ഇല്ലെങ്കിലും ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കാൻ കഴിയില്ലെന്നും കേരളത്തിൽ ഗവൺമെന്റ് സൈക്യാട്രിസ്റ്റുകൾ കുറവാണെന്നും എക്സൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു 96 സൈക്യാട്രിസ്റ്റുകളുണ്ടെന്ന് അഡീഷണൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് സമിതിയെ അറിയിച്ചു

മെന്റൽ ഹെൽത്ത് ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു .

ശിപാർശ 24 സമിതി അംഗീകരിച്ചു

ശിപാർശ നമ്പർ 25-ലഹരി വിരുദ്ധ ബോധവത്കരണ പരിപാടിയിൽ മാത്രമല്ല ലഹരി വസ്തുക്കൾ കണ്ടെത്തുന്നതിലും വിദ്യാർത്ഥികളെ പങ്കാളികളാക്കുന്നത് നല്ലതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

സ്കൂളുകളിൽ ഇപ്പോൾ ലഹരി വിരുദ്ധ ക്ലബ്ബുകളുണ്ടെന്നും ഏതെല്ലാം കടകളിൽ ലഹരി വസ്തുക്കൾ കിട്ടുമെന്നും ആരൊക്കെ ഉപയോഗിക്കുന്നുവെന്നും വിദ്യാർത്ഥികളാണ് അറിയിക്കുന്നതെന്നും ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ സമിതിയെ അറിയിച്ചു

ശിപാർശ നമ്പർ 26 സമിതി അംഗീകരിച്ചു.

ശിപാർശ നമ്പർ 27-താലൂക്ക് വികസന സമിതി പോലെ എക്സൈസ്, പോലീസ്, ആരോഗ്യം എന്നീ വകുപ്പ് പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് മാസത്തിലൊരിക്കലോ രണ്ട് മാസത്തിലൊരിക്കലോ യോഗം ചേരണമെന്നും മയക്കുമരുന്നുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിനാണ് പ്രസ്തുത ശിപാർശ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും സമിതി അറിയിച്ചു

പ്രസ്തുത കമ്മിറ്റിയിൽ എക്സൈസ് വകുപ്പ് പങ്കെടുക്കാൻ തയ്യാറാണെന്നും 2017-ൽ എക്സൈസ് വകുപ്പ് ലഹരി മരുന്ന് ഉപയോഗം സംബന്ധിച്ച് 13777 ക്ലാസുകളെടുത്തുവെന്നും എക്സൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു.

അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും മറ്റുള്ളവർക്കും മയക്കുമരുന്നുമായി ബന്ധപ്പെട്ട വിവരങ്ങൾ രഹസ്യമായി നൽകാൻ സാധിക്കുന്നതാണെന്നും, ആരാണ് വെളിപ്പെടുത്തിയതെന്ന് പുറത്തറിയിക്കാത്തതിനാൽ ആർക്കുവേണമെങ്കിലും ധൈര്യമായി അറിയിക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ശിപാർശ നമ്പർ 27 സമിതി അംഗീകരിച്ചു.

ശിപാർശ നമ്പർ 28 സമിതി അംഗീകരിച്ചു.

ശിപാർശ നമ്പർ 29 സമിതി അംഗീകരിച്ചു.

എറണാകുളം കളക്ടേറ്റിൽ വച്ച് നടത്തിയ സിറ്റിംഗിൽ സ്കൂൾ പാർലമെന്റുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്ന വിഷയം ഡി.പി.ഐ. ഉന്നയിക്കുകയുണ്ടായിയെന്നും, ഡി.പി.ഐ.-യുടെ നിർദ്ദേശമനുസരിച്ച് സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പുകൾ മിക്കയിടങ്ങളിലും തത്വത്തിൽ നടക്കുന്നുവെന്നേയുള്ളുവെന്നും, നിലവിലുള്ള നിയമമനുസരിച്ച് സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് എല്ലാ സ്കൂളുകളിലും നടത്തണമെന്നും, തെരഞ്ഞെടുക്കപ്പെടുന്ന സ്കൂൾ പാർലമെന്റുകളുടെ നേതൃത്വത്തിൽ കുട്ടികളുടെ കലാകായിക പ്രവർത്തനങ്ങളും മറ്റും നടത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനങ്ങൾ ഇപ്പോൾ കാമ്പസിൽ ഇല്ലാതായിക്കൊണ്ടിരിക്കുകയാണെന്ന് ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ സമിതിയെ അറിയിച്ചു.

വിദ്യാർത്ഥികളുടെ ജനാധിപത്യബോധവും സാമൂഹ്യബന്ധവുമൊക്കെ ഊട്ടിയുറപ്പിക്കുന്ന തരത്തിൽ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നിലവിലുള്ള നിയമമനുസരിച്ചുതന്നെ നടത്തണമെന്നും ഡി.പി.ഐ.-യുടെ ഉത്തരവ് വേണ്ടെന്ന് തീരുമാനിക്കാൻ കഴിയില്ലെന്നും പക്ഷേ പലയിടത്തും അങ്ങനെയാണ് ചെയ്യുന്നതെന്നും അതുകൊണ്ട് ഇതുംകൂടി റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

പ്രസ്തുത റിപ്പോർട്ട് 2018 ഏപ്രിൽ 4-ാം തീയതി സഭയിൽ സമർപ്പിക്കാൻ തീരുമാനിച്ചു.

യോഗം വൈകുന്നരം 5.10-ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.